# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 52

വാല്യം - 17 | ലക്കം - 09 | ചിങ്ങം - 1201 | സെപ്റ്റംബർ - 2025





എറണാകുളം കരയോഗത്തിന്റെ 2025 – ലെ ഓണം വിപണനമേള ജനറൽ സെക്രട്ടറി
പി. രാമചന്ദ്രനും (വേണു), ബേബി ദേവിക ജി. മേനോനും ചേർന്ന് ഉദ്ഘാടനം ചെയ്തു





എറണാകുളം കരയോഗത്തിൽ ആദ്ധ്യാത്മിക മാസാചരണത്തിന്റെ ഭാഗമായി നടന്ന ശിവപുരാണ
യജ്ഞത്തിന്റെ ഉദ്ഘാടനം കരയോഗം പ്രസിഡന്റ് ശ്രീ. എ. മുരളീധരൻ നിർവഹിച്ചു.



2025 ഓഗസ്റ്റ് 15–ന് എറണാ
കുളം കരയോഗത്തിൽ നടന്ന
ദേശിയ പതാക ഉയർത്തൽ



2025 ഓഗസ്റ്റ് 15–ന്
ശ്രീരുദ്രവിലാസം സ്കൂളിൽ
നടന്ന സ്വാതന്ത്ര്യദിനാഘോഷം



എറണാകുളം കരയോഗത്തിൽ
നടന്ന മഹാഗണപതി ഹോമവും
ഭഗവതി പൂജയും



## എഡിറ്റോറിയൽ...

# അഭിമാനിക്കാം രാജ്യ പുരോഗതിയിൽ

സമീപകാലത്തായി ഭാരതം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അഭിമാനകരവും ഏതൊരു രാജ്യസ്നേഹിയെയും ആഹ്ലാദഭരിതരാക്കുന്നതുമാണ്. എല്ലാ മേഖലകളിലുമുള്ള രാജ്യത്തിന്റെ വളർച്ച ; അതും എടുത്തുപറയേണ്ടതാണ്. ലോകത്തിൽ ഏറ്റവും വേഗതയിൽ സാമ്പത്തിക വളർച്ച കൈവരിക്കുന്ന രാജ്യം നമ്മുടേതാണ് എന്നുള്ളത് ശിരസ്സുയർത്തിനിന്ന് നമുക്ക് പറയുവാൻ കഴിയും ലോകത്തിലെ അറിയപ്പെടുന്ന ആഗോള ഓഡിറ്റിങ്ങ് വിദഗ്ധരായ ഏണസ്റ്റ് ആൻഡ് യങ്ങ് പറഞ്ഞിരിക്കുന്നത് ഇപ്പോഴത്തെ വളർച്ചാ നിരക്ക് നിലനിർത്താൻ ഇന്ത്യക്ക് കഴിഞ്ഞാൽ 2038 ആകുമ്പോഴേക്കും ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ സാമ്പത്തിക ശക്തിയാകുമെന്നാണ്. ശക്തമായ സാമ്പത്തിക അടിത്തറയും, വ്യവസായിക രംഗത്ത് നിലനിൽക്കുന്ന സമാധാന അന്തരീക്ഷവും, ഭരണതലങ്ങളിൽ നിന്നുള്ള പ്രോത്സാഹനവും, ബാങ്കുകളുടെ വായ്പാനയങ്ങളും സർവോപരി തൊഴിലെടുക്കാൻ ശേഷിയുള്ള യുവജനങ്ങളുടെ എണ്ണവും എല്ലാം സാമ്പത്തിക വളർച്ചയ്ക്ക് ഏറെ ഗുണം ചെയ്യുന്ന ഘടകങ്ങളാണ്. 2025-ലെ

വാല്യം 17 ❖ ലക്കം - 9 ❖ സെപ്റ്റംബർ - 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 08 |
| വാസ്തു ശാസ്ത്രം | 09 |
| സുഭാഷിതം | 11 |
| ക്ഷേത്രങ്ങളിലൂടെ | 12 |
| നമഃശിവായ | 15 |
| അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും .......................... | 18 |
| ഹൈഡ്രജൻ ഭാവിയിലെ ഇന്ധനം | 21 |
| മഹാബലി- പുരാണത്തിലും ഭാഗവതത്തിലും | 24 |
| യാത്രാവിവരണം | 27 |
| ഓണപ്പൂക്കളം | 29 |
| ഇമ്മ്യൂണിറ്റി സംബന്ധമായ രോഗങ്ങൾ ......... | 30 |
| ദൃഗ് ദൃശ്യ വിവേകം | 45 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

കണക്കനുസരിച്ച് ഭാരതീയ ജനതയുടെ ശരാശരി പ്രായം 28.8 ആണ്. മറിച്ച് പാശ്ചാത്യരാജ്യങ്ങൾ പോകട്ടെ, ചൈനയിൽ പോലും പ്രായമായവരുടെ വർദ്ധന ഒരു പ്രശ്നമായി ഉയർന്നു വന്നിരിക്കുകയാണ്.

ജിഡിപി യുടെ അടിസ്ഥാനത്തിൽ നാം ലോകത്തിലെ നാലാമത്തെ മെച്ചപ്പെട്ട സമ്പദ് വ്യവസ്ഥയാണ് ഇപ്പോൾ - ക്രയവിക്രയ ശേഷിയുടെ അടിസ്ഥാനത്തിൽ മൂന്നാമത്തേതും. ഒരു രാജ്യത്തിന്റെ വളർച്ച അവിടുത്തെ കയറ്റുമതിയേയും ഇറക്കുമതിയേയും അടിസ്ഥാനത്തിൽ മനസ്സിലാക്കുവാൻ കഴിയും. കയറ്റുമതി കുടുതലും ഇറക്കുമതി കുറവുമായിരിക്കണം എപ്പോഴും. ഇപ്പോഴത്തെ ഭാരതത്തിന്റെ അവസ്ഥ അങ്ങനെ തന്നെയാണ്.

സാമ്പത്തിക രംഗത്തുമാത്രമല്ല സമസ്ത മേഖലകളിലും നാം പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. മരുന്നുകളുടെ കാര്യത്തിൽ പണ്ടുമുതലേ നാം ലോകത്തിലെ പ്രധാന സപ്ലയേഴ്സ് ആണ്. ഇന്ന് അതുമാത്രവുമല്ല കാർഷികോല്പന്നങ്ങളും, വസ്ത്രങ്ങളും, വാഹനങ്ങളും, യന്ത്ര സാമഗ്രിഹികളും എല്ലാം ഇവിടെനിന്നും വിവിധ രാജ്യങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്നു. അടുത്തിടെയാണ് വസ്ത്രങ്ങളുടെ കയറ്റുമതിക്കായി 40 രാജ്യങ്ങളുമായി നാം കരാർ ഒപ്പിട്ടത്. ഇലക്ട്രിക് വാഹനങ്ങൾ 100 രാജ്യങ്ങളിലേക്കാണ് നാം കയറ്റുമതി ചെയ്യുവാൻ പോകുന്നത്. ഡിഫൻസ് എക്യുപ്മെൻസിന്റെയും, ആയുധങ്ങളുടെയും കാര്യത്തിൽ അസൂയാവഹമായ വളർച്ചയാണ് നാം കൈവരിച്ചിരിക്കുന്നത് . ഇന്ത്യൻ നിർമ്മിത ആയുധങ്ങൾക്കായി ഇന്ന് രാജ്യങ്ങൾ ക്യു നിൽക്കുകയാണ്. ഓപ്പറേഷൻ സിന്ധുറിൽ നമ്മുടെ ബ്രഹ്മോസിന്റെ പ്രകടനം ലോകം അത്ഭുതാശ്ചര്യത്തോടെയാണ് നോക്കി കണ്ടത്. സർവ്വരെയും അത്ഭുതപ്പെടുത്തികൊണ്ട് ഇന്നിതാ നാം സ്വന്തമായി വ്യോമസുരക്ഷാ പദ്ധതിയും ഒരുക്കുന്നു. 'മിഷ്യൻ സുദർശൻ ചക്ര' എന്ന വ്യോമ പ്രധിരോധ സംവിധാനം ഒഡിഷ തീരത്തെ കടലിൽ വിജയകരമായി നാം പരീക്ഷിച്ചിരിക്കുന്നു. ഏതു തരത്തിലുമുള്ള ചെറുതും വലുതുമായ വ്യോമയാനങ്ങളെയും മിസ്സെയിലുകളെയുമെല്ലാം കണ്ടെത്താനും നശിപ്പിക്കാനും ശേഷിയുള്ള സംയോജിത വ്യോമപ്രതിരോധ സംവിധാനമാണിത്. മെയിഡ് ഇൻ ഇന്ത്യ പദ്ധതിപ്രകാരം നാം നമ്മുടെ സ്വന്തം സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണിത്. അഭിമാനകരമായ ഈ നേട്ടത്തെ ഹൃദയത്തിൽതൊട്ട് നമുക്ക് അഭിനന്ദിക്കാം. ഇതുപോലെ പ്രാധാന്യമുള്ളതാണ് നമ്മുടെ ഗഗൻയാൻ ബഹിരാകാശ പദ്ധതി . പ്രശാന്ത് നായർ എന്ന മലയാളി ഉൾപ്പെടെ മുന്ന് ഇന്ത്യക്കാരെ ബഹിരാകാശത്തേക്കയയ്ക്കാനുള്ള ഒരു വലിയ പദ്ധതിയാണിത് ഇതുവരെയുള്ള എല്ലാ പരീക്ഷണങ്ങളും വിജയകരമായിരുന്നു. നമ്മുടെ ഗഗൻയാനി നും യാത്രികൾക്കും എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കാം ഓരോ രംഗത്തും ശാന്തതയോടെ, സമാധാനത്തോടെ, ആത്മാഭിമാനം കൈവിടാതെ അടിവെച്ചടിവെച്ച് ഉയരങ്ങളിലേക്ക് കുതിക്കുന്ന നമ്മുടെ ഭാരതാംബയുടെ മുമ്പിൽ വിജയാർച്ചനകളോടെ ജയജയാരവം മുഴക്കാം. വന്ദേ മാതരം.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

**പ്രിയ കരയോഗാംഗങ്ങളെ,**

അങ്ങനെ ഒരു ഓണം കൂടി കടന്നുപോയിരിക്കുന്നു. ആഘോഷപൂർവ്വം ആടിത്തിമർത്തു നമ്മൾ മലയാളികൾ. മറ്റേതൊരു ആഘോഷത്തേക്കാളും മലയാളിക്ക് ഹരമാണ് ഓണാഘോഷം. ജാതിമത ഭേദമെന്യേ സർവ്വ മലയാളികളും ഒരു പോലെ ആഘോഷിക്കുന്ന ഒരു ഉത്സവം ഓണം മാത്രമാണ്. കള്ളകർക്കടകം എന്നു പറഞ്ഞ് ആക്ഷേപിച്ചിരുന്ന കർക്കിടകമാസം ഇന്ന് ആദ്ധ്യാത്മികതയുടെ ആഴങ്ങളിൽ മുങ്ങി തത്ത്വജ്ഞാനത്തന്റെ മുത്തുകൾ ശേഖരിക്കുന്ന പുണ്യമാസമായി മാറികഴിഞ്ഞിരിക്കുന്നു. തിമിർത്തു പെയ്യുന്ന പേമാരിയെ പോലും വകവയ്ക്കാതെ സത്സംഗങ്ങൾ നടക്കുന്നു. നമ്മുടെ കരയോഗത്തിലാണെങ്കിൽ കർക്കിടകം മുഴുവനും ആചാരനുഷ്ഠാനങ്ങളോടെ പുരാണേതിഹാസങ്ങളുടെ പാരായണം സപ്താഹം, നവാഹം തുടങ്ങിയവ നിറഞ്ഞ സദസ്സുകളിൽ നടത്തുവാൻ കഴിഞ്ഞു എന്നതും ചാരിതാർത്ഥ്യത്തോടുകൂടി സ്മരിക്കുകയാണിവിടെ. ആ പുണ്യകർക്കിടകത്തിൽ നിന്നും നാം ആഘോഷാരവങ്ങളുടെ ചിങ്ങപുലരിയിലെത്തി ഓണവും ആഘോഷിച്ചുകഴിഞ്ഞു.

‘കാണം വിറ്റും ഓണം ഉണ്ണണം’ എന്ന ചൊല്ല് ഇന്നാണ് കൂടുതൽ യാഥാർത്ഥ്യമായിരിക്കുന്നതെന്ന് തോന്നുന്നു. പഴയതുപോലെ ഓണം ആഘോഷിക്കുവാനായി നാം എത്ര മാത്രം ബുദ്ധിമുട്ടിയിട്ടുണ്ടാകും എന്നുള്ളത് ചിന്തിക്കാവുന്നതേ ഉള്ളൂ. ‘ഉപ്പു തൊട്ട് കർപ്പൂരം’ വരെ സകല സാധനങ്ങൾക്കും സാധാരണക്കാർക്ക് അപ്രാപ്യമായ വിധത്തിലുള്ള വിലക്കയറ്റമല്ലേ ഇപ്പോഴുണ്ടായിരിക്കുന്നത്. അരി ആയാലും പലവ്യഞ്ജനങ്ങളായാലും എല്ലാത്തിനും പൊള്ളുന്ന വില. പച്ചക്കറികളുടെ കാര്യം പറയുകയും വേണ്ട. ‘കേരം തിങ്ങും കേരളനാട്ടിൽ’ വെളിച്ചെണ്ണ വില ഏതാണ്ട് അഞ്ഞൂറിനോടടുത്തിരിക്കുന്നു. ഉപ്പ്, മണ്ണെണ്ണ, വറ്റൽമുളക്, മല്ലി തുടങ്ങി ചുരുക്കം ചില സാധാനങ്ങൾക്ക് മാത്രം കടയിൽ പോയിരുന്ന മലയാളി, നെല്ലും ഉഴുന്നും എള്ളും പച്ചക്കറികളും എല്ലാം കൃഷിചെയ്ത് സമൃദ്ധമായി വിളവെടുത്ത് സുഭിക്ഷതയിൽ ആറാടിയിരുന്ന മലയാളി, അഭിമാനത്തോടെ സ്വയം പര്യാപ്തമാണ് എന്റെ നാട് എന്ന് ഉത്ഘോഷിച്ചിരുന്ന മലയാളി, മഴമേഘങ്ങളെ നോക്കി വായും പിളർത്തി മഴയ്ക്കായി കാത്തിരിക്കുന്ന വേഴാമ്പലിനെ പോലെ ഇന്ന് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അരിവണ്ടികളും തമിഴ്നാട്ടിൽ നിന്ന് വരുന്ന പച്ചക്കറിലോറികളും കാത്തിരിക്കുയാണ് ഓണത്തിന്- ഓണത്തിന് മാത്രമല്ല ദൈനംദിനജീവിതത്തിനും മറ്റുള്ള സംസ്ഥാനങ്ങൾ കനിഞ്ഞില്ലെങ്കിൽ നാം പട്ടിണിയിൽ. മാവേലിമന്നന്റെ സർവ്വസമൃദ്ധമായിരുന്ന മലയാളനാട് എങ്ങനെ ഈ ദുഃസ്ഥിതിയിലെത്തി-ആരാണിതിനുത്തരവാദി-ഞാനത് നിങ്ങളുടെ ചിന്തയ്ക്ക് വിടുന്നു. ഇനി ഇതെല്ലാം ലഭിച്ചാലോ എത്ര വീടുകളിലാണ് ഓണവിഭവങ്ങൾ തയ്യാറാക്കുന്നത്. എത്രപേരാണ് പൂക്കളം ഇടാൻ പൂ പറിക്കുന്നത്. തമിഴന്റെ ജമന്തിയും, അരളിയും ഒക്കെ വാങ്ങി പൂക്കളം ഇട്ട് പായ്ക്കറ്റിൽ കിട്ടുന്ന ഓണവിഭവങ്ങളും ഉണ്ട് നാം സുഖലോലുപന്മാരായിരിക്കുകയാണിന്ന്. എന്നാണ് ഇതിനൊരു മാറ്റം ഉണ്ടാവുക? ഉണ്ടാകുമോ?

ഇങ്ങനെയൊക്കെയാണെങ്കിലും നാം മലയാളികൾ ഓണത്തിന്റെ ആ നല്ല ദിനങ്ങളെ സ്മരിച്ചുകൊണ്ട് വാമനന്റെ അവതാരദിനമായി തന്നെ ഓണം ആചരിക്കുന്നു. ഈ വാമനാവ

താരത്തിന്റെ ഒപ്പം തന്നെ മറ്റു പല കഥകളും പ്രചരിക്കുന്നുണ്ടെങ്കിലും നമുക്കു പ്രാധാന്യം ഉള്ളത് മഹാവിഷ്ണുവിന്റെ അവതാരമായ വാമനാവതാരമാണ്. 'ഉള്ളതുകൊണ്ട് ഓണം പോലെ' എന്ന് പറയുന്നതുപോലെ ഇന്നത്തെ ഈ സാഹചര്യത്തിലും നമുക്ക് ഓണം പഴയ സ്മരണകളെ ഉണർത്തിക്കൊണ്ട് കഴിയാവുന്നത്ര സന്തോഷത്തോടെ ആഘോഷിക്കാൻ കഴിഞ്ഞു എന്നതിൽ സന്തോഷമുണ്ട്.

എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ഏപ്രിൽ മുതൽ എല്ലാമാസവും നടന്നുവരുന്ന പരിപാടികളുടെ ഭാഗമായി, സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ നടക്കുന്ന നവരാത്രി പരിപാടികൾ വിപുലമായ രീതിയിൽ തന്നെ ആഘോഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 3 ദിവസം നൃത്തോത്സവം, 3 ദിവസം സംഗീതോത്സവം, കഥകളി, നാടകം, കുച്ചിപ്പുടി, നൃത്തസംഗീത കലാപരിപാടികൾ തുടങ്ങി 11 ദിവസം നീണ്ടുനിൽക്കുന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. എല്ലാവരേയും നവരാത്രിയാഘോഷപരിപാടിയലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ **അകായിലെ സംഗീതം** 2025 സെപ്റ്റംബർ 21-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ-ദക്ഷിണാമൂർത്തി സ്വാമികളുടെ ഗാനങ്ങൾ അവതരിപ്പിക്കുന്നു. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം **സാഹിതീയോഗം** സെപ്റ്റംബർ 28-ാം തീയതി ഞായറാഴ്ച രാവിലെ 10.30 ന് ടി.ഡി.എം. ഹാളിൽ. വിഷയം: കുമാരനാശാന്റെ ജീവിതവും കവിതകളും. അവതരണം: ശ്രീവല്ലഭൻ നായർ

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**

---

**എറണാകുളം കരയോഗം**
**ടി. ഡി. എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 സെപ്റ്റംബർ 10 മുതൽ ഒക്ടോബർ 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 11-09-2025<br>18-09-2025<br>25-09-2025<br>02-10-2025<br>09-10-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 pm - 6.00 pm |
| 2. | 13-09-2025<br>20-09-2025<br>27-09-2025<br>04-10-2025 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 3. | 17-09-2025<br>24-09-2025<br>01-10-2025<br>08-10-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല. പി. പി | 3.00 pm - 4.30 pm |
| 4. | 21-09-2025<br>05-10-2025 | ഞായർ | വേദപഠന കളരി | 10.30 am |
| 5 | 21-09-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>അകായിലെ സംഗീതം<br>ദക്ഷിണാമൂർത്തി സ്വാമികളുടെ ഗാനങ്ങൾ | 4.00 pm |
| 6. | 28-09-2025 | ഞായർ | എറണാകുളം കരയോഗം സാഹിതീയോഗം<br>കുമാരനാശാന്റെ ജീവിതവും കവിതകളും-<br>അവതരണം: ശ്രീവല്ലഭൻ നായർ | 10.30 am |

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നിലനിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നൽകി അംഗത്വം നല്കിവരുന്നു.

29-06-2025-ൽ കൂടിയ പൊതുയോഗം ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം കരയോഗം അംഗങ്ങളായിരുന്നവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ കരയോഗത്തിന്റെ നിയമാവലിക്ക് വിരുദ്ധമാകാതെ, 25000 രൂപ എന്ന അംഗത്വഫീസിൽ നിന്ന് 10000 രൂപ കുറച്ച്, 15000 രൂപയ്ക്ക് അംഗത്വം നൽകുവാൻ പൊതുയോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

**(കുടുംബം എന്ന് വിവക്ഷിക്കുന്നത് അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ എന്നിവരാണ്)**

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

**എറണാകുളം കരയോഗം**



# ബാലലോകം



പറവൂർ രാജഗോപാൽ - 9847291483

## ഓണം തന്നെ വിഷയം

**പ്രിയരെ, ഒരു സന്തോഷം പറയട്ടെ?**

പൂവിളിയുമായി വീണ്ടും ഇതാ ഓണമെത്തുന്നു. മുക്കുറ്റികളുടെ കടംകഥകളും, പൂത്തുമ്പികളുടെ പഴഞ്ചൊല്ലുകളുമായി നാടും, നഗരവും ഉണർന്നു. നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളം വാണ മഹാബലിത്തമ്പുരാനെപ്പറ്റിയുള്ള മധുരോദാര സങ്കൽപ്പങ്ങളിൽ മലയാള മനസ്സ് ആഹ്ലാദഭരിതമാവുന്നു. ജാതിമതാതീതമായി കേരളീയരെല്ലാം ഒരുപോലെ കൊണ്ടാടുന്ന ആഘോഷമാണ് ഓണം.

എങ്ങും ഓണനിലാവ് പരന്നു കഴിഞ്ഞു 'അത്തം പത്തോണം' - അങ്ങനെയാണ് ചൊല്ല് 'അത്തം വന്നടുത്തു നായരേ ചോതി പുഴുങ്ങാൻ നെല്ലിങ്ങ് തായോ' - എന്ന പഴമൊഴി പ്രസിദ്ധമാണ്.

മുറ്റങ്ങൾ വൃത്തിയാക്കി പൂക്കളങ്ങൾ വീടുകൾക്ക് മുന്നിൽ കണിയാവുന്നു. പലവർണ്ണ പൂക്കൾ കളങ്ങളിൽ കണ്ണുചിമ്മുന്നു. വിരിഞ്ഞുണർന്ന പൂക്കളുടെ കാന്തി മുറ്റത്തെ പുക്കളങ്ങളിൽ നിന്ന് നമ്മുടെ മനസ്സുകളിലേക്ക് പ്രതീക്ഷ നിറയ്ക്കുന്നു. മാവേലിനാടിന്റെ നന്മകൾ എത്ര പ്രകീർത്തിച്ചാലാണ് മതി വരിക. കവികൾ പാടി പുകഴ്ത്തിയ ഓണമെന്ന ചേതോഹരമായ ഭാവനാചിത്രം ആരാണ് അത്ര എളുപ്പം മറന്നു പോവുക..?

'അലിഖിതമായൊരു ധർമ്മം പാലി-
ച്ചുന്നതവിസ്തൃതചിന്താകർമ്മ-
പ്പൊലിമയിലന്ന് പരസ്പമൊത്തു പു-
ലർന്നു മനുഷ്യർ മഹാസത്വന്മാർ.

ഒക്കെ വെറും കിനാവുകളാണെന്ന് ശാസ്ത്രവും കളവുകളാണെന്ന് ലോകചരിത്രവും തർക്കിക്കുന്നു. എന്നാൽ ഇത് നമ്മുടെ പ്രതീക്ഷയാണ്. മനുഷ്യരെല്ലാരും ഒരു പോലെ വാഴുന്ന കാലത്തെക്കുറിച്ചുള്ള നമ്മുടെ സ്വപ്നങ്ങളാണ്. ഒരു കാലവും ഒന്നിനാലും മങ്ങലേൽപ്പിക്കാതെ നാം ഉള്ളിനുള്ളിൽ കൊണ്ട് നടക്കുന്ന ചേതോവികാരം തന്നെയാണ് ഓണം.

ഓണനിലാവിനെപ്പറ്റി മഹാകവി പി. കുറിച്ച വരികൾ-


"അല്ലിൽ കളഭച്ചെപ്പു തുറന്നിട്ടു-
മഞ്ഞപ്പൂക്കൾ ചിരിക്കുമ്പോൾ
ചേങ്ങഴക്കാറ്റിൽ തോണി കളിപ്പു-
ഓണനിലാവെ, വന്നാലും!"

പ്രകൃതിയും മനുഷ്യനും പൂത്താലമേന്തി പുത്തനുടയാടകൾ ചാർത്തി ഒരുക്കുന്ന സ്നേഹവിരുന്നാണ് ഓണം. തലമുറകളായി തുടർന്ന് പോരുന്ന ആചാരാനുഷ്ഠാനങ്ങളുടെയും, ഗുരു പാരമ്പര്യത്തിന്റെയും ആത്മീയ വിശുദ്ധി പുതുതലമുറ കണ്ടറിയുകയും ഏറ്റുവാങ്ങുകയും ചെയ്യുന്ന പുണ്യവേള.

"ഓണമേ വിഷാദത്തെ
ദ്ധിക്കരിച്ചൂർജ്ജസ്വല
പ്രാണരായിതാ നിന്നെ-
യെതിരേൽക്കുന്നു ഞങ്ങൾ (തുരുനെല്ലൂർ)

ഇന്ന് മലയാളികൾ മാത്രം ആഘോഷിക്കുന്ന ഓണം പ്രാചീനകാലത്ത് ദ്രാവിഡരുടെ മുഴുവൻ ഉത്സവമായിരുന്നു. ഓണക്കോടി, ഓണസദ്യ ഒക്കെ ഓണവുമായി ബന്ധപ്പെട്ടുള്ള പ്രാധാന്യമേറെയുള്ള ഏർപ്പാടുകളാണ്. കൈകൊ

(ശേഷം 10-ാം പേജിൽ)



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ - 9447032434

പണി ആരംഭിക്കുന്നതിനു മുമ്പ് സ്ഥലം ശരിയാക്കണം. പ്ലാൻ വരയ്ക്കുമ്പോൾത്തന്നെ വാസ്തു നോക്കണം. കഴിഞ്ഞദിവസം പോയ ഒരു വീട് പണിതുടങ്ങിയിട്ട് 9 കൊല്ലമായി. ഇതുവരെ പണികഴിഞ്ഞിട്ടില്ല. കിഴക്കും, തെക്കും റോഡുണ്ട്. രണ്ടു റോഡുകളും പറമ്പിൽ നിന്നും 120 cm താഴെയാണ് . വടക്ക്പടിഞ്ഞാറു ഭാഗത്താണ് വീട് പണിഞ്ഞിരിക്കുന്നത്. വടക്ക് 1 1/2 മീറ്ററും, തെക്ക് 10 മീറ്ററും പടിഞ്ഞാറ് 4 മീറ്ററും, കിഴക്ക് 20 മീറ്ററും തുറന്ന സ്ഥലമുണ്ട്. വടക്ക്പടിഞ്ഞാറെമൂലയിൽ കിണറും വടക്ക്കിഴക്കെ മൂലയിൽ Out House ഉം ഉണ്ട് . വീടുപണി തുടങ്ങുന്നതിന് മുമ്പുതന്നെ പണിക്കാർക്ക് താമസിക്കുന്നതിനും, വീടുപണിക്കാവശ്യമായ സാധനങ്ങൾ സൂക്ഷിക്കുന്നതിനും വേണ്ടി വടക്ക് കിഴക്കെ മൂലയിൽ നല്ലൊരു കെട്ടിടം പണിഞ്ഞു. വീടുപണി കഴിഞ്ഞാൽ Office ഉം, Guest House ഉം ആക്കാനായിരുന്നു ഉദ്ദേശം. അതിന്റെ തറ വീടിന്റെ തറയെക്കാൾ 30 cm പൊന്തിനിൽക്കുന്നു. വീട്ടിലേക്കുള്ള വഴി കിഴക്ക് മദ്ധ്യത്തിന്റെതെക്കാണ്. റോഡ് താഴ്ന്നും, പ്ലോട്ട് പൊന്തിയും നിൽക്കുന്നതുകൊണ്ട് വഴിക്കുവേണ്ടി മാറ്റിയ മണ്ണ് ഉപയോഗിച്ച് വീടിന്റെ വടക്കുകിഴക്ക് ഭാഗത്ത് മനോഹരമായ ഗാർഡൻ ഉണ്ടാക്കിയിട്ടുണ്ട്. വീടിന്റെ വടക്ക് കിഴക്കെ മൂലയിൽ ആദ്യം തന്നെ Outhouse ഉണ്ടാക്കിയതോടുകൂടി എല്ലാ കാര്യങ്ങൾക്കും തടസ്സമായി. കൂടാതെ വടക്ക് കിഴക്ക് ഉയർന്നു നിൽക്കുന്ന ഗാർഡനും.

താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതായി വന്നു.

**1.** വടക്ക് കിഴക്ക് പണിഞ്ഞ Outhouse പൊളിച്ച് തെക്ക്കിഴക്കോട്ടു മാറ്റി.

**2.** ഗേറ്റ് കിഴക്ക് വടക്കോട്ടു മാറ്റി. അവിടെനിന്നും മണ്ണടക്കം മാറ്റി ഗാർഡൻ തെക്കു പടിഞ്ഞാറെ ഭാഗത്തേക്ക് മാറ്റി.

**3.** വടക്ക് തുറന്നസ്ഥലം 150 മീറ്റർ മാത്രമുള്ളതുകൊണ്ട് തെക്ക് അതിനെക്കാൾ കുറച്ച് അതിരിട്ടു. ഇപ്പോൾ പണിവേഗത്തിൽ പുരോഗമിക്കുന്നു. ഒരു മാസത്തിനുള്ളിൽ പണിതീരുന്നതാണ്.

മറ്റൊരു വീട്ടിൽ വീടുപണിത് താമസം മാറ്റിയിട്ട് 8 കൊല്ലമായി. ആദ്യത്തെ നാലുകൊല്ലം കുഴപ്പമില്ലാതെ പോയി. ഇപ്പോൾ ബിസിനസ് എല്ലാം പൂട്ടി സ്ഥാപനങ്ങൾ വിൽക്കേണ്ടിവന്നു.

വളരെ മനോഹരമായ വീടാണ്. തെക്കോട്ടാണ് മുഖം. സാമാന്യം വലിപ്പമുള്ള നാലു കിടപ്പുമുറികളുണ്ട്. താഴെ ഒന്നും, മുകളിൽ മൂന്നും. തെക്ക് മെയിൻറോഡുണ്ട് . വീടിന്റെ സ്ഥാനം കണ്ടയാൾ പറമ്പിനെ നാലാക്കിഭാഗിച്ച് വടക്ക് കിഴക്കേഭാഗത്താണ് സ്ഥാനം കണ്ടത്. അറിയപ്പെടുന്ന തച്ചുശാസ്ത്രജ്ഞനാണ് കുറ്റിയടിച്ചത്. പടിഞ്ഞാറും തെക്കും ധാരാളം ഒഴിഞ്ഞ സ്ഥലമുണ്ട്. തെക്ക്കിഴക്കാണ് ഗേറ്റ്. വടക്കുകിഴക്കെമൂലയിൽ വടക്കും കിഴക്കും മതിലുമുട്ടി സെർവന്റ് ക്വാർട്ടേഴ്സ് ഉണ്ട്. കിണർ തെക്ക്പടിഞ്ഞാറെ മൂലയിലാണ്. പഴയ തച്ചുശാസ്ത്രപ്രകാരം കിണർ തെക്കുപടിഞ്ഞാറ് മൂലയിൽ കണ്ടിട്ടുണ്ട്. പണ്ട് പലവീടുകളും തെക്ക്ഭാഗത്ത് ധാരാളം സ്ഥലം വിട്ടാണ് പണിഞ്ഞിരുന്നത്. മരണാനന്തരക്രിയകളെല്ലാം വീടിന്തെക്കുഭാഗത്താണ് ചെയ്യുന്നത്. വീടിന്റെ

➞

തെക്കുവശത്ത് മണ്ണിട്ട് വരമ്പുണ്ടാക്കി ചെടികൾ (തെച്ചി, മന്ദാരം, മയിലാഞ്ചി) ഇവ നടാറുണ്ട്. എപ്പോഴും തെക്കേപറമ്പ് വേർതിരിച്ചിരുന്നു. ഈ വീട്ടിൽ താഴെപറയുന്ന കാര്യങ്ങൾ ചെയ്യു ന്നതിനുള്ള ഏർപ്പാടാക്കി.

**1.** വടക്ക്കിഴക്കെ മൂലയിൽ നിന്നും സെർവെന്റ് റൂം പൊളിച്ച് വടക്ക്പടിഞ്ഞാറോട്ട് മാറ്റണം.

**2.** തെക്കുവശത്ത് വടക്കുള്ള വീതിയിൽ കുറച്ച് വീടിന് സമാന്തരമായി അതിരിടണം.

**3.** പടിഞ്ഞാറുവശത്ത് വീടിനും, കിണറിനുമിട യിൽ അതിരിട്ട് കിണർ വേറെ പറമ്പിലാക്കണം.

**4.** മഴവെള്ളം വടക്കോട്ടോ, കിഴക്കോട്ടോ ഒഴു കുവാൻ പാകത്തിന് പ്ലോട്ട് ശരിയാക്കണം.

തച്ചുശാസ്ത്രവും, വാസ്തുശാസ്ത്രവും ഒന്നല്ല എന്നുള്ളത് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. തച്ചുശാസ്ത്രത്തിൽ മുറികളുടെ അളവുകൾ ക്ക് പ്രാധാന്യം കൊടുത്തിട്ടുണ്ട്. വസ്തുശാസ് ത്രത്തിൽ മുറികളുടെ ഉപയോഗമനുസരിച്ച് സ്ഥാ നങ്ങൾ നിശ്ചയിക്കുന്നു. കണ്ണിന്റെ സ്ഥാനത്ത് കണ്ണും, മൂക്കിന്റെ സ്ഥാനത്ത് മൂക്കും വേണം. അത് മറിയാലുള്ള ഭവിഷ്യത്ത് ആലോചിക്കുക.

**For free Vasthu Consulting call between 6.00 am to 6.00 pm, Mob: 9447032434**

---

(8-ാം പേജിന്റെ തുടർച്ച...)

ട്ടിക്കളി, കുമ്മിയടി, തിരുപ്പറക്കൽ എന്നിങ്ങനെ വിവിധതരം കളികളും കേട്ടുകേൾവിയുള്ള തന്നെ.

കാലം മാറിയാലും കോലം മാറരുത് എന്ന ല്ലെ ! എന്നാൽ ഇന്ന് കാലവും, കോലവുമൊക്കെ മാറിയ അവസ്ഥയാണ് നാട്ടിൽ നെൽകൃഷി തീരെയില്ല, പാടമെല്ലാം തരിശായി കിടക്കുന്നു, എവിടെയും നിലംനികത്തി മണിമാളികകൾ പണിയുന്നു. പുഴകളും കിണറുകളും വല്ലാതെ വറ്റിവരണ്ടിരിക്കുന്നു. അരിക്കും പച്ചക്കറിക്കും, പൂക്കൾക്കും നമ്മൾ തമിഴന്റെ വണ്ടി കാത്തി രിക്കുന്നു.

ഓണം എന്താണെന്നോ, മഹാബലി ആ രാണെന്നോ പോലും അറിയാത്ത കുട്ടികൾ ഇന്ന് ഏറെയുണ്ട്. ഓണത്തിന്റെ മാഹാത്മ്യം പറഞ്ഞു കൊടുത്ത്, നമ്മുടെ കുട്ടികളെ പഠിപ്പിക്കാൻ നമുക്കൊരു സമയവുമില്ല. കംപ്യൂട്ടറിൽ കുടവ യർ മാവേലിയെ കണ്ടു ചിരിയൂറുകയും എസ്. എം. എസ് വഴി ഓണാശംസകൾ കൈമാറുക യും ചെയ്യുന്ന സംസ്കാരമാണ് ഇന്ന്. അതിന് നമ്മുടെ കുട്ടികളെ പഴി പറഞ്ഞിട്ട് കാര്യമില്ല . തെറ്റ് നമ്മുടേത് മാത്രമാണ്. നമ്മൾ തന്നെ നമ്മുടെ പൈതൃകവും സംസ്കാരവും നഷ്ട്ടപ്പെടു ത്തികൊണ്ടിരിക്കുന്നു.

ഇന്ന് വീട്ടിലെ സ്ത്രീകൾക്ക് ഓണസദ്യയൊ രുക്കാൻ തത്രപ്പാടില്ല. ഓണസദ്യക്കുള്ളതെല്ലാം പാകം ചെയ്ത് പാക്കറ്റുകളിലാക്കി ലഭിക്കുന്നു. പാക്കറ്റുകൾ പൊളിച്ച് ഊണുമേശമേൽ നിര ത്തിയാൽ മതി.

കേരളത്തിൽ ഇന്ന് പാവപ്പെട്ടവരോ ദരിദ്ര രോ ഇല്ലെന്നാണ് വെയ്പ്പ്. ഉണ്ടെങ്കിൽത്തന്നെ അവർക്കെല്ലാം സൗജന്യമായി അരിയും ഓണ കിറ്റും സർക്കാർ നൽകുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ - ബാലലോകം കൂ ട്ടുകാർ ഓണത്തെപ്പറ്റി കൂടുതൽ അറിയണം. മൂല്യങ്ങൾ ചോർന്നു പോകാതെ, നമുക്ക് പ്രി യപ്പെട്ട നമ്മുടെ പൈതൃകം കാത്തുസൂക്ഷിക്ക ണം. വിദൂരതയിലെങ്കിലും ഒരു സുവർണ്ണ യുഗം പിറക്കുമെന്ന് ഉറച്ച് വിശ്വസിക്കണം. അതിനായി സ്വപ്നം കാണണം. ഈ ഓണം അതിനായുള്ള ഒരാഹ്വാനം കൂടിയാവട്ടെ! എല്ലാ കൂട്ടുകാർക്കും എല്ലാ കുടുംബാംഗങ്ങൾക്കും സമൃദ്ധിയുടെ ഒരോണക്കാലം ആശംസിക്കുന്നു. ■

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

മനോഹരമായൊരു കാട്, മരങ്ങൾ തിങ്ങി നിറഞ്ഞ ആ ആരണ്യം പ്രകൃതിരമണീയമാണ്. ഒരു ദിവസം മൂന്ന് മരങ്ങൾ അവരുടെ സ്വപ്നവും പ്രതീക്ഷയും പങ്കുവെച്ചു. ആദ്യത്തെ മരം പറഞ്ഞു "ഒരു ദിവസം ഞാനൊരു നിധി സൂക്ഷിക്കുന്ന പേടകമായി മാറും. സ്വർണ്ണവും, രത്നവും, വജ്രവും സൂക്ഷിക്കുന്ന ഒരു പെട്ടി. എനിക്ക് രാജകൊട്ടാരത്തിലാകാം സ്ഥാനം". രണ്ടാമത്തെ മരത്തിന്റെ ഊഴം "ഞാൻ ഒരു കപ്പലായി മാറിയേക്കാം. രാജാക്കന്മാരും റാണിമാരും ലോകം മുഴുവൻ സഞ്ചരിക്കുന്ന ഒരു ആഡംബരക്കപ്പൽ, ഒരു തുറമുഖത്തിൽ നിന്ന് മറ്റൊരു തുറമുഖത്തിലേക്കുള്ള യാത്ര എത്ര സുന്ദരം". അവസാനം മൂന്നാമത്തെ മരം തന്റെ ആഗ്രഹം പ്രകടിപ്പിച്ചു. ഈ കാട്ടിലെ ഏറ്റവും പൊക്കം കൂടിയ മരമായിരിക്കും ഞാൻ. ജനം വിചാരിക്കും ഞാൻ ദൈവത്തിന്റെയും സ്വർഗ്ഗത്തിന്റെയും ഏറ്റവും അടുത്താണെന്ന്. ഭക്ത്യാദര പുർവ്വം ലോകജനത എന്നെ വീക്ഷിക്കും.

മുന്ന് മരങ്ങളും രാപകലന്യേ അവരുടെ സ്വപ്നസാക്ഷാത്കാരത്തിനായി പ്രാർത്ഥിച്ചു. ഒടുവിൽ മരക്കച്ചവടക്കാർ ഒരു ദിവസമെത്തി. ആദ്യത്തെ മരത്തിനടുത്തെത്തിയ അയാൾ പറഞ്ഞു. "ഇത് ഒരു കലാകാരന് കൈമാറാം. അയാൾ അത് വേണ്ടവിധം അയാളുടെ കലാവിരുത് ഉപയോഗിച്ച് നല്ല ഉരുപ്പടികളാക്കി മാറ്റും". ആദ്യത്തെ മരം ആഹ്ലാദിച്ചു. നല്ല മരമായതിനാൽ അയാൾ നല്ല പേടകം നിർമ്മിക്കും. അതീവ സന്തോഷമായി, ആഗ്രഹം സാഫല്യമെന്നു കരുതി. മറ്റൊരാൾ രണ്ടാമത്തെ മരത്തിനടുത്തെത്തിയിട്ട് പറഞ്ഞു. "ഈ മരം ഞാൻ മുറിച്ച് ഒരു കപ്പൽ നിർമ്മാണ കമ്പിനിക്ക് കൊടുക്കും. അവർ ഒരു ആഡംബരക്കപ്പലക്കി രൂപാന്തരപ്പെടുത്തും". ഇതിൽപ്പരം രണ്ടാമത്തെ മരത്തിനെന്താ വേണ്ടത്.

മൂന്നാമത്തെ മരത്തിനടുത്തെത്തിയ കച്ചവടക്കാരൻ പറഞ്ഞു. "ഇതിന് ഏറ്റവും പൊക്കമുള്ള മരമെന്ന് അഹങ്കാരമുണ്ട്. അത് ഇല്ലാതാക്കണം". ആ മരം മനംനൊന്ത് കരഞ്ഞു.

പറഞ്ഞതിന് വിരുദ്ധമായി ആദ്യത്തെ മരത്തെ ഒരു പശുത്തൊഴുത്ത് നിർമ്മിക്കാനാണ് ഉപയോഗിച്ചത്. രണ്ടാമത്തെ മരത്തെ ഒരു മത്സ്യബോട്ടാക്കാനും ഉപയോഗിച്ചു. രണ്ടുമരങ്ങളും സങ്കടത്തിലായി. മൂന്നാമത്തെ മരം മുറിച്ച് കഷണങ്ങളാക്കി സൂക്ഷിച്ചു.

വർഷങ്ങൾ കടന്നു പോയി. മരങ്ങൾ സ്വപ്നങ്ങൾ ഉപേക്ഷിച്ചു. ഒരു ദിവസം പശുത്തൊഴുത്തിൽ ഒരു കുഞ്ഞിന് ജന്മം നൽകി ഒരമ്മ. അത് യേശുദേവൻ ആണെന്നറിഞ്ഞപ്പോൾ ലോകത്തിന്റെ നിധിയാണ് ഞാൻ സൂക്ഷിക്കുന്നതെന്ന് അഭിമാനിച്ചു. പിന്നൊരിക്കൽ ഒരു ഗുരുവും ശിഷ്യന്മാരും മത്സ്യബോട്ടിൽ യാത്ര ചെയ്തു. അത് രാജാക്കന്മാരിൽ രാജാവാണെന്നറിഞ്ഞപ്പോൾ ആ മരം ആനന്ദബാഷ്പം പൊഴിച്ചു. കഷണങ്ങളായി കിടന്നിരുന്ന മരം "കുരിശ്" ഉണ്ടാക്കാനുപയോഗിച്ചു. അതിൽ ക്രിസ്തുവിനെ തറച്ചു. ഉയർത്തെണീറ്റതുമുതൽ ആ മരവും ലോക ബഹുമാനം പിടിച്ചു പറ്റി.

ഇതിൽ നിന്നും വ്യക്തമാകുന്നത് നാം വിചാരിക്കുന്നതല്ല കൈവരിക്കുന്നത്. ദൈവം തീരുമാനിക്കും അത് നടപ്പിലാക്കും ആ ചിന്ത നമ്മെ നിരാശയിൽ നിന്ന് സംരക്ഷിക്കും. ■

ക്ഷേത്രങ്ങളിലൂടെ

# അനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

ഇന്ദിരാഭായി - 8078552892

(തുടർച്ച.....)

അനന്തപുരം ക്ഷേത്രപരിസരങ്ങളെല്ലാം ചെങ്കൽപ്പാറകളാണ്, ഈ ചെങ്കൽപ്പാറകൾ പ്രകൃതി തന്നെ നിർമ്മിച്ച കോട്ടയായി ക്ഷേത്രത്തെ സംരക്ഷിക്കുന്നു. ഈ പ്രദേശത്ത് ജനവാസം കുറവാണ്. വിശാലമായി കാണപ്പെടുന്ന ഈ സ്ഥലത്ത് ക്ഷേത്രത്തിലേക്കുള്ള പ്രവേശന കവാടം കാണാം. അവിടെനിന്നും താഴേക്ക് പടിക്കെട്ടുകളിറങ്ങി ചെല്ലുമ്പോൾ 4 അടിയോളം ഉയരവും ചെങ്കല്ലിൽ തീർത്ത ബലിക്കല്ലും കാണാം. ബലിക്കല്ലിനെ വന്ദിച്ച് വീണ്ടും പടികളിറങ്ങുമ്പോൾ ഇരുവശങ്ങളിലുമായി ഹനുമാൻ സ്വാമിയുടെയും ഗരുഡ ഭഗവാന്റെയും കരിങ്കൽ പ്രതിമകൾ കാണാം. വീണ്ടും മുന്നോട്ടു നടന്ന് വലിയമ്പലത്തിലെത്താം. വലിയമ്പലവും ശ്രീകോവിലും തമ്മിൽ ഒരു കരിങ്കൽ പാലം കൊണ്ട് ബന്ധിപ്പിച്ചിരിക്കുന്നു. ഈ ക്ഷേത്രം കാണുമ്പോൾ തടാകത്തിൽ നിന്നും പൊന്തി വന്നതാണോ എന്ന് തോന്നും. പാലത്തിനടിയിലൂടെ വെള്ളം ഒഴുകികൊണ്ടിരിക്കുന്നതിനാൽ ശ്രീകോവിലിനു ചുറ്റും വെള്ളം നിറഞ്ഞു കിടക്കുന്നു. എന്നാൽ വലിയ മഴക്കാലത്തും ഈ കുളത്തിലെ ജലനിരപ്പ് ഉയരാറില്ല. വേനലായാലും മഴയായാലും ഈ കുളത്തിലെ ജലനിരപ്പിന് ഒരു മാറ്റവും ഇല്ല എന്നതും ഒരു അപൂർവ്വതയാണ്. പാലത്തിലൂടെ നമസ്കാര മണ്ഡപത്തിനടുത്തെത്തി ഇടതുവശം ചേർന്ന് മുഖമണ്ഡപത്തിനടുത്തെത്തിയാൽ ശ്രീകോവിലിൽ മഹാവിഷ്ണു ഭഗവാനെ ദർശിക്കാം. രണ്ടു നിലകളുള്ളതും ചുമർ ചിത്രങ്ങളാലും, ദാരുശില്പങ്ങളാലും അലംകൃതമായ ഈ ശ്രീകോവിലിൽ ഭഗവാനോടൊപ്പം ഭൂദേവി, ശ്രീദേവി, ഹനുമാൻ, ഗരുഡൻ, ചാമരംവീശുന്ന നാഗകന്യകമാർ എന്നിങ്ങനെ ഏഴ് വിഗ്രഹങ്ങളാണുള്ളത്. ഈ വിഗ്രഹങ്ങളെല്ലാം കടുശർക്കരയോഗത്തിൽ നിർമ്മിച്ചവയാണ്. മുഖമണ്ഡപത്തിന്റെ മേൽത്തട്ടിലെ നവഗ്രഹ വിഗ്രഹങ്ങൾ ദശാവതാരകഥകൾ ആവിഷ്കരിച്ചിരിക്കുന്നവയയാണ്. ഈ ദാരുശില്പങ്ങൾ അജന്താ എല്ലോറ ശില്പ സമാനമായവയാണ്. മരത്തിൽ നിർമ്മിച്ച് പണിതീർത്തതാണ് മുഖമണ്ഡപത്തിന്റെ മേൽക്കൂര ഇതിനെ ശഖ്, ചക്രം, അഭയ, വരദ എന്നി മുദ്രകൾ കൊത്തിയ കരിങ്കൽ തൂണുകൾ താങ്ങിനിറുത്തുന്നു. മുഖമണ്ഡപത്തിൽ വെച്ചാണ് ഭഗവാന്റെ അഭിഷേകം നടക്കുന്നത്. അഭി ഷേകതീർത്ഥം കുളത്തിലേക്കാണ് ഒഴുകുന്നത്. അതിനാൽ കുളത്തിലെ മുഴുവൻ ജലവും തീർത്ഥമായി കരുതുന്നു. ശ്രീകോവിലിന്റെ തെക്കുഭാഗത്തായി കുളത്തിൽ തന്നെയാണ് തിടപ്പള്ളിയും കാണപ്പെടുന്നത്. വാസ്തുവിദ്യാ പ്രകാരം നിർമ്മിച്ചിരിക്കുന്ന ഈ ക്ഷേത്രത്തിലെ വിഗ്രഹങ്ങൾ 64 ആയുർവേദ ഔഷധങ്ങൾ ഉൾപ്പെടെ 108 സാധനങ്ങൾ ചേർത്ത് കടുശർക്കരയോഗത്തിലാണ് നിർമ്മിച്ചിരിക്കുന്നത്.


ശ്രീകോവിലിന് മുന്നിൽ ദ്വാരപാലകരായി ജയവിജയന്മാരെയാണ് കാണുന്നത്. ശ്രീകോവിലിന് പുറത്തും കടുശർക്കരയോഗത്തിൽ തീർത്ത നാലു വിഗ്രഹങ്ങൾ കാണാം. തെക്ക്ദർശനമായി സങ്കർഷണൻ, പടിഞ്ഞാറ് ദർശനമായി അനിരുദ്ധൻ, വടക്കുഭാഗത്തേക്കായി പ്രദ്യുദ്മ്നൻ, കിഴക്കുഭാഗത്ത് സാക്ഷാൽ ശ്രീവാസുദേവൻ എന്നിവരുടേതാണ് ആ വിഗ്രഹങ്ങൾ. ശ്രീകോവിൽ ചുമരുകൾ ചുവർച്ചിത്രങ്ങളാൽ അലംകൃതമാണ്. ശ്രീകോവിലിന് ചുറ്റിലും വെള്ളമാ

യതിനാൽ ഇവിടെ പ്രദക്ഷിണം സാധ്യമല്ല. ദേവനെ പ്രദക്ഷിണം ചെയ്യണമെങ്കിൽ രണ്ടര ഏക്കർ വിസ്തൃതമായ തടാകം ചുറ്റിവരണം. ഈ തടാകത്തിൽ നിന്നും തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം വരെ നീളുന്ന ഗുഹാ മാർഗ്ഗമുണ്ടെന്നും വിശ്വസിക്കുന്നു. ശ്രീകോവിലി ലെ ദേവദർശനം കഴിഞ്ഞു പുറത്തേക്കിറങ്ങി യാൽ തെക്കുകിഴക്ക് ഭാഗത്ത് വേദാവതി പ്രതി ഷ്ഠയുള്ള ശ്രീകോവിലാണ് കാണുന്നത്. അവി ടെ നിന്നും മുന്നോട്ടു പോകുമ്പോൾ ഒരു വനപ്ര തീതിയിൽ തന്നെ വനശാസ്താപ്രതഷ്ഠയും അ തിനടുത്തായി മഹിഷമർദ്ദിനിയുടെ ശ്രീകോവി ലും, രക്തേശ്വരി പ്രതിഷ്ഠയുള്ള ശ്രീകോവി ലും കാണാം. അവിടെനിന്നും വലത്തോട്ട് തി രിഞ്ഞാൽ ബബിയ എന്ന മുതല പകൽ സമ യം കിടക്കുന്ന കുളവും കാണാം. 'പുറത്തേക്കുളം' എന്നാണ് ഇത് അറിയപ്പെടുന്നത്. അവിടെനി ന്നും തിരിച്ചു നടന്നാൽ തെക്ക് പടിഞ്ഞാറുമൂ ലയിൽ ഗോശാലകൃഷ്ണ പ്രതിഷ്ഠ കാണാം. ക്ഷേത്രത്തടാകത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി വലം വെയ്ക്കുമ്പോൾ താമരക്കുളം കാ ണാം. ഈ താമരകൂളത്തിൽ എന്നും ഏതു വേനലിലും പൂക്കൾ കാണും. ഈ താമരപൂ ക്കൾ മാത്രമാണ് ഇവിടെ പൂജക്ക് എടുക്കുന്നത്. വീണ്ടും മുന്നോട്ടു നടക്കുമ്പോൾ വടക്കുകി ഴക്കുഭാഗത്ത് ഗണപതിയുടെ ശ്രീകോവിലും അതിനപ്പുറത്ത് മറ്റൊരു ശ്രീകോവിലിൽ ക്ഷേത്ര പാലകരെയും കാണാം. ഈ ശ്രീകോവിലിൽ ബബറിയ, ഉള്ളാഹുളു എന്നീ ക്ഷേത്രപാലക രെയും വന്ദിച്ച് ക്ഷേത്ര പ്രദക്ഷിണം പൂർത്തിയാ ക്കാം. ഈ ക്ഷേത്രത്തിന്റെ ചുറ്റുമതിലുകൾ ഒരപൂ ർവ്വകഴ്ചയാണ്. ഇതിന്റെ പണി സർപ്പകെട്ട് എന്നാണറിയപ്പെടുന്നത്. 1000 ത്തിലേറെ വർഷ ങ്ങളുടെ പഴക്കമുള്ളതും ഇഴജന്തുക്കൾക്ക് പോ ലും കടക്കാൻ പറ്റാത്തതും ചെങ്കല്ലിൽ തീർത്തി രിക്കുന്നതുമായ ഈ മതിൽക്കെട്ടിന് ഇന്നും കാര്യമായ കേടുപാടുകളൊന്നും ഇല്ല. പണ്ടു കാലത്ത് മഹാക്ഷേത്രങ്ങളുടെ അടയാളമായി രുന്നു ഇത്തരം മതിൽക്കെട്ടുകൾ.

ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ഈ ക്ഷേത്രപരിസരങ്ങളെല്ലാം ബ്രിട്ടീഷ് പട്ടാള ക്കാർക്കൊരുക്കിയ വാസസ്ഥലങ്ങളായിരുന്നു. അക്കാലത്ത് അവർ ക്ഷേത്രത്തിനും ക്ഷേത്ര വിഗ്രഹങ്ങൾക്കും സാരമായ നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1200-ലേറെ വർഷങ്ങളുടെ പഴക്കമുള്ള വിഗ്രഹങ്ങളാണ് അന്ന് നശിപ്പി ക്കപ്പെട്ടത്. 1972-ൽ പുനരുദ്ധാരണം നടത്തുക യും 1976-ൽ പഞ്ചലോകവിഗ്രഹങ്ങൾ സ്ഥാപി ക്കുകയും പഴയ വിഗ്രഹങ്ങളെ ജലാധിവാ സം നടത്തുകയും ചെയ്തു. ഗരുഡന്റെയും ഹനുമാന്റേയും കരിങ്കൽ വിഗ്രഹങ്ങൾ സ്ഥാപി ക്കുകയും ചെയ്തു. എന്നാൽ ക്ഷേത്രത്തിൽ പല അശുഭ ലക്ഷണങ്ങൾ കാണുകയും 1976-ൽ ദേവപ്രശ്നം നടത്തുകയും പഞ്ചലോഹവിഗ്ര ഹങ്ങളിൽ ദേവചൈതന്യത്തെ ആവാഹിക്കാൻ അനുവാദമുണ്ടോ എന്ന് ആരായുകയും ചെയ്തു. ഈ വിഗ്രഹങ്ങളെല്ലാം പാടെ മാറ്റണമെന്നും കടുശർക്കരയോഗത്തിലുള്ള വിഗ്രഹങ്ങൾ വേണമെന്നും പ്രശ്നത്തിൽ തെളിഞ്ഞു. 2001-ൽ അതിനുള്ള ശ്രമങ്ങൾ തുടങ്ങി 2008-ൽ പണി പൂർത്തിയാക്കുകയും ചെയ്തു. അതിനു ശേഷം ക്ഷേത്രം പഴയ ഐശ്വര്യം വീണ്ടെടു ത്തുകൊണ്ടിരിക്കുന്നു. ഈ ക്ഷേത്രത്തിൽ കൊടിമരമില്ല, കൊടിയേറ്റുമില്ല. കുംഭമാ സത്തിൽ ഒരു ദിവസത്തെ ഉത്സവം നടക്കുന്നു. ഈ സരോവരക്ഷേത്രത്തിൽ ഒരു മുതലയുണ്ട്. ഭഗവാനുമായി ബന്ധപ്പെട്ട ഒരു ദൈവീകശ ക്തി ഈ മുതലയ്ക്കുണ്ട് എന്ന് വിശ്വസിക്കു ന്നു. ഇതിനെ ബബിയ എന്നാണ് വിളിക്കുന്നത് ഇത് ആണോ പെണ്ണോ എന്നുപോലും ആർ ക്കും അറിയില്ല. 1945-ൽ ഈ ക്ഷേത്രത്തിലൊ രു മുതല ഉണ്ടായിരുന്നു. അത് മനുഷ്യനുമാ യി ഇണങ്ങിയിരുന്നു പേര് വിളിച്ചാൽ അത് ഓടിവരുമായിരുന്നു. ബബിയ എന്നാണ് അതിനേ

യും വിളിച്ചിരുന്നത്. ബ്രിട്ടീഷ് പട്ടാളക്കാർ ഈ മുതലയെ പേര് വിളിച്ചു വരുത്തുകയും വെടിവെച്ച് കൊല്ലുകയും ചെയ്തു. വെടിവെച്ച പട്ടാളക്കാരനെ അടുത്തുനിന്ന ആൽമരത്തിൽ നിന്നും ഒരു വിഷജീവി ചാടിവീണ് ആക്രമിക്കുകയും അയാൾ അപ്പോൾത്തന്നെ മരിക്കുകയും ചെയ്തു. ഈ സംഭവത്തിന്റെ അടുത്ത നാളിൽ ഒരു കുഞ്ഞു മുതല ഈ കുളത്തിൽ പ്രത്യക്ഷപ്പെട്ടു. ഇത് എവിടെനിന്ന് എങ്ങനെവന്നു എന്നൊന്നും ആർക്കും അറിയില്ല. ആ മുതലായാണ് 8 അടിയോളം നീളമുള്ള ബബിയ എന്ന പേരിൽ തന്നെ ഇവിടെയുണ്ടായിരുന്നത്. ഇത് സസ്യാഹാരിയായിരുന്നു. ആരെയും ഉപദ്രവിക്കാറില്ല. രാത്രികാലങ്ങളിൽ തടാകത്തിലെ മീനുകൾക്കൊപ്പം ഭഗവാന്റെ ശ്രീകോവിലിനടുത്തായി അത് വസിച്ചിരുന്നു. ഭഗവാന്റെ നിവേദ്യമായിരുന്നു അതിന്റെ ആഹാരം. പകൽ സമയം ഈ തടാകത്തിൽനിന്നും 20 പടിക്കെട്ടുകൾ കടന്ന്, ഗെയിറ്റും കടന്ന് 100 മീറ്റർ ദൂരം ചെങ്കൽപ്പാതയിലൂടെ നടന്ന് വനശാസ്താക്ഷേത്രത്തിനടുത്തുള്ള 'പുറത്തേക്കുള' ത്തിൽ പോയി വിശ്രമിച്ചിരുന്നു ഇതിന് മുന്ന് നേരവും നിവേദ്യം ഭക്ഷണമായി നൽകുമായിരുന്നു. മുതലയ്ക്കുള്ള നിവേദ്യമാണ് ഈ ക്ഷേത്രത്തിലെ പ്രധാനവഴിപാട്. തന്റെ പൂർവകന്റെ അനുഭവം ഓർമ്മയുള്ളതുകൊണ്ടാകാം ഈ മുതല ആരുമായും ഇണങ്ങിയിട്ടില്ല മിക്ക ദിവസങ്ങളിലും ബബിയ ശ്രീകോവിലിന്റെ വാതിലിനുമുന്നിലായിരുന്നു രാത്രികാലങ്ങളിൽ കഴിഞ്ഞിരുന്നത്. ഇത് ഒരു സാധാരണ മുതലയായിരുന്നില്ല, മുതലയുടെ രൂപധാരിയായ ഏതോ ദേവപാർഷദൻ തന്നെ ആയിരുന്നു. അടുത്തകാലത്ത് ഇത് മരണപ്പെട്ടു. തന്റെ പൂർവ്വികർ വന്നെത്തിയതുപോലെ ഒരു കുഞ്ഞു മുതല വീണ്ടും ഇവിടെ കുളത്തിൽ പ്രത്യക്ഷപ്പെട്ടു. അതും ഭഗവാന്റെ പാർഷദനായി ഭഗവാന്റെ നിവേദ്യം ഭക്ഷണമാക്കികൊണ്ട് അനന്തപുരം തടാകത്തിൽ യഥേഷ്ടം വസിക്കുന്നു.

പരശുരാമ പ്രതിഷ്ഠിതമായ കേരളം സാക്ഷാൽ ആദിശേഷനായ അനന്തഭഗവാൻ കനിഞ്ഞനുഗ്രഹിച്ചുതന്ന പുണ്യഭൂമിയാണ്. തെക്കുംവടക്കും അതിർത്തി സ്ഥാനങ്ങളിലായി മഹാവിഷ്ണു ഭഗവാന്റെ സാന്നിദ്ധ്യത്താൽ പവിത്രമാക്കപ്പെട്ട ഈ പുണ്യഭൂമി ഭഗവാന്റെ വരദാനം തന്നെ. പാലാഴിയിൽ പള്ളികൊള്ളുന്ന അനന്തപത്മനാഭസ്വാമി ഭൂലോകവാസികളുടെ നന്മക്കായി കുടികൊള്ളുന്നതും കാസർകോഡിന്റെ പൊൻകിരീടവുമായ ഈ പുണ്യക്ഷേത്രത്തിരുനടയിലെത്തി അത്ഭുതകാഴ്ചകൾ കാണുവാൻ സാധിക്കുക എന്നതും ഒരു പണ്യം തന്നെയാണ്. ഈ മണ്ണിൽ തന്നെ മനുഷ്യജന്മം ലഭിച്ചത് നമ്മുടെ സുകൃതം. അനന്തതല്പത്തിലിരിക്കുന്ന മഹാവിഷ്ണു ഭഗവാന്റെ തൃപ്പാദങ്ങളിൽ ഈ അക്ഷരക്കൂട്ടത്തെ പത്മദളങ്ങളായി സമർപ്പിച്ചുകൊള്ളട്ടെ. ■



# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച.....)

മനുഷ്യരിൽ ചിലപ്പോൾ ഭ്രമവും, ചിലപ്പോൾ ലോഭവുമുണ്ടാകും. ചിലപ്പോൾ സ്വർത്ഥപരത, മറ്റു ചിലപ്പോൾ എതിർപ്പിനുള്ള ഇഛ തുടങ്ങിയവയും ഫലമോ അതിന്ദ്യനെ നിന്ദിക്കുകയും സ്തുത്യർഹരല്ലാത്തവരെ സ്തുതിക്കുകയും ചെയ്യും. അപ്പോൾ ഗുരുവാകാൻ ആദ്യമെ വേണ്ടത് ശ്രോതിയൽ ആയിത്തീരുക എന്നതാണ്. ആദ്യം യഥാർത്ഥ അർത്ഥത്തിന്റെ ജ്ഞാനമുണ്ടാകണം. ശ്രുതി നിർദ്ദോഷിയാണ്. പക്ഷെ പഠിക്കാൻ വരുന്നവൻ, ശിഷ്യൻ പാപമുള്ളവനാണെങ്കിൽ അയാൾ മീമാംസവിരുദ്ധമായ അർത്ഥം മനസ്സിലാക്കി അനർത്ഥങ്ങൾ ചെയ്യാറുണ്ട്. മുൻവിധികൊണ്ട് സ്വന്തം രീതിയിൽ അർത്ഥം വ്യാഖ്യാനിക്കും. സംസാരസക്തനായ പുരുഷന് ഉപദേശം നൽകുന്നത് വ്യർത്ഥമാണ്. കരുണയും അവിടെ വ്യർത്ഥമാണ്. സ്വയം വൈരാഗ്യം വരാത്ത ഒരു വ്യക്തി കുതൂഹലം കൊണ്ടോ, സ്വാർത്ഥ താൽപര്യത്തിനുവേണ്ടിയോ ശ്രവണം ചെയ്യാനാഗ്രഹിച്ചാലും അവന് ദുഃഖമാണുണ്ടാകുന്നത്. അപ്പോഴും മഹാത്മാക്കൾ അവനെ ഉപദേശിക്കാറില്ല ആരാണോ സ്വയം സഹൃദയനായി, തത്ത്വജ്ഞാനത്തിലേക്ക് ആനയിക്കപ്പെട്ടവനായി നമ്രശിരസ്കനായി വരുന്നത്, അവന് സത്പുരുഷൻ ബന്ധുവാകുന്നു. ഇതാണ് ഗുരുവിന്റെ ഉച്ചൈഃസ്ത്വം. ശ്രോതിയത്വം, ബ്രഹ്മനിഷ്ഠത്വം തുടങ്ങിയവയാണ് ഉച്ചൈഃസ്ത്വത്തിന്റെ പ്രയോജനങ്ങൾ.

സമുദ്രമന്ഥനത്തിന്റെ ഫലമായി ഉയർന്നു വന്ന പതിനാലു രത്നങ്ങളിൽ ഹവിർധാനി മുതൽ ഉച്ചൈഃശ്രവസ്സ് വരെയുള്ള എട്ടെണ്ണത്തിന്റെ വ്യാഖ്യാനം നാം പൂർത്തീകരിച്ചു. ഇനി വിഷ്ണുഭഗവാന്റെ പ്രസിദ്ധമായ വില്ല്, ശാർങ്ങത്തിന്റെ പേരാണ് വരുന്നത്. ഓരോരോ രത്നം ഉയർന്നു വരുമ്പോഴും ദേവന്മാരോ, അസുരന്മാരോ വിവാദങ്ങൾക്കിടവരുത്താതെ കൊണ്ടുപോയി. എന്നാൽ ലക്ഷ്മിക്കും, അമൃതിനും വേണ്ടിയും അവർ തമ്മിൽ വഴക്കുണ്ടായി. ലക്ഷ്മീദേവിക്കുവേണ്ടി വഴക്കുണ്ടാക്കിയപ്പോൾ ലക്ഷ്മീദേവി ആരെ വരിക്കുന്നുവോ, അദ്ദേഹം തന്നെ ലക്ഷ്മിയെ സ്വീകരിക്കട്ടെ എന്ന് അവരെല്ലാം തീരുമാനിച്ചു. അതിനുശേഷം വന്ന ശാർങ്ഗം വിഷ്ണുഭഗവാൻ സ്വീകരിച്ചു. ശൃംഗ ശബ്ദത്തിൽ നിന്നാണ് ശാർങ്ഗ ശബ്ദം ഉണ്ടായത് പ്രിഥിയിൽ നിന്നും പാർത്ഥിവ, ഭൃഗുവിൽ നിന്നും ഭാർഗ്ഗവ ശബ്ദങ്ങളുണ്ടായത് പോലെ ശൃംഗത്തിൽ നിന്നും ശാർങ്ഗ ശബ്ദമുണ്ടായി. ശൃംഗത്തിന് കൊമ്പ്, ശിഖരം എന്നർത്ഥമാണ്. പർവ്വത ശിഖരത്തിനും ശൃംഗം എന്ന് പറയാറുണ്ട്. ഉയർന്ന കൊടുമുടിയാണ് പർവ്വതശൃംഗം – ഉച്ചൈശ്രവ എന്നാൽ ഉയർന്ന-ശ്രവണം എന്നർത്ഥം വരുമെങ്കിൽ ഉയർന്ന-ശിഖരം മനസ്സിലാക്കാനും കഴിയും. നിർവിശേഷണമായതിനാൽ സർവ്വോർദ്ധ്വസാധനം എന്ന അഭിവ്യക്തി ലഭിക്കും. അത് നിദിദ്ധ്യാസനം തന്നെയാണ്. എന്തെന്നാൽ സമഗ്ര സാധനങ്ങളുടെയും അന്തിമ ലക്ഷ്യം ആത്മദർശനം തന്നെയാണ്. നിധ്യാതുമിച്ഛാനിദിദ്ധ്യാസനം 'നി' പൂർവ്വകമായ ധ്യാ ധാതുവിന് ദർശനം എന്നർത്ഥം. നിധ്യാനത്തിനായുള്ള ഇച്ഛ, അല്ലങ്കിൽ അതിനായുള്ള സാധനയാണ് നിദിദ്ധ്യാസനം. നിദിധ്യാസനത്തിന്റെ അർത്ഥം 'ഏകകാര ചിത്ത വൃത്തിപ്രവാഹം' എന്നാണ് . ഇതര വൃത്തികളെ നിരസിച്ചുള്ള ബ്രഹ്മകാര വൃത്തി പ്രവാഹം. ശ്രവ

➠

ണത്താലും മനനത്താലും സന്ദേഹരഹിതമായ പരമാർത്ഥതത്ത്വത്തിൽ സ്ഥിതമായ ചിത്തത്തിന്റെ ഏകതാനതയാണ് നിദിദ്ധ്യാസനം. ഇതാണ് പ്രധമധ്യാന സ്വരൂപമായ നിദിദ്ധ്യാസനം.

ഞാൻ ഈശ്വരനെ അല്ലങ്കിൽ ബ്രഹ്മത്തെ ധ്യാനിച്ച് കൊണ്ടിരിക്കുകയാണ്. ധ്യാന കാലത്ത് ഇങ്ങനെയൊരു ബോധം നിലനിൽക്കും. ഈ ബോധത്തിന് മുന്ന് വിഷയങ്ങളുണ്ട് ഞാൻ-ധ്യാതാവ്, ഈശ്വരൻ-ധ്യേയം, ധ്യാനിച്ചു കൊണ്ടിരിക്കുന്നു-ധ്യാനമെന്ന ക്രിയ-ധ്യാതാവ്, ധ്യേയം, ധ്യാനക്രിയ. കർത്താവ്, കർമ്മം, ക്രിയ ഇവ മൂന്നുമാണ് ത്രിപുടിയായി ഭാസിക്കുന്നത്. ഇവകളിൽ ധ്യാതാവും ധ്യാനം എന്ന ക്രിയയും വിട്ട് കേവലം ധ്യേയം വിഷയം മാത്രം അവശേഷിച്ചാൽ അതിനെയാണ് സമാധിയെന്ന് പറയുന്നത്. ഞാൻ ഈ പൂവ് കണ്ടുകൊണ്ടിരിക്കുന്നു. ഇവിടെ ഞാൻ ദ്രിഷ്ടാവ്, പൂവ് ദൃശ്യം, ദർശനക്രിയ. സമാധിയിൽ ധ്യാതാവായ ഞാനും ധ്യാനക്രിയയും ഉണ്ട്. പക്ഷെ ഇവ രണ്ടും ജ്ഞാനത്തിന് വിഷയങ്ങളാകില്ല. അവിടെ കേവലം ധ്യേയം മാത്രമായിരിക്കും വിഷയം. അത്യന്തം തന്മയത്വത്തോടെ എന്തെങ്കിലും കണ്ടും കേട്ടും ഒരിടത്തിരിക്കുകയാണെങ്കിൽ, താൻ എവിടെയാണെന്നോ, എന്തുചെയ്യുകയാണെന്നോ മറന്നു പോകാറുണ്ട്. ദൃശ്യവും ശ്രാവ്യവും മാത്രമെ ഇവിടെ വിഷയമായിട്ടുള്ളു. ഗോപികമാർ ഭഗവാനെ നിർനിമേഷരായി നോക്കി നിന്ന് തന്മയരാകാറുണ്ടായിരുന്നു. എവിടെയാണെന്നോ എന്തുചെയ്യുകയാണെന്നോ അവർ അറിഞ്ഞതേയില്ല ഓടക്കുഴൽ വിളിനാദം കേട്ടാൽ അങ്ങോട്ടോടും ശ്രീകൃഷ്ണൻ കാണാതാകുമ്പോഴാണ് എവിടെയാണുള്ളതെന്ന ബോധം ഉണ്ടാകുന്നത്.

യോഗശാസ്ത്രത്തിൽ നിദിദ്ധ്യാസനരൂപിയായ ഈ സമാധിയെതന്നെയാണ് ധർമ്മമേഘസമാധി എന്ന് പറയുന്നത്. ക്ഷണനേരത്തേക്കെങ്കിലും ആത്മപ്രകാശം കാണനായാൽ അവിടെ ധർമ്മമേഘം രൂപപ്പെടുന്നു. ക്ഷണമാത്രമായ സൈഥര്യത്തിന്റെ ഫലം ഇത്രയധികം ധർമ്മം പ്രകടമാക്കുന്നു എന്നതാണ് വസ്തുത. ദുഷ്ടന്മാർക്കു ചുറ്റും പാപമേഘങ്ങളാണ് ഉരുണ്ടുകൂടുന്നത്. അതിനാൽ അവരുടെ സാമിപ്യം പോലും നമ്മെ ഉദ്വഗ്നമനസ്കരാക്കും. എന്നാൽ സമാധി നിഷ്ഠരായ സന്യാസികളുടെ ചരണങ്ങളിലെത്തിയാൽ മഹത്തായ ശാന്തിയെ അനുഭവിക്കാം. പാപാത്മാവിന്റെ പാപമേഘം അവനിലും ചുറ്റുമുള്ളവരിലും പാപം തന്നെ വർഷിക്കുകയും, പുണ്യാത്മാവിന് മുകളിൽ പുണ്യമേഘം രൂപപ്പെട്ട് ആ മേഘം പെയ്യുമ്പോൾ സത്പുരുഷൻ സ്വയം ശാന്തി അനുഭവിക്കുകയും അദ്ദേഹത്തിനടുത്തെത്തുന്നവർക്ക് ശാന്തി അനുഭവമാകുകയും ചെയ്യുന്നു. ഹൃദയാന്തർഭാഗത്ത് എന്തുണ്ടോ, അത് സൂക്ഷ്മഭാവത്തിൽ പുറത്തേക്ക് പ്രവഹിക്കും. സുഗന്ധപുഷ്പം മുറിക്കുള്ളിൽ വെച്ചിരുന്നാൽ അതിന്റെ സുഗന്ധം നാലുപാടും പരക്കും. അതുപോലെ തന്നെ പുറത്തേക്ക് വ്യാപിക്കുന്ന ഹൃദയഭാവം പുണ്യമോ പാപമോ എന്തായാലും അത്, ബാഷ്പമായി പുറത്തുവന്ന് മേഘമായിത്തീരും. ധർമ്മമേഘമോ അധർമ്മമേഘമോ ആകും, എന്നിട്ട് തന്റേയും സമീപത്തുള്ളവരുടേയും മേൽ പെയ്തിറങ്ങും.

നഗരങ്ങളിൽ വാഹനങ്ങളും മറ്റും പുകതുപ്പി ഓടുമ്പോൾ, ആ പുക വ്യാപിച്ച് അന്തരീക്ഷം മലിനീകരിക്കപ്പെടും. ഇതുപോലെ പാപികൾ അധികരിക്കുമ്പോൾ ആ ഗ്രാമം മുഴുവൻ പാപം കൊണ്ട് കലുഷിതമാകും. സ്വഭാവേന ശാന്തനാണെങ്കിലും, മനുഷ്യൻ അശാന്തനായി വർത്തിക്കുന്നു. അപ്പോൾ അവിടെ എതെങ്കിലും യോഗിയോ നിദിദ്ധ്യാസനം ചെയ്യുന്ന സത്പുരുഷനോ വന്ന് താമസം തുടങ്ങിയാൽ, ധർമ്മമേഘം വ്യാപിക്കാൻ തുടങ്ങും. മഴ പെയ്യുമ്പോൾ കൂടെ മലിനമായ അന്തരീക്ഷം താഴേക്ക് പെയ്തിറങ്ങി മണ്ണിൽ അലിയുകയും, വായൂപടലം സ്വച്ഛമാകുകയും ചെയ്യും. ഇങ്ങനെയാണ്

ധർമ്മമേഘവർഷത്താൽ പാപാണുക്കൾ മണ്ണടിഞ്ഞ്, ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം സമാഗതമാകുന്നത്.

"ശൃഹിംസായാം" എന്ന ധാതുവിൽ നിന്നാണ് ശാർങ്ഗം ഉണ്ടായത്. "ശൃണാതി നാശയതി അധർമ്മം" ശാർങ്ഗ രൂപിയായ നിദിദ്ധ്യാസനം അധർമ്മത്തെ നശിപ്പിക്കും ശാർങ്ഗത്തിന് ഉച്ചസ്ഥായിയായ സാധനയെന്നല്ലാത്ത മറ്റൊരർത്ഥവും ഉണ്ട്. വിഷ്ണുഭഗവാന്റെ വില്ലാണ് ശാർങ്ഗം. അതുപയോഗിച്ച് അദ്ദേഹം യുദ്ധം ചെയ്തതായുള്ള വർണ്ണനകൾ കുറവാണ്. ഗദയും ചക്രവുമാണ് ധാരാളം ഉപയോഗിച്ചതായി വർണ്ണനകൾ ഉള്ളത്. ധനുസ്സിന്റെ ഉപയോഗം പ്രസിദ്ധം തന്നെ. 'നമഃശിവായ', 'നമോ നാരായണായ' ആദിയായതിന് പ്രണവം ചേർത്ത് ചൊല്ലാം. പ്രണവത്തിന്റെ മാത്രകളുടെ വിസ്തൃത സ്വരൂപമാണ് "നമഃശിവായ" അഥവ പ്രണവം ചേർത്ത് ഉച്ചരിച്ചാൽ അതിന് വിശേഷമായൊരു ലയമുണ്ട്. പ്രണവം സർവ്വാത്മകമാകയാൽ അന്യമന്ത്രങ്ങളേയും പോഷിപ്പിക്കുന്നതാണ്.

ബ്രഹ്മം സ്വയം 'നജായതേ മ്രിയതെ' എന്നതിന്റെ ഉദാഹരണമാണ്. അതിന്റെ സപത്രകാരണവും നിഷ്പത്രകാരണവും അസംഭവ്യമാണ്. എന്തെന്നാൽ അതിന് വ്യാപകത്വം ഉണ്ട്. വ്യാപകത്വമുള്ളതിനെ നശിപ്പിക്കാൻ ആവില്ല. സമുദ്രത്തിന് നേർക്ക് അമ്പയച്ചാൽ അത് സമുദ്രത്തിൽ മുങ്ങിപോകും. ബാണം സാഗരമയമാകും. അതുപോലെ ആത്മാവിനെ പരമാത്മാവിലേക്ക് പ്രക്ഷേപണം ചെയ്താൽ ആത്മാവും പരമാത്മമയം ആയിത്തീരും. അതിനാൽ ശാർങ്ഗം എന്ന വില്ല് രത്നമാകുന്നു.

ഒരു മഹാപുരുഷൻ ആരെയാണോ ധാരണ (ഉൾക്കൊള്ളുന്നത്) ചെയ്യുന്നത് അയാളും കീർത്തിമാനും, മഹാനുമായിത്തീരും. വിഷ്ണുവിനോട് ചേർന്നപ്പോൾ ഗരുഡനും കീർത്തിമാനും മഹാനുമായി. ശങ്കരനോട് ചേർന്നപ്പോൾ ഋഷഭവും കീർത്തിമാനും മഹാനുമായിത്തീർന്നു. വിഷവും അങ്ങനെ മഹത്തായി ഭവിച്ചു. അവയും രത്നങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു.

പതിന്നാല് രത്നങ്ങളെയാണ് നാം പറഞ്ഞുവന്നത്. ശാർങ്ഗം വരെയെത്തി നിൽക്കുന്നു. സാധനകളുടെ ചർച്ച ഇവിടെ സമാപ്തമാകുന്നു. ശൃംഗത്തിലേക്ക് എത്തിച്ചേരാനാണ് എല്ലാ സാധനകളും. ഇനി ശംഖ് ആദിയായ ഫലങ്ങളുടെ വർണ്ണനയാണ്. സാധനകളുടെ കൂട്ടത്തിൽപ്പെടുത്താമെങ്കിലും, മുഖ്യമായും ഇവ ഫലപക്ഷത്തുതന്നെയാണ്.

'ശം' മംഗളവാചകമാണ് 'ഖ' ഇന്ദ്രിയാർത്ഥകമാണ്. ശംഭു, ശങ്കരൻ ആദിയായുള്ളവയിലെ 'ശം' കല്യാണ(ക്ഷേമ)കാരിയാണ്. 'ശം കല്യാണം കാരോതീതിശങ്കര' 'ശംഭാവയതീതി ശംഭു' ശിവന്റേയും വാച്യാർത്ഥം ക്ഷേമമാണ്. ശിവൻ പരമകല്യാണ സ്വരൂപനാണ്. 'ഖ' ഇന്ദ്രിയം എന്നാണ് ഒരർത്ഥം. "ശം മംഗളമയാനിഖാനി ഇന്ദ്രിയാണിയസ്മിൻ യേനവാ"- സമസ്ത ഇന്ദ്രിയങ്ങളും ഏതിനാലാണോ മംഗളമായിരിക്കുന്നത് അത് ശംഖാണ്.

(തുടരും .....)

| എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 ആഗസ്റ്റ് മാസം സംഭാവന നൽകിയവർ | | |
|---|---|---|
| 1 | ഗൗരി ദാമോദരൻ, ദീപേന്ദു, 6-ബി , Skyline Flat, മാണിക്കത്ത് റോഡ്, കൊച്ചി-16 | 40,000 |
| 2 | ജാനകിദേവി കെ. എം, 1-സി, രാമാലയം Phase -2, ചിറ്റൂർ റോഡ്, കൊച്ചി -11 | 10,000 |
| 3 | രാമചന്ദ്രൻ.കെ, 3 B, Siver Oak, Skyline City Park, ജവഹർ നഗർ, കൊച്ചി-20 | 5000 |

# അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും തകർന്നടിയുന്ന സമ്പദ്‌വ്യവസ്ഥകളും

എൻ. രാജശേഖരൻ – 9895550719

(തുടർച്ച.....)

**വയനാട് ദുരന്തം**

2024 ജൂലൈ 30-ന് വയനാട്ടിലെ മുണ്ടക്കൈയിലും, ചൂരൽമലയിലും ഉണ്ടായ അതിശക്തമായ ഉരുൾപൊട്ടലിൽ രണ്ടു ഗ്രാമങ്ങൾ പൂർണ്ണമായി ഒഴുകിപ്പോയി. 1000-ൽ പരം പേർ മരിച്ചു.

പ്രകൃതിയെ അവഗണിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉത്തരാഖണ്ഡവും, കേരളവും മറ്റും വൻവിലയാണ് നൽകേണ്ടി വരുന്നത്. ശാസ്ത്രീയ പഠനം നടത്താതെ ഹിമാലയൻ മലനിരകളിലും പശ്ചിമഘട്ട നിരകളിലും നടത്തിയിട്ടുള്ള ടണലുകൾ, അണക്കെട്ടുകൾ, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഇവയെല്ലാം ഭാവിയിൽ തകരുന്നതും വൻ നാശനഷ്ടങ്ങൾക്കിടയാക്കുന്നതുമാണ്. ഇനിയും ഉറച്ചിട്ടില്ലാത്ത ഈ മലനിരകൾ ഭൂരിഭാഗവും അതീവ പരിസ്ഥിതിലോല പ്രദേശങ്ങളാണ്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതാവട്ടെ, പതിനായിരക്കണക്കിന് ഹെക്ടർ നിബിഡ വനങ്ങൾ വെട്ടിനശിപ്പിച്ചുകൊണ്ടുമാണ്.

ബംഗാൾ ഉൾക്കടലിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. ദ്വീപ് പ്രദേശങ്ങളും, തീരപ്രദേശങ്ങളും 3.14 മി. മീറ്റർ എന്ന നിരക്കിൽ കടലിന് വഴി മാറിക്കൊണ്ടിരിക്കുകയാണ്. ജനവാസമേഖലയിലുള്ള കടലിന്റെ തള്ളിക്കയറ്റം കൃഷി ഭൂമിയിലാകെ ഉപ്പുരസം കലരുന്നതിനും കൃഷി മുഴുവനായും തന്നെ നശിക്കുന്നതിനുമിടയാകും.

അമിതമായ ശുദ്ധജല ചൂഷണവും, നദീ തടങ്ങളിലെ അമിതമായ തോതിലുള്ള മണൽവാരലും മൂലം ഭൂഗർഭ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. ഇതുമൂലം വരൾച്ചയും, കിണർ, കുളങ്ങൾ എന്നിവ വറ്റിവരളുന്നതിനുമിടയാകും. ഈ കൊടും വരൾച്ച കൃഷിയുടെയും, ജല വൈദ്യുതി പദ്ധതികളുടെയും നാശത്തിനിടയാക്കും.

അതിശക്തമായ സ്ഫോടനങ്ങൾ നടത്തി നിർമ്മിക്കുന്ന അണക്കെട്ടുകളും, ടണലുകളും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളും ശക്തമായ പേമാരികൾ സൃഷ്ടിക്കുന്നു. അവ സൃഷ്ടിക്കുന്ന ജല പ്രവാഹങ്ങൾ ഭൗമഘടനയെ സ്വാധിനീകരിക്കുകയും, ഭുചലനത്തിനും, ഉരുൾപൊട്ടലിനും ഇടയാക്കുന്നതുമാണ്.

മഞ്ഞുരുകിയ ജലപ്രവാഹവും മേഘ വിസ്ഫോടനം പോലുള്ള അതിശക്തമായ മഴ സൃഷ്ടിക്കുന്ന ജലപ്രവാഹവും ഭുഗർഭത്തിലും, ഭൂവൽക്കത്തിലും വിള്ളലുകൾ സൃഷ്ടിക്കുന്നതാണ്. ഈ വിള്ളലുകളാകട്ടെ അന്തിമമായി ഭുചലനത്തിനാണ് ഇടയാക്കുക. ഈ ഭൂചലനങ്ങൾ അണക്കെട്ടുകളുടെ നാശത്തിന് ഇടവരുത്തുന്നതാണ്.

അതിശക്തമായ മഴ മൂലമുണ്ടാകുന്ന ജലപ്രവാഹം ചരിവ് ഭൂമിയിൽ മണ്ണിടിച്ചിലിനും, ഉരുൾപൊട്ടലിനും വഴിതെളിക്കും. മലമുകളിൽ നിന്ന് ചെളിയും, മണ്ണും, പാറയും, വൻവൃക്ഷങ്ങളുമടക്കം നിരവധി ടൺ ഭാരങ്ങളുമായി ഒഴുകി വരുന്ന ഭയാനക ജലപ്രവാഹത്തിന് മണിക്കൂറിൽ 300 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കാനും, വഴിമധ്യേയുള്ള മൂന്നുനില കെട്ടിടങ്ങളെപ്പോലും നശിപ്പിക്കുവാനും കഴിയുന്നതാണ്.

**ചുഴലിക്കാറ്റുകൾ**

ഇതിനൊക്കെ പുറമേ കാലാവസ്ഥാവ്യതിയാനത്തിന്റെ മറ്റൊരു ദുരന്തമാണ് ചുഴലിക്കാറ്റുകൾ. സമുദ്രത്തിലെ ചൂട് വർദ്ധിച്ച് വരുന്നതിന്റെ ഫലമായി ജലനിരപ്പ് ഉയരുന്നത് ചുഴലിക്കാറ്റുകളുടെ എണ്ണം പൂർവ്വാധികം വർദ്ധിച്ച് വരികയാണ്. അന്തരീക്ഷ താപനില രണ്ടു ഡിഗ്രി സെൽഷ്യസ് ഉയരുമ്പോൾ സമുദ്ര നിരപ്പ് ഒരു മീറ്റർ ഉയരുന്നതാണ്.

**കായലുകൾ, നെൽവയലുകൾ നികത്തൽ**

കായലുകൾ, നദീതടങ്ങൾ, ചതുപ്പുകൾ, അവശേഷിക്കുന്ന നെൽവയലുകൾ, കുളങ്ങൾ, തോടുകൾ എന്നിവയെല്ലാം ആർത്തി പിടിച്ച മനുഷ്യൻ വ്യാപകമായി വൻതോതിൽ തന്നെ നികത്തി വിറ്റ് കൊണ്ടിരിക്കുകയാണ്. കായൽ നികത്തുന്നതിന്റെ ഒരു ചെറിയ ഉദാഹരണം ഇതാ:- 1950-കളിൽ വേമ്പനാട്ട് കായലിന്റെ വിസ്തൃതി 2.5 ലക്ഷം ഹെക്ടറായിരുന്നു, 2013-ൽ വിസ്തൃതി 17589 ഹെക്ടറായി കുറഞ്ഞു. 2024-ൽ വേമ്പനാട്ട് കായലിന്റെ വിസ്തൃതി ഊഹിക്കാവുന്നതേയുള്ളു.

തീരദേശത്തിന്റെ ശോഷണം, കടൽ, കായൽ, നദികൾ എന്നിവയിലെ മലിനീകരണം അമിതമായതും, അതിശക്തമായ മഴ, വെള്ളപൊക്കം, കൃഷിയുടെ സർവ്വനാശം, കടൽ ജലത്തിന്റെ ഇരച്ചുകയറ്റം, അതുമൂലമുള്ള ദുരന്തങ്ങൾ എന്നിവയെല്ലാം. അന്തരീക്ഷ മലിനീകരണത്തിന് വേണ്ട നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളാണ്.

**ഉയരുന്ന ചൂട്, ഭയപ്പെടുത്തുന്ന കൂട്ടവംശനാശം**

എല്ലാ അനുപാതങ്ങളെയും തെറ്റിച്ച് കൊണ്ടുള്ള ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവ് അന്തരീക്ഷത്തിൽ ചൂട് വർദ്ധിപ്പിച്ച് കൊണ്ടിരിക്കുകയാണ്. ഹരിതഗൃഹവാതകങ്ങളുടെ അളവ് എത്രമാത്രം കൂടുന്നുവോ, അതിനനുസരിച്ച് ഭൂമിയിലെ ചൂടും വർദ്ധിക്കുകയാണ്. അന്തരീക്ഷ താപനില 40 ഡിഗ്രി സെൽഷ്യസിനും 70 ഡിഗ്രി സെൽഷ്യസിനും

മദ്ധ്യേ എത്തുമ്പോൾ, ചൂടിനെ അതിജീവിക്കാനാവാതെ മനുഷ്യനടക്കമുള്ള ഭൂമിയിലെ ജീവജാലങ്ങളും മരണപ്പെടുന്നതാണ്. ഇതാണ് ആറാം കൂട്ടവംശനാശം. ഭൂമിയുടെ മേൽ മനുഷ്യൻ നടത്തിയ എണ്ണമറ്റ ഇടപെടലുകൾ തന്നെ ആന്ത്രോപ്പോസിൽ വംശനാശത്തിന് കാരണമാകുന്നു. അതുപോലെ 2.4 ബില്യൺ വർഷങ്ങൾക്ക് മുമ്പുണ്ടായ ഓക്സിഡേഷൻ ഇവന്റ് (Oxidation Event) എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തുകയും ചെയ്യും.

കരയിലുള്ള മരങ്ങളും, സസ്യങ്ങളും ചെയ്യാറുള്ളതുപോലെ കാർബൺഡൈ ഓക്സൈഡിനെ സ്വീകരിച്ച് ഓക്സിജനെ പുറത്തുവിടുന്ന സമുദ്ര ജീവിയായ ഫൈറ്റോപ്ലാങ്ടണുകൾ; അവയുടെ സർവ്വനാശം ഭൂമിയിൽ ഓക്സിജന്റെ അളവ് കുറയ്ക്കുന്നതിനിടയാക്കും. സമുദ്രത്തിലെ ചൂടിന്റെ വർദ്ധനവ്, മലിനീകരണം എന്നിവയാണ് ഇവയുടെ നാശത്തിന് കാരണം.

മണ്ണ്, വായു, സമുദ്രം, പുഴകൾ എന്നിവയെല്ലാം മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞ് കഴിഞ്ഞു. ജലാശയങ്ങളെല്ലാം തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് മൂടപ്പെട്ടിരിക്കുന്നു. ഇതിന്റെ ഫലമായി ഉപരിതല താപനിലയിൽ വർദ്ധനവുണ്ടാകുന്നു. 2021-ലെ ഐ. പി.സി.സി റിപ്പോർട്ട് പ്രകാരം 2030-ആകുമ്പോഴേക്ക് സമുദ്രജലനിരപ്പ് ഉയരുന്നതിന്റെ ഫലമായി 12-തീരദേശ നഗരങ്ങൾ വെള്ളത്തിനടിയിലാകുന്നതാണ്.

2023-ൽ ഉണ്ടായ എൽ-നിനോ, സമുദ്രോപരിതലതാപവർദ്ധനവിനും, അതിതീവ്ര വേന

ൽ കാലത്തിനും കാര്യമായ പങ്ക് വഹിക്കുകയുണ്ടായി.

2040-ആകുമ്പോൾ ഉഷ്ണതരംഗങ്ങൾ ഇന്നത്തേക്കാൾ പന്ത്രണ്ട് ഇരട്ടിയാണ് വർദ്ധിക്കുന്നത്. ശരാശരിയിലും കൂടുതൽ മഴ ഇപ്പോൾ പെയ്തു കഴിഞ്ഞിരിക്കുന്നു. 2023 മെയ്-ജൂൺ മാസങ്ങളിൽ കാനഡയിൽ ഉണ്ടായ കാട്ടുതീയിൽ 13 ദശലക്ഷം വനപ്രദേശങ്ങൾ കത്തി നശിക്കുകയുണ്ടായി. താപനിലയുടെ വർദ്ധനവ്, മഴയുടെ അഭാവം എന്നിവയെല്ലാം കാട്ടുതീയ്ക്കു കാരണമാകുന്നു. കടലിലും കായലിലുമെല്ലാം താപനില ഉയരുന്നത് മത്സ്യങ്ങളെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് . തെക്കൻ വിയറ്റ്നാമിൽ 300 ഹെക്ടർ വരുന്ന റിസർവോയറിൽ മത്സ്യങ്ങൾ ഒന്നാകെ ചത്തുപൊങ്ങുകയുണ്ടായി. തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ താപനില കുതിച്ചുയരുന്നതാണ് ഇതിനു കാരണം. കോടിക്കണക്കിന് മനുഷ്യരുടെ ഭക്ഷ്യസുര രക്ഷയെ ഇത് വല്ലാതെ ബാധിച്ചേക്കും. കേരളത്തിൽ താപനില ഉയരുന്നതിന്റെ ഫലമായി മത്സ്യങ്ങൾ കേരളതീരത്തു നിന്ന് പലായനം ചെയ്യുന്നുണ്ട്.

(തുടരും .....)

**രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ 1201-ാം മാണ്ടത്തെ**



# അഷ്ടമിരോഹിണി മഹോത്സവം



**1201 ചിങ്ങം 29 ഞായറാഴ്ച (2025 സെപ്റ്റംബർ 14)**

## *അഷ്ടമിരോഹിണി മഹോത്സവ പരിപാടികൾ*

**14-09-2024-ഞായറാഴ്ച**

| | | |
|---|---|---|
| രാവിലെ 3.30 ന് | : | **നടതുറക്കൽ, നിർമ്മാല്യം, അഷ്ടാഭിഷേകം** |
| 8 മുതൽ 11 വരെ | : | **ശീവേലി, പഞ്ചാരിമേളം**<br>ചൊവ്വല്ലൂർ മോഹനൻ, കമൽനാഥ്<br>കലാമണ്ഡലം രതീഷ്, കടവൂർ അഖിൽ മുതലായവർ |
| 11 മുതൽ 12 മണി വരെ | : | **നാരായണീയ പാരായണം** |
| 12 മണി മുതൽ | : | **പുല്ലാൻങ്കുഴൽ കച്ചേരി** (ഗൗരങ്ങ് ജി. പൈ & പാർട്ടി) |
| **വൈകുന്നേരം** | | |
| 4.30 മുതൽ 7.00 വരെ | : | **കാഴ്ചശീവേലി, പഞ്ചാരിമേളം** |
| 7.00 മുതൽ 7.30 വരെ | : | **നിറമാല, ചുറ്റുവിളക്ക്, പഞ്ചവാദ്യം, ദീപാരാധന** |
| 7.00 മുതൽ 8.00 വരെ | : | **സംഗീതാർച്ചന** (ധരണി സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്സ്) |
| 8.00 മുതൽ 8.30 വരെ | : | **തിരുവാതിരക്കളി** (തിരുവാതിരസമാജം, രവിപുരം) |
| 8.30 മുതൽ | : | **ഭരതനാട്യം & മോഹിനിയാട്ടം**<br>**നൃത്തനൃത്യങ്ങൾ** (ശ്രീശൈലം ഡാൻസ് അക്കാദമി, നെട്ടൂർ)<br>സംവിധാനം - RLV മീര കൃഷ്ണൻ |
| 10.30 മുതൽ | : | **ശ്രീകൃഷ്ണ സ്തുതികൾ** |
| 12 മണിക്ക് | : | **അഭിഷേകം** |
| 12.15 ന് | : | **വിളക്ക്** |

# ഹൈഡ്രജൻ - ഭാവിയിലെ ഇന്ധനം

യു. എസ്. രവീന്ദ്രൻ – 9496120978

ഇന്ന് നാം നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് കാലാവസ്ഥാവ്യതിയാനം. വർഷാവർഷങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന കാലാവസ്ഥാ ആവർത്തി സമ്പ്രദായത്തിനനുസൃതമായി ജീവിതം ചിട്ടപ്പെടുത്തിയിട്ടുള്ള മനുഷ്യനെ ഒരു കൊല്ലം കാലവർഷം കിട്ടിയില്ലെങ്കിലോ, സൂര്യന്റെ ചുട് സാധാരണ പ്രതീക്ഷിക്കുന്ന ഏറ്റവും കൂടുതലായ 40 ഡിഗ്രി സെന്റിഗ്രേഡിൽ കുടുതലായാലോ, ഓരോ വർഷം കഴിയും തോറും ജീവിതം കൂടുതൽ കൂടുതൽ ബുദ്ധിമുട്ടുകളിലേക്ക് കൊണ്ടുചെന്നെത്തിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തിനുള്ള മുഖ്യകരണം അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡ്, മിതേൻ പോലുള്ള ഹരിതഗൃഹ വാതകങ്ങളാണ്. സൂര്യനിൽ നിന്നും ഭൂമിയിലെത്തുന്ന വെയിൽ ഭൂമിയെ ചൂടാക്കുന്നു, ഭൂമിയിൽ നിന്നും ഈ ചൂട് വികരണ പ്രക്രിയയിലൂടെ പുറത്തു പോകാതെ മേൽ പറഞ്ഞ വാതകങ്ങൾ ഒരു പുതപ്പുപോലെ പ്രവർത്തിച്ച് ഭൂമിയുടെ ചൂട് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

മേൽപറഞ്ഞ ഹരിതവാതകങ്ങൾക്കുള്ള മുഖ്യകരണം നമ്മൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കാർബൺ അടിസ്ഥാനമായ ഇന്ധനങ്ങൾ-പെട്രോൾ, ഡീസൽ, ക്രൂഡ്ഓയിൽ CNG (Compressed Natural Gas) കുക്കിങ്ങ് ഗ്യാസ് എന്നിവ കത്തിക്കുമ്പോഴുണ്ടാകുന്ന കാർബൺഡയോക്സൈഡ് ആണ്. ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കുമ്പോൾ അവശിഷ്ടമായി പുറത്തുവരുന്നത് ജലം മാത്രമാണ്. അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നില്ല. മാത്രവുമല്ല ഊർജ്ജം നൽകുവാനുള്ള ഹൈഡ്രജന്റെ ശേഷി ഒരു കിലോഗ്രാമിന് 150 മെഗാജൂൾസ് (150 MJ)എന്ന തോതിലാണ്. ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇന്ധനങ്ങളുടെ ഊർജ്ജം നൽകാനുള്ള ശേഷി താഴെ പറയും വിധമാണ് (Megajoules per kilogram) Cowdung-8, Coal-22, Petrol-45, Kerosene-45, Diesal-45, Methane-50, CNG-50, LPG-55, Biogas-35. അതായത് ഒരു കിലോഗാം പെട്രോളിൽ നിന്നു കിട്ടുന്ന ഊർജ്ജത്തിന്റെ മുന്നിരട്ടിയിലധികം ഊർജ്ജം ഒരു കിലോഗ്രാം ഹൈഡ്രജനിൽ നിന്നും ലഭിക്കും ഊർജ്ജ ആവശ്യങ്ങൾക്ക് മറ്റൊരു ഹരിതോർജ്ജസ്രോതസായ സോളാർ ഊർജ്ജത്തിൽ നിന്നും ലഭിക്കുന്ന അളവിന്റെ കുറവ് ഹൈഡ്രജനിൽ നിന്നുള്ള ഊർജ്ജം കൊണ്ട് നികത്താവുന്നതാണ്

ഹൈഡ്രജൻ കൊണ്ട് ഊർജ്ജം ഉണ്ടാക്കുന്നത് രണ്ടു വിധത്തിലാണ് ഒന്നാമത്തേത് സാധാരണ CNG (Compressed Natural Gas) ഉപയോഗിച്ച് ഓടുന്ന വാഹനങ്ങളെപ്പോലെ ഹൈഡ്രജനെ എഞ്ചിന്റെ സിലിണ്ടറിനകത്ത് കത്തിച്ച് Piston ന്റേയും Crankshaft ന്റെയും സഹായത്താൽ ചലനോർജ്ജമാക്കി മാറ്റലാണ്. രണ്ടാമത്തേത് ഒരു ഇന്ധന ബാറ്ററിയിൽ ഹൈഡ്രജനേയും ഓക്സിജനേയും കടത്തിവിട്ട് അവയുടെ സംയോജനത്തിൽ ഉണ്ടാകുന്ന സ്വതന്ത്രമായ ഇലക്ട്രോണുകൾ പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന ഇലട്രിക്ക് കറന്റ് ഉപയോഗിച്ച് ഇലട്രിക്ക് മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വാഹനങ്ങൾ ഓടിക്കാം. ഇവയെ ഇന്ധനസെല്ലുകൾ (Fuel Cell) എന്ന് പറയുന്നു. ഒരു ഇന്ധനസെല്ലിന്റെ ആനോഡിൽ (+ve Terminal) ഹൈഡ്രജനെ ഇലക്ട്രോണും പ്രോട്ടോണുമായി വിഘടിപ്പിക്കുന്നു. ഇലക്ട്രോൺ വൈദ്യുതിയായി പുറത്ത് കണക്ട്ചെയ്തിട്ടുള്ള ലോഡിലേക്ക് ഒഴുക്കുന്നു. പ്രോട്ടോൺ സെല്ലിനകത്തെ തന്നെ കത്തോഡി

ലേക്ക് (- ve Terminal) പ്രവഹിച്ച് ഓക്സിജനും ഇലക്ട്രോണുമായി പ്രതിവർത്തിച്ച് വെള്ളം ഉണ്ടാക്കുന്നു.

**ഹൈഡ്രജൻ എങ്ങനെ ഉൽപ്പാദിപ്പിക്കാം.**

**1.** ജൈവമാലിന്യങ്ങൾ പഴകി ദ്രവിക്കുമ്പോൾ ധാരാളം മിതേൻ ഗ്യാസ് പുറത്തുവിടുന്നു. മിതേൻ ഗ്യാസ് കാർബണിന്റേയും ഹൈഡ്രജന്റേയും സംയോജിതമാണ് (CH4- ഒരു കാർബൺ ആറ്റവും 4 ഹൈഡ്രജൻ ആറ്റവും).ഈ ഗ്യാസിലെ കാർബണിന്റെ അംശത്തെ അതേപടി യിൽ ഖര കാർബണായി വേർതിരിച്ച് മാറ്റിയാൽ ബാക്കി അവശേഷിക്കുന്നത് ഹൈഡ്രജൻ മാത്രമാണ് (മാലിന്യങ്ങൾ കത്തിക്കുമ്പോൾ മാത്രമേ ഉപദ്രവകാരിയായ കാർബൺഡയോക്സൈഡ് ഉണ്ടാകുന്നുള്ളൂ). ഹൈഡ്രജനെ ഉയർന്ന മർദ്ദത്തിലോ, ദ്രാവക രൂപത്തിലോ ശേഖരിച്ച് സൂക്ഷിക്കാവുന്നതാണ്.

**2.** നീരാവി ഉപയോഗിച്ച് മിതെയ്നിൽ നിന്നും ഹൈഡ്രജൻ വേർതിരിക്കാം (Steam Methane Reforming- SMR) ഈ സമ്പ്രദായം പൊതുവെ ഉപയോഗിച്ച് വരുന്നുണ്ട്. അവശേഷിക്കുന്ന കാർബണിൽ നിന്നും കാർബൺഡയോക്സൈഡ് ഉണ്ടാകാതിരിക്കാൻ പ്രത്യേക സംവിധാനങ്ങൾ ആവശ്യമാണ്.

**3.** ജലത്തിന്റെ ഘടകങ്ങൾ ഓക്സിജനും ഹൈഡ്രജനുമാണ്. ക്ഷാരഗുണമുള്ള ജലത്തെ വൈദ്യുത വിശേഷണം കൊണ്ട് ഓക്സിജനും ഹൈഡ്രജനുമായി വേർതിരിച്ച് ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിക്കാം.

**4.** Proton Exchange Membrane (PEM) എന്ന പ്രത്യേക സംവിധാനം കൊണ്ട് വൈദ്യുത വിശ്ലേഷണം നടന്ന ഹൈഡ്രജനെ വേർതിരിച്ചെടുക്കാവുന്നതാണ്.

**5.** ഉയർന്ന താപത്തിൽ Solid Oxide Electrolysis (SOE) എന്ന സംവിധാനം ഉപയോഗിച്ച് ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കാവുന്നതാണ്.

**6.** കുടാതെ സോളാർ സെല്ലുകളിൽ നിന്നും, കാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ചും ലഭിക്കുന്ന വൈദ്യുതി കൊണ്ട് ജലത്തെ വൈദ്യുത വിശ്ലേഷണം നടത്തി ഹരിത ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കാവുന്നതാണ്.

ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്ന പല രീതികളെ ആസ്പദമാക്കി ഹൈഡ്രജന് പലനിറങ്ങളുടെ പേര് നൽകി തരം തിരിച്ചിട്ടുണ്ട്.

***Green Hydrogen :-*** വൈദ്യുത വിശ്ലേഷണത്തിൽ നിന്ന് ലഭിക്കുന്നത്.

***Blue Hydrogen :-*** കൽക്കരി പെട്രോളിയം ഇന്ധനങ്ങൾ അടിസ്ഥാനമാക്കി ഉണ്ടാക്കുന്നത്.

***Grey Hydrogen :-*** പ്രകൃതി വാതകത്തെ അടിസ്ഥാനമാക്കി ഉൽപ്പാദിപ്പിക്കുന്നത്.

***Purple Hydrogen :-*** ന്യൂക്ലിയർ പവർ ഉപയോഗിച്ചാണ് ഹൈഡ്രജൻ ഉണ്ടാക്കുന്നതെങ്കിൽ

***Turquoise Hydrogen :-*** മിതെയിൻ ഗ്യാസിൽ നിന്നും വേർതിരിച്ചെടുക്കുന്നത്.

***Brown Hydrogen :-*** കൽക്കരിയെ വാതകീകരിച്ച് (Gasification of coal) ഉണ്ടാക്കുന്നത്.

***Yellow Hydrogen :-*** സാധാരണ ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ച് ജലത്തെ വൈദ്യുത വിശ്ലേഷണം ചെയ്ത് ലഭിക്കുന്നത്.

***White Hydrogen :-*** ഏതെങ്കിലും വ്യവസായത്തിന്റെ ഉപോല്പന്നമാണെങ്കിൽ അങ്ങനെ ലഭിക്കുന്ന ഹൈഡ്രജനാണ് വൈറ്റ് ഹൈഡ്രജൻ

ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിച്ച് തുടങ്ങുമ്പോൾ ഉണ്ടാകുന്ന വെല്ലുവിളിയാണ് ഉല്പാദിപ്പിക്കുന്ന ഹൈഡ്രജൻ ശേഖരിച്ച് സൂക്ഷിക്കലും വിതരണവും. സാന്ദ്രത ഏറ്റവും കുറഞ്ഞ വാതകങ്ങളിൽ ഒന്നാണ് ഹൈഡ്രജൻ. വലിയ വലിയ ബലൂണുകളിൽ ഹൈഡ്രജൻ നിറച്ച് പരസ്യങ്ങൾക്ക് വേണ്ടി ആകാശത്തേക്ക് പറത്തിവിടാറുണ്ടല്ലോ. സാന്ദ്രത കുറഞ്ഞ വാതകമായതു കൊണ്ട് ശേഖരിച്ചു വെക്കുവാൻ വളരെ ഉയർന്ന മർദ്ദം ഉൾക്കൊള്ളാൻ പറ്റിയ സിലിണ്ടറുകൾ ആവശ്യമാണ്. അല്ലങ്കിൽ വളരെ

താഴ്ന്ന ഊഷ്മാവിൽ (-253oC) ദ്രാവകരൂപത്തിൽ സൂക്ഷിക്കാവുന്നതാണ്. അമോണിയ വാതകത്തിൽ നൈട്രജനും ഹൈഡ്രജനും മാത്രമാണുള്ളത് (NH3). ആയതിനാൽ ഹൈഡ്രജൻ വാതകം ഒരു സ്ഥലത്തുനിന്നും വേറെ സ്ഥലത്തേക്ക് കൊണ്ടു പോകുന്നതിന് സൗകര്യാർത്ഥം അമോണിയ ആക്കി കൊണ്ടു പോകാറുണ്ട്.

ഹൈഡ്രജൻ അയോണുകൾ വളരെ വളരെ നേർത്തതാകയാൽ ശേഖരിച്ച് വെയ്ക്കുന്ന സിലിണ്ടറിന്റെ സ്റ്റീൽ ആണെങ്കിൽ കൂടി ചെറിയ മോളിക്യൂളുകളുടെ ഇടയിൽ കൂടിപോലും തുരന്ന് കടന്ന് പുറത്തുകടക്കുവാൻ സാദ്ധ്യതയുണ്ട്. അതിനാൽ പ്രത്യേക സിലണ്ടറുകളാണ് ഹൈഡ്രജൻ ശേഖരിച്ചുസൂക്ഷിക്കാനും ഒരു സ്റ്റേഷനിൽ നിന്ന് മറ്റു സ്റ്റേഷനുകളിലേക്ക് കൊണ്ടുപോകാനും ഉപയോഗിക്കുന്നത്. ഇതിന് ഹൈകാർബൺ സ്റ്റീലുകൊണ്ടുള്ളതോ പ്രത്യേക പോളിമർ കൊണ്ടുള്ളതോ ആയ സിലിണ്ടർ ഉപയോഗിക്കുന്നു. എളുപ്പം കത്തുപിടിക്കുന്നതുകൊണ്ടും, വളരെ ചെറിയ ഒരു തീപ്പൊരികൊണ്ട് വലിയ തീപിടുത്തം ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടും ലീക്ക് കണ്ടുപിടിക്കുവാനുള്ള സംവിധാനവും ഹെഡ്രജൻ കൈകാര്യം ചെയ്യുന്ന സ്റ്റേഷനുകളിൽ അനിവാര്യമാണ്.

അന്തരീക്ഷമർദ്ദത്തിന്റെ 400 മുതൽ 700 ഇരട്ടിവരെ മർദ്ദത്തിലാണ് ഹൈഡ്രജൻ സൂക്ഷിക്കുന്നത്. കാറുകളിൽ ഉപയോഗിക്കുമ്പോൾ 6 കിലോഗ്രാം ഹൈഡ്രജൻ ഉപയോഗിച്ചുകൊണ്ട് 600 കിലോമീറ്റർ ദൂരം വരെ സഞ്ചരിക്കാം. 40 മുതൽ 120 ലിറ്റർ വരെ വെള്ളവും ആവശ്യമാണ്. ഭാരം വഹിച്ചുകൊണ്ടുപോകുന്ന ട്രക്കുകളിലാണെങ്കിൽ 20 കിലോഗ്രാം ഹൈഡ്രജൻ ഉപയോഗിച്ച് 500 കിലോമീറ്റർ വരെ ലോഡുകൾ എത്തിക്കാം.

ടെയോട്ടാ കമ്പനി പരീക്ഷണാടിസ്ഥാനത്തിൽ ഹൈഡ്രജൻ കാറുകൾ നിരത്തിലിറക്കിയിട്ടുണ്ട് 60 ലിറ്റർ വെള്ളവും 5 കിലോഗ്രാം ഹൈഡ്രജനും ഉപയോഗിച്ച് 600 കിലോമീറ്റർ വരെ ഓടിക്കാവുന്ന ഹൈഡ്രജൻ ഇന്ധന സെല്ലുള്ള 4 സിലിണ്ടർ കാറുകളാണവ. കൊറിയൻ കമ്പിനിയായ ഹുണ്ടായിയും പുതിയ NEXO ഹൈഡ്രജൻ കാറുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഓടിക്കുന്നുണ്ട്. കൊച്ചിൻ ഷിപ്പ്യാഡിൽ നിർമ്മിച്ച ഹൈഡ്രജൻ ഇന്ധനസെല്ലുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബോട്ട് വാണിജ്യാടിസ്ഥാനത്തിൽ വാരാണസിയിൽ ഓടുന്നുണ്ട്. അശോക്‌ലെലാന്റ് കമ്പനി ഹൈഡ്രജൻ ഇന്ധനസെല്ലുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകളും, ട്രക്കുകളും പുറത്തിറക്കിയിട്ടുണ്ട്. ഹൈഡ്രജൻ നിറക്കാനുള്ള സ്റ്റേഷനുകൾ റിലയൻസ് കമ്പനി ഗുജറാത്തിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. നെടുമ്പാശ്ശേരിയിൽ സിയാൽ ഹൈഡ്രജൻ ഫില്ലിംഗ് സ്റ്റേഷൻ ഈയിടെയായി ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യയിലെ ആകെ വൈദ്യുതോൽപ്പാദനം 485 Giga Wats ആണ് (485000 Mega Watts). ഇതിൽ 243 Giga Wats, സോളാർ പവ്വർ, Wind Power, Hydro Power തുടങ്ങിയ ജൈവേതര (Non Fossil) സംവിധാനങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. ബാക്കി Petrol, Diesal, Gas തുടങ്ങിയ ജൈവ (Fossil) ഇന്ധനങ്ങളിൽ നിന്നുമാണ്.

ഇന്ത്യയുടെ National Green Hydrogen Mission അന്തരീക്ഷമലിനീകരണമില്ലാത്ത ഊർജ്ജ സ്രോതസായ ഹൈഡ്രജൻ ഉൽപ്പാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച പ്രസ്ഥാനമാണ് . ഭാവിയിൽ ഹൈഡ്രജൻ പൈപ്പ് ലൈനിലൂടെ എത്തിക്കാൻ 180 Billion സോളാറിന്റെ പദ്ധതി പ്ലാൻ ചെയ്തിട്ടുണ്ട്. ഇത് ഹൈഡ്രജൻ ഉൽപ്പാദനത്തിലും കയറ്റുമതിയിലും ഇന്ത്യയെ മുൻ നിരയിലെത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. 2030 ആകുമ്പോഴേക്കും ഇന്ത്യയുടെ ഹൈഡ്രജൻ ഉൽപ്പാദനം കൊല്ലത്തിൽ 50 ലക്ഷം ടൺ എന്ന തോതിലേക്ക് ഉയർത്തണമെന്ന്

(ശേഷം 26-ാം പേജിൽ)

# മഹാബലി - പുരാണത്തിലും ഭാഗവതത്തിലും

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

വേദോപനിഷത്തുക്കളുടെ സാരസർവ്വസ്വമായ ഭാഗവതം മനുഷ്യന് അവന്റെ അഭീഷ്ടങ്ങൾ സാധിക്കുവാൻ മനസിലാക്കേണ്ട ഒരു സർവ്വവേദാന്ത സംഗ്രഹമാണ്. ബ്രഹ്മദേവൻ നാരദന് ഉപദേശിച്ചു, സനകമുനി നാരദനെ ഏഴ് ദിവസം കൊണ്ട് വായിച്ചു കേൾപ്പിച്ചു, കന്നിമാസത്തിലെ ശുക്ല നവമി ദിവസം മുതൽ ശ്രീശുകൻ പരീക്ഷിത്ത് മഹാരാജാവിന് ഭാഗവതം ഉപദേശിക്കുകയും ചെയ്തു. പരീക്ഷിത്ത് അനിവാര്യമായ മരണമുഖത്തു നിൽക്കുമ്പോൾ, അദ്ദേഹത്തിന്റെ മനസ്സിനെ മുൾമുനയിൽ നിർത്തി നടത്തിയ ഈ തത്ത്വോപദേശം ഭക്തിസാന്ദ്രമാണ്. ശുകൻ പരീക്ഷിത്തിനോട് പറഞ്ഞു "അജ്ഞാനമാണ് ദുഃഖകാരണം" ഭാഗവതത്തിന്റെ ഉദ്ദേശം മനുഷ്യ സമൂഹത്തിന്റെ ഉദ്ധാരണമാണ്. മനുഷ്യ മനസ്സിന്റെ തലങ്ങളിൽ സഞ്ചരിച്ച് ബുദ്ധിയുടെ തലത്തിൽ നിന്നുകൊണ്ട് സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ ഹൃദയത്തിന്റെ ഭാഷ വിവരിക്കുമ്പോഴാണ് നമുക്ക് പ്രഹ്ലാദ പൗത്രനായ മഹാബലിയേയും വാമനനേയും കാണാൻ കഴിയുന്നത്.

ദേവാസുരയുദ്ധം പുരാണങ്ങളിലും മറ്റും സാധാരണ കണ്ടുവരാറുണ്ട്. ഇവിടെ ദേവാസുര യുദ്ധം കൊടുമ്പിരികൊണ്ടിരിക്കുകയാണ്. മഹാബലിയുടെ ദേഹത്തിന് ജരാനരകളിൽ നിന്നും മുക്തി നേടാൻ അമൃത് കൈക്കലാക്കാൻ ഈ രണ്ടു കൂട്ടരും ശ്രമിച്ചതും മറ്റും കഥയാണല്ലോ. ഇതിനു ശേഷം നടന്ന യുദ്ധത്തിൽ അസുര ചക്രവർത്തിയായ മഹാബലിക്ക് മുറിവേറ്റു. അസുരഗുരുവായ ശുക്രാചാര്യർ മുറിവെല്ലാം ഭേദപ്പെടുത്തി ആരോഗ്യം വീണ്ടെടുത്ത് കൊടുത്തു. ശക്തി കൂട്ടുന്നതിന് വീണ്ടും നൂറു യാഗങ്ങൾ കൂടെ ചെയ്യിച്ചു. 'വിശ്വജിത്ത് ' എന്ന യാഗം ചെയ്യിക്കാൻ ശുക്രാചാര്യർ ശ്രമിച്ചു. പ്രഹ്ലാദൻ നൽകിയ വാടാത്ത മാലയും ധരിച്ചു യുദ്ധസന്നാഹങ്ങളോടുകൂടി മഹാബലി ദേവലോകത്തേക്ക് യുദ്ധത്തിനായി പുറപ്പെട്ടു. ഇന്ദ്രപുരിയിലെത്തിയ മഹാബലിയെ കണ്ട് ദേവേന്ദ്രനും സംഘവും ഓടിയൊളിച്ചു. ആചാര്യർ യാഗങ്ങൾ കൂടുതൽ ചെയ്യിച്ച് മഹാബലിയെ ശക്തനാക്കി. ദേവന്മാർ അവരുടെ ഗുരുവായ ബ്രഹസ്പതിയെ സമീപിച്ചു സങ്കടമുണർത്തി. ബ്രഹസ്പതി പറഞ്ഞു. 'ഇപ്പോൾ ആചാര്യന്റെ കൃപകൊണ്ട് മഹാബലി ശക്തനാണ്. ഒരിക്കൽ മഹാബലി ആചാര്യരെ അനുസരിക്കാതെ തള്ളും അപ്പോൾ നിങ്ങൾക്ക് ജയിക്കാം'. ദേവേന്ദ്രൻ ദേവലോകം വിട്ടു. മഹാബലി സ്വർഗ്ഗവും ഭൂമിയും തന്റെ കീഴിലാക്കി, ശക്തനായി മാറി.

ദേവേന്ദ്രന്റെ മാതാവായ അദിതിദേവി ദുഃഖിതയായി. കശ്യപപ്രജാപതി അദിതിയുടെ ദുഃഖകാരണം മനസ്സിലാക്കി വിഷ്ണുവിനെ പൂജിക്കുവാൻ പറഞ്ഞു. ഇതിനോടൊപ്പം 'പയോവൃതം' ആചരിക്കുവാനും ഉപദേശിച്ചു. മീനമാസത്തിലെ ശുക്ലപക്ഷം മുതൽ ദ്വാദശി വരെ പാൽ മാത്രം കഴിക്കണം. കറുത്ത വാവിൻനാൾ നദിയിൽ കുളിക്കണം. കാട്ടുപന്നിയുടെ തോറ്റകൊണ്ട് കുത്തിയിളക്കിയ മണ്ണുപയോഗിച്ച് തേച്ചുകുളിക്കണം. അതുകഴിഞ്ഞ് ശ്രീഹരിയെ മനസ്സിരുത്തി പ്രാർത്ഥിക്കണം. മന്ത്രം ജപിച്ചു ഭഗവാനെ ആവാഹിച്ചിരുത്തി പൂജിക്കണം. മാലചാർത്തി പാലുകൊണ്ടഭിഷേകം ചെയ്ത് വസ്ത്രം, പൂണൂൽ, പൂവ്, ചന്ദനം മുതലായവ അണിയിച്ച് 'ഓം നമോ ഭഗവതേ വാസുദേവായ' എന്ന് ചൊല്ലി, പായസം നി

വേദിക്കണം. എന്നിട്ട് ഉണക്കലരിച്ചോറ് നിവേദ്യം ചെയ്തു കഴിക്കണം. പിന്നീട് വേണ്ട ദക്ഷിണ നൽകി, ബ്രഹ്മചര്യം അനുഷ്ഠിച്ച് പ്രാർത്ഥിക്കണം. പിറ്റേദിവസം മുതൽ വൃതം ഈശ്വരാരാധനയ്ക്കുള്ള മാർഗ്ഗങ്ങളിൽ ഏറ്റവും ഉൽകൃഷ്ടമായ വൃതമാണ് 'പയോവൃതം' അദിതിയുടെ പ്രാർത്ഥനയിൽ സന്തുഷ്ടനായി ഭഗവാൻ പ്രത്യക്ഷപെട്ടു 'ഞാനവിടുത്തെ പുത്രനായി ജനിച്ചുവന്ന് അവിടുത്തെ പുത്രന്മാരെ രക്ഷിക്കാമെന്ന് പറഞ്ഞു'. അങ്ങനെ കാലക്രമത്തിൽ ഭാഗവാൻ മകനായി അദിതിയിൽ ജനിച്ചു. ഭഗവാന്റെ ശാരീരിക സൗന്ദര്യം കൊണ്ട് കാശ്യപാശ്രമം പ്രകാശിച്ചു. ചിങ്ങമാസത്തിലെ ശുക്ലപക്ഷ ദ്വാദശി നാളിൽ ഭഗവാൻ പിറന്നു കശ്യപൻ ഉപനയനം നടത്തി. സൂര്യദേവൻ ഗായത്രി പറഞ്ഞു കൊടുത്തു ഇങ്ങനെ ദേവന്മാർ ഓരോന്നോരോന്ന് കുഞ്ഞിന് നൽകി.

ഈ സമയം ശുക്രാചാര്യർ മഹാബലിയുടെ ശക്തി കൂട്ടുന്നതിനായി യാഗങ്ങൾ ചെയ്യിച്ചു കൊണ്ടിരുന്നു. നർമ്മദാനദിയുടെ വടക്കു ഭാഗത്തുള്ള ഭൃഗുകച്ഛം എന്ന സ്ഥലത്ത് നടത്തിയിരുന്ന യാഗത്തിലേക്ക് കുമാരൻ കടന്നു വന്നു. വാമനന്റെ ആകാരഗാംഭീര്യത്തിൽ അവിടെയുണ്ടായിരുന്നവർ ആകൃഷ്ടരായി. മഹാബലി വന്ന് വിവരങ്ങൾ അന്വേഷിച്ചു. അപ്പോൾ വാമനൻ പറഞ്ഞു

'ഞാനൊരു തപോനന്ദനൻ; നിരാധാരൻ
ദീനനായ് മഹാത്മക്കളാധാരമായുള്ളവൻ
താനേ പോന്നിതു സഹായികളില്ലാരും തന്നെ
സാനന്ദം പലേടത്തും സഞ്ചരിക്കയും ചെയ്യും
പേരവരെല്ലാം അന്നന്ന് പലതരം
ഓരോരോ നിമിത്തങ്ങൾക്കോരോന്നേ
ചൊല്ലിപ്പോരു'

അതിനുശേഷം മഹാബലിയെ പുകഴ്ത്തി, പ്രകീർത്തിച്ചു മഹാബലി സന്തുഷ്ടനായി എന്താണ് വേണ്ടതെന്ന് ചോദിച്ചു. ഹൃദ്യമായ ബഹുമാനവും പെരുമാറ്റവും വാമനനെ സന്തോഷിപ്പിച്ചു. ബലിയുടെ വംശപരമ്പരയുടെ ദാനധർമ്മത്തേക്കുറിച്ച് പ്രശംസിച്ചിട്ടവസാനം എന്റെ കാൽകൊണ്ട് അളക്കാവുന്ന മൂന്നടി ഭൂമി തന്നാലുമെന്നറിയിച്ചു. എന്നാൽ വാമനനെ കൊച്ചുകുട്ടിയായി കണ്ട് കുറച്ചുകൂടി ചോദിക്കുവാൻ ബലി നിർബന്ധിച്ചു. താൻ മൂന്നടി ഭൂമി മാത്രമേ ആവശ്യപ്പെടുന്നുള്ളു എന്ന് പറഞ്ഞ വാമനന് ദാനം കൊടുക്കുവാൻ മഹാബലി ആശ്ചംജലപാത്രമെടുത്തു. അപ്പോൾ ശുക്രാചാര്യർ തടഞ്ഞുകൊണ്ട് ബ്രാഹ്മണ കുമാരന്റെ വേഷത്തിൽ വന്നത് ഭഗവാനാണെന്നും അദിതിയുടെ മകനായി അവതാരമെടുത്ത് 3 അടി എന്നാൽ ഭൂമിയും, സ്വർഗ്ഗവും, ആകാശവും അളക്കുമെന്നും പറഞ്ഞു. ദാനം ചെയ്തു കഴിഞ്ഞാൽ കൊടുക്കുന്ന ആൾക്ക് മറ്റു സ്വത്തുക്കളൊന്നും ഇല്ലായെങ്കിൽ സജ്ജനങ്ങൾ അംഗീകരിക്കില്ലായെന്നും പുരുഷാർത്ഥങ്ങൾ നേടാൻ ശരീരമാവശ്യമാണെന്നും ശരീരത്തെ രക്ഷിക്കാൻ സാധിക്കാത്തവന്റെ ശരീരത്തിൽ നിന്നും ഓം വിട്ടുപോകുമെന്നൊക്കെ ഗുരു പറഞ്ഞു. ഇതുകേട്ട മഹാബലി ഗ്രഹസ്ഥാശ്രമ ധർമ്മത്തേക്കുറിച്ചു പറഞ്ഞു. ശുക്രൻ പറഞ്ഞത് കേൾക്കാത്തതുകൊണ്ട് ഗുരു ശപിച്ചുകൊണ്ടിങ്ങനെ പറഞ്ഞു 'അറിവില്ലാത്ത നീ ഐശ്വര്യ ഭ്രഷ്ടനായി തീരട്ടെ' മഹാബലി വാക്ക് പാലിച്ചു. എല്ലാവരും കർമ്മത്തെ പുകഴ്ത്തി. ഭഗവാൻ തന്റെ വിശ്വരൂപം കാണിച്ചു ആ ശരീരത്തിൽ എല്ലാ ലോകങ്ങളും കണ്ട അസുരന്മാർ ഭയന്നു. രണ്ടാമത്തെ അടിവെക്കാൻ സ്വർഗ്ഗം, മൂന്നാമത്തെ അടിവെക്കാൻ സ്ഥലമില്ല. ഇതെല്ലം കണ്ട അസുരൻമാർ വിഷ്ണുവിനെ വധിക്കണമെന്ന് പറഞ്ഞു. ശൂക്രന്റെ ശാപമോർത്ത് മഹാബലി കാലം നമുക്കനുകൂലമല്ലായെന്ന് പറഞ്ഞ് അവരെ സമാധാനിപ്പിച്ചു. അവർ പാതാളത്തിലേക്ക് പോയി.

ഭഗവാന്റെ അനുഗ്രഹത്താൽ ഗരുഡൻ മഹാബലിയെ ബന്ധിച്ചു. അങ്ങനെ മഹാബലിയുടെ എല്ലാം തന്റേതാണെന്ന ദുരഭിമാനം നശിച്ചു. ഭഗവാൻ മഹാബലിയെ ബന്ധിച്ചിട്ടിങ്ങനെ പറഞ്ഞു മൂന്നാമത്തെ അടിവെക്കാൻ നിന്റേതായി

ഒന്നുമില്ല. മൂന്നുലോകങ്ങളും തന്റേതാണെന്നു പറഞ്ഞു എന്നെ കബളിപ്പിച്ചു. ഈ അസത്യത്തിന്റെ ഫലം നരകവാസമാണ്. മൂന്നാമത്തെ അടി തന്റെ തലയിൽ വെച്ച് തന്റെ വാക്കുകൾക്ക് അർത്ഥം കൊടുക്കണമെന്നും ജീവിതം ചഞ്ചലമാണെന്ന് ഓർമ്മിച്ചില്ല എന്നൊക്കെ ഭഗവാനോടു പറഞ്ഞു. ആ സമയം അവിടെയെത്തിയ പ്രഹ്ലാദൻ പറഞ്ഞു ഐശ്വര്യം വർദ്ധിച്ചതു കൊണ്ടു വിവേകം കുറഞ്ഞിരിക്കുകയാണെന്നും പിന്നീട് ഭാര്യയും ബ്രഹ്മാവും മഹാനായ ബാലിയെ ദുഃഖിപ്പിക്കാതെ മോചിപ്പിക്കണേയെന്ന് പ്രാർത്ഥിച്ചപേക്ഷിച്ചു. ഭഗവാൻ മനുഷ്യന്റെ അഹങ്കാരത്തേക്കുറിച്ചും അഹങ്കാരം സർവ്വ ശ്രേയസ്സുകളേയും നശിപ്പിക്കുമെന്നും പറഞ്ഞു. എന്തും സഹിച്ചു സത്യം പാലിക്കാൻ ശ്രമിക്കുന്ന ഇയാൾക്ക് ഞാൻ ദേവന്മാർക്കുപോലും കൊടുക്കാത്ത മഹാസ്ഥാനം കൊടുക്കുന്നു എന്ന് പറഞ്ഞു, ബലി സാവർണ്ണി മന്വന്തരത്തിൽ ദേവേന്ദ്രനായി തീരും. ഇപ്പോൾ മഹാരാജപദവി നൽകുന്നു. അങ്ങയുടെ ആജ്ഞ അനുസരിക്കാത്തവരെ ഞാൻ നിഗ്രഹിക്കും. സുതലവാസത്തിൽ കഴിയുന്ന അങ്ങയെ സംരക്ഷിച്ചുകൊണ്ട് ഞാൻ ഗോപുരവാതിൽക്കൽ ഇരിക്കും. പിന്നീട് ശുക്രാചാര്യരോട് യാഗം പൂർത്തിയാക്കുവാൻ പറഞ്ഞു. അങ്ങനെ യാഗം പൂർത്തിയായി സ്വർഗ്ഗം ദേവേന്ദ്രന് ലഭിച്ചു.

ഇവിടെ നാം ചിന്തിക്കേണ്ടത് നല്ല കാലത്ത് എല്ലാം നമുക്കനുകൂലമാണ്. അനുകൂല സാഹചര്യം മനുഷ്യനെ അഹങ്കാരിയാക്കും മറ്റുള്ളവർ നമ്മെ സമീപിക്കുമ്പോൾ എന്തുദ്ദേശമാണ് എന്ന് ചിന്തിക്കണം അല്ലാതെ സംശയാലുവായ രോഗിയായി മാറി താൻ പിടിച്ചതാണ് യാഥാർത്ഥ്യം എന്ന് തീരുമാനിച്ച് പ്രവർത്തിക്കരുത് അറിവുള്ളവർ പറയുന്നതിന് കാതോർക്കണം ധർമ്മിഷ്ഠനായ മഹാബലിയെ ബാഹ്യമായ പ്രലോഭനങ്ങളിൽ വീഴരുതെന്ന സത്യം ഭഗവാൻ ഓർമ്മിപ്പിക്കുകയാണ്. ഒന്നും മനസ്സിലാക്കാതെ, ചിന്തിക്കാതെ നരകത്തിലേക്ക് ചാടിക്കയറിയ ഒരു പാട് വ്യക്തിത്ത്വങ്ങൾ നമ്മുടെ ചരിത്രത്തിലുണ്ട് പരമസത്യമായ ജ്ഞാനിയായ ഭഗവാന് മഹാബലിയെന്ന ദാനധർമ്മിഷ്ഠനെ അറിയാം. അസുരഭാവം ഇല്ലാത്ത അങ്ങയുടെ ഗോപുര വാതിൽ ഞാൻ സംരക്ഷിക്കും വരുണ പാശത്തിൽ നിന്നും മോചിതനായ മഹാബലി ഭഗവാനെ നമസ്കരിച്ചു ഭഗവാൻ പറയുന്നു.

'ഞാനനുഗ്രഹം ചെയ്വാൻ കാലമായ് വരുന്നവൻ അഹങ്കാരത്തേയും ഞാനെന്ന ഭാവത്തേയും അകലുമ്പോൾ അനുഗ്രഹം ഭക്ത്യാ ഭവിച്ചിടുമെന്നറിക നീ' എന്റെ ഭക്തി പൂണ്ട് അനുദിനം മുക്തനായ് വരികയെന്നനുഗ്രഹിച്ചു. ■

---

(23-ാം പേജിന്റെ തുടർച്ച...)

ലക്ഷ്യമിട്ടിട്ടുണ്ട് . അപ്പോഴേക്കും 160 Giga Watts കൂടുതലായി പുനരുപയോഗയുക്ത ഊർജ്ജം (Renewable Energy- Wind, Solar, Hydro, Geothermal) ആവശ്യമായി വരും ജലത്തെ വൈദ്യുത വിശ്ലേഷണം ചെയ്തിട്ടാണല്ലോ ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്നത് ആ ആവശ്യത്തിന് 10000 ലക്ഷം ക്യുബിക് മീറ്റർ ജലവും ആവശ്യമായിവരുന്നതാണ്. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കെല്ലാം കുടി 30 ലക്ഷം പേർക്ക് നേരിട്ടോ അല്ലാതേയോയുള്ള തൊഴിൽ സാദ്ധ്യതയും ഉണ്ടായേക്കും.

അടുത്ത തലമുറയുടെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ ഹൈഡ്രജന് കഴിയും നിലവിലുള്ള വ്യവസായങ്ങൾ, ഊർജ്ജമേഖല, ചരക്കു നീക്കങ്ങൾ എല്ലാം നടക്കുന്നത് ടൺ കണക്കിന് കാർബൺഡയോക്സൈഡ് പോലെയുള്ള വാതകങ്ങൾ പുറംതള്ളിക്കൊണ്ടാണ് ഹൈഡ്രജൻ നമ്മുടെ നിത്യജീവിതത്തിലേക്ക് കൂടി എത്തുമ്പോൾ നമ്മുട സാമ്പത്തിക രംഗം അഭൂതപൂർവ്വമായ വളർച്ചയിലേക്ക് എത്തുന്നതാണ്. അന്തരീക്ഷ മലിനീകരണം കുറയുമ്പോൾ സ്വാഭാവികമായും ആരോഗ്യരംഗവും മെച്ച പ്പെടും. പ്രകൃതിദത്തമായ ഹൈഡ്രജൻ എന്ന ഊർജ്ജ പ്രതിഭാസത്തെ സ്വാഗതം ചെയ്യുക. ■

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി – 9388602778

*രണ്ടാം ദിവസം*

ഏപ്രിൽ 26–ാം തിയതി ശനിയാഴ്ച തുടങ്ങിയത് ഞങ്ങളുടെ ബാക്കു ടൂറിലൂടെയാണ്. തലേ ദിവസം ഞങ്ങൾ പോയി Towers of Flame കണ്ടെങ്കിലും രാവിലെ നേരത്തെ തന്നെ റെഡിയായി. ഞങ്ങളുടെ ഗൈഡ് മിഖാനായിരുന്നു. അദ്ദേഹം ഞങ്ങളെ ഹെയ്ദർ അലിയേവ് സെന്ററിലേക്കാണ് ആദ്യം കൊണ്ടുപോയത്. അതിന്റെ മുന്നിൽ ഒരു ഐ ലവ് ബാക്കു സൈൻ ഉണ്ടായിരുന്നു. അതിന്റെ മുമ്പിൽ നിന്ന് ഫോട്ടോയൊക്കെ എടുത്തു. 'I Love Baku' എന്നത് ഒരു ഡിസൈൻ മാത്രമല്ല; ഇത് ഈ നഗരത്തിന്റെ സമ്പന്നമായ സംസ്കാരത്തെയും സൗഹൃദപരമായ അന്തസിനെയും കോർത്തിണക്കുന്ന ഒരു സിംപൽ ആണ്. സാധാരണ എല്ലാ ടൂറിസ്റ്റുകളും ഫോട്ടോ എടുക്കുന്നതും ഇവിടെ വന്നാണ്. നല്ല ഫോട്ടോജെനിക്ക് ആയിട്ടുള്ള ആംബിയൻസ് ആണ് ഉള്ളത്. നിറയെ ലോണുകളും ഇടയ്ക്കിടയ്ക്ക് വാട്ടർബോഡീസും ആയിട്ടുള്ള ഒരു ആർക്കിടെക്ച്ചറൽ മാസ്റ്റർ പീസ് തന്നെയാണ്. ഇതും യഥാർത്ഥത്തിൽ അലിയാർ ഫാമിലിക്ക് ഡെഡിക്കേറ്റ് ചെയ്തിട്ടുള്ള ഒരു സെന്ററാണ്. ഈ സെന്റർ ഒരു 57,500 m2, അതായത് ഒരു ആറ് ലക്ഷത്തോളം Sq.ft വിസ്തീർണമുള്ള വലിയ ഒരു ഭവനസമുച്ചയം ആണ്, ഇത് സാഹ ഹദീദ് രൂപകൽപ്പന ചെയ്തതാണ്. അതിന്റെ വ്യത്യസ്തമായ നിർമ്മാണ ശൈലിപ്രശസ്തമാണ്. പ്രധാന കരാറുകാരായ ഡിയ ഹോൾഡിംഗ്സ് തന്നെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്.

സാഹ ഹദീദ് അറബ് മുസ്ലിം ആണ്. ബാഗ്ദാദിൽ നിന്നും ആർക്കിടെക്റ്റായി ഉയർന്നുവന്ന ഒരു വനിതയാണ് സാഹ ഹദീദ് ധാരാളം ഇന്റർനാഷണൽ ആർക്കിടെക്ച്ചർ ബിൽഡിംഗ് അവർ ചെയ്തിട്ടുണ്ട്, ഉദാഹരണമായി ലണ്ടനിലെ അക്വാട്ടിക് സെന്റർ, ചൈനയിലെ ഓപേര ഹൗസ്, ഇറ്റലി, സ്കോട്ട്ലെന്റ് എന്നിവിടങ്ങളിലെ മ്യൂസിയങ്ങൾ അങ്ങനെ ധാരാളം. ഹൈദർ അലിയേവ് സെന്റർ 8 നിലകളായാണ് നിർമ്മിച്ചിരിക്കുന്നത് അതിൽ ഫ്ള്യൂയിഡ് ആർക്കിടെക്ച്ചർ ലെവലിലുള്ള 1000 സീറ്റുള്ള ഒരു ഓഡിറ്റോറിയം, എക്സിബിഷൻ ഹാൾ, കോൺഫറൻസ് ഹാൾ വർക്ക് ഷോപ്പ് നടത്താനുള്ള സ്ഥലം, മ്യൂസിയം മുതലായവയുണ്ട് അങ്ങനെ ഒരു മൾട്ടിപ്പിൾ കോംപ്ലക്സ് ഓഫ് കൾച്ചറൽ സെന്റർ ആയിട്ടാണ് അത് പ്രവർത്തിക്കുന്നത് . റഷ്യൻ ലിബറേഷന് ശേഷം (1991–ൽ റഷ്യയിൽ നിന്നും വിമുക്തമായ ശേഷം) ഔട്ട് ഓഫ് റഷ്യൻ ആർക്കിടെക്ചറൽ എന്നുകൂടി വിചാരിച്ചു ചെയ്തിരിക്കുന്ന ഒരു ബിൽഡിംഗ് ആണ് ഇത്. ഇതിന്റെ മുൻപിൽ ബോട്ടിൽ, ടയേഴ്സ് (സ്ക്രാപ്) തുടങ്ങിയവ ഉപയോഗിച്ച് വളരെ മനോഹരമായി ഡിസൈൻ ചെയ്തിരിക്കുന്ന ഒരു പുരുഷന്റെയും സ്ത്രീയുടെയും ശില്പങ്ങൾ ഉണ്ട്. ഇതിന്റെ മുൻപിൽ നിന്നും ഞങ്ങൾ ഫോട്ടോ എടുത്തതിനു ശേഷം ബസ്സിൽ കയറി അടുത്ത സ്ഥലത്തേക്ക് പോയി

ഓൾഡ് സിറ്റി സെന്ററിലേക്കായിരുന്നു ഞങ്ങളുടെ അടുത്ത യാത്ര. ഞങ്ങൾ അവിടെയെത്തിയപ്പോൾ ബസ് പാർക്ക് ചെയ്യാൻ പറ്റാത്തതുകൊണ്ട് പാർക്കിങ്ങ് ഏരിയയിലേക്ക് ബസ് പോയി. അതിനുശേഷം വാക്കിങ് ടൂർ ഓഫ് ഓൾഡ് സിറ്റിയിലേക്കാണ് ഞങ്ങൾ പോയത്. അലിയാക വാഹിദ് എന്ന പ്രസിദ്ധമായ ഒരു കവിയുടെ ശില്പം അവിടെ ഉണ്ട്. ആ ശില്പത്തിനെ തലയുടെ ഒരു ഭാഗത്ത് സന്തോഷവും മറുഭാഗത്ത് സങ്കടവും എന്ന രീതിയി

ലാണ് നിർമ്മിച്ചിരിക്കുന്നത്. ശില്പത്തിന്റെ ഒരു ഭാഗം അദ്ദേഹത്തിന്റെ കല്യാണ സമയത്ത് ആളുകൾ സംഗീത ഉപകരണങ്ങൾ വായിച്ചുകൊണ്ടുള്ള സന്തോഷകരമായ കുറെ ചെറിയ ശില്പങ്ങൾ തലമുടിക്ക് പകരം പിടിപ്പിച്ചാണ് മുടിയുടെ ഫീലിംഗ് ഉണ്ടാക്കിയിരിക്കുന്നത്. അതുപോലെ മറുഭാഗം അദ്ദേഹത്തിന്റെ ശവസംസ്കാര സമയത്ത് ശവമഞ്ചം കൊണ്ടുപോകുമ്പോഴുള്ള സങ്കട ഭാവമാണ് വിവരിച്ചിരിക്കുന്നത്. മരണസമയത്ത് അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന കവികളുടെ ശില്പം വെച്ചിട്ടാണ് നിർമ്മിച്ചിരിക്കുന്നത്. ഇത് നിർമ്മിച്ചതാകട്ടെ ഒരു കൂട്ടം ശില്പികളുടെ കൂട്ടായ്മയിലാണ്. ഈ പ്രതിമയുടെ അടുത്ത് നിന്നാണ് ഓൾഡ് സിറ്റി എന്ന സ്ഥലം തുടങ്ങുന്നത്, ഓൾഡ് സിറ്റി ബാക്കുവിന്റെ ഹൃദയ ഭാഗത്താണ് ഇത് ഒരു കോട്ട പോലെയാണുണ്ടായിരുന്നത് റഷ്യൻ പടയൊരുക്കത്തോടുകൂടി ഈ കോട്ടയ്ക്കു പുറത്തേക്ക് ആളുകൾ താമസിക്കുകയും ചെയ്തു. പിന്നീട് കോട്ടയ്ക്ക് പുറമെയുള്ള സ്ഥലത്തിന് 'ന്യൂസിറ്റി' എന്ന് വിളിപ്പേര് വന്നു. കോട്ടയ്ക്കുള്ളിൽ താമസിക്കുന്നവർ യഥാർത്ഥ ആൾക്കാരാണെന്നും ന്യൂസിറ്റിയിലുള്ളവർ വന്നു താമസിക്കുന്നവരാണെന്നുമുള്ള വേർതിരിവ് കുറച്ചുകാലം ഉണ്ടാവുകയും ചെയ്തു. കോട്ടയ്ക്കുള്ളിൽ ഇപ്പോഴും ആളുകൾ താമസിക്കുന്നുണ്ട്. പക്ഷെ പലതും ബോട്ടിക്കും, ഹോട്ടലുകളുമൊക്കെയായി മാറി കഴിഞ്ഞിട്ടുണ്ട്. അവിടുത്തെ വഴികളെല്ലാം തീരെ ഇടുങ്ങിയതാണ് കാറൊന്നും പോവുകയില്ല ഞങ്ങൾ അതിലൂടെ വാക്കിങ്ങ് ടൂർ നടത്തിയപ്പോൾ പഴയ കെട്ടിടങ്ങളും പഴയ ആർക്കിടെക്ച്ചറുകളും മറ്റും കാണുവാൻ സാധിച്ചു. ഓൾഡ് സിറ്റി 7-ാം സെഞ്ചറി മുതൽ ഉണ്ടെന്ന് പറയുന്നു. 12-ാം സെഞ്ചറി മുതലുള്ള കെട്ടിടങ്ങൾ അവിടെയുണ്ട് അതിൽ തന്നെ ഫോട്ടോ വാൾ, മെയ്ഡൻ ടവർ, ഷിർവാൻഷാകളുടെ കൊട്ടാരം ഇതൊക്കെയാണ് പ്രധാനമായും കാണാനുള്ളത്. ചിലതൊക്കെ 15, 16 സെഞ്ചറിയിൽ വന്നിട്ടുള്ളതാണ് കാലപ്പഴക്കം കൊണ്ട് ചിലതൊക്കെ നശിച്ചു പോയിട്ടുമുണ്ട്. മറ്റു ചിലത് അവർക്കു പറ്റുന്നതുപോലെ നിലനിർത്തിയിട്ടുണ്ട്. പിന്നെ അവിടെ ഞങ്ങൾ കണ്ടത് കാരവൻ സെറായ് ആണ് എന്നുവെച്ചാൽ വഴിയിൽ വിശ്രമിക്കുന്നവർക്ക് കച്ചവടം ചെയ്യാനുള്ള സ്ഥലം. യഥാർത്ഥത്തിൽ ഇത് സിൽക്ക് റൂട്ടിന്റെ ഭാഗമായിരുന്നു, യുറോപ്പിനെയും ചൈനയെയും തമ്മിൽ ബന്ധിപ്പിക്കുന്ന വഴിയായിരുന്നു, ഇതിലൂടെ കടന്നു പോകുന്നവരൊക്കെയും കാസ്പിയൻ കടൽ എത്തുമ്പോൾ വിശ്രമിക്കുന്ന ഒരു സ്ഥലമായിരുന്നു ബാക്കു അങ്ങനെ വരുന്ന വ്യാപാരികൾക്കൊക്കെ താമസിക്കാനും കച്ചവടം നടത്താനും വേണ്ടി നിർമ്മിച്ച കെട്ടിടമാണ് കാരവൻ സെറായ് .

പിന്നീട് ഞങ്ങൾ പോയത് ഷിർവാൻഷാകളുടെ കൊട്ടാരം കാണാനാണ്. പക്ഷേ പുറത്തു നിന്ന് മാത്രമേ അത് കാണാൻ സാധിച്ചുള്ളൂ. അതുകഴിഞ്ഞുള്ള യാത്രയിൽ മെയ്ഡൻ ടവർ കണ്ടു , അതിന്റ മുകളിൽ വരെ കയറി പോകാൻ സാധിക്കും പക്ഷേ ഇടുങ്ങിയ വഴികളായതുകൊണ്ട് പലരും കയറിയില്ല ഈ രണ്ടു സ്ഥലങ്ങളാണ് യുനെസ്കോയുടെ ലോകപൈതൃക സൈറ്റായി തെരഞ്ഞെടുത്തിരിക്കുന്നത്.

അവിടെ നിന്ന് താഴേക്ക് പോകുമ്പോൾ ഒരു ബാത്ത് ഹൗസ് ഉണ്ട് അതിപ്പോൾ കഫെയൊക്കെയായായി മാറിയിട്ടുണ്ട് ഇങ്ങനെയുള്ള പഴയകാല സ്ഥലങ്ങളും, പണികളുമൊക്കെ കണ്ടുകൊണ്ടുള്ള നടത്താമായിരുന്നു ഈ ഓൾഡ് സിറ്റി ടൂർ. ഇങ്ങനെ നടന്നു വരുമ്പോൾ കാണുന്ന ഒരു മൊണമെന്റാണ് മെയ്ഡൻ ടവർ. ഇത് യുനെസ്കോയുടെ വേൾഡ് ഹെറിറ്റേജ് ലിസ്റ്റിൽ പെട്ടതാണ്. ഇതിന്റെ പ്രത്യക്ഷമായ വ്യത്യാസം രണ്ടുഭാഗവും രണ്ടു വ്യത്യസ്തതരം കല്ലുകൾ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത് 5-ാം നൂറ്റാണ്ടിലാണ് ഇതിന്റെ ആദ്യഭാഗം നിർമ്മിച്ചതെന്ന് പറയപ്പെടുന്നു അപ്പോൾ ഇത് ഒരു സൊറാസ്ട്രിയൻ ടെമ്പിൾ ആയിരുന്നുവെന്നും അതിനുശേഷം വന്നവർ അതിന് മുകളിലേക്ക് നിർമ്മിച്ച് അതൊരു അവകാ

# ഓണപ്പൂക്കളം

ആർ. രാജൻ - 9995906054

മഞ്ഞിൻ അലകളിൽ നീന്തിത്തുടിച്ചൊരാ-
പൊന്നിൻ പുലരിയിന്നാഗമിക്കേ
ചാണം മെഴുകി വിശുദ്ധി പരത്തിയ
ചേണാർന്ന മുറ്റത്തെ പൊൻകളത്തിൽ

ആരാമ വല്ലികൾ സമ്മാനമേകിയോ-
രാദിവ്യ മാതള സുനജാലം
വൃത്തമായ് വൃത്തിയിലൊന്നിച്ചണിഞ്ഞു ഞാൻ
ഹൃത്താരിലാനന്ദമാർക്കുമേകാൻ.

ബാലാർക്കവെണ്മയിലാറാടി നിൽപ്പാണീ
ചേലാർന്ന പൂക്കളം വർണ്ണശോഭം

വാരാർന്ന സൗന്ദര്യ സാഗരമിക്കളം
തീരാത്ത സമ്പത്തിൽ കോളിളക്കം

മാനുഷരെല്ലാരുമൊന്നായിവാണൊരാ-
മാസ്മരകാലത്തിന്നാവിഷ്ക്കാരം
മാവേലിവാണതാമാനന്ദ സാമ്രാജ്യ
ക്കോട്ടയിലേക്കുള്ളോരെത്തി നോട്ടം

അങ്കണം തോറും നിറയട്ടെയിത്തരം
തങ്കപ്രഭായാർന്ന പൂക്കളങ്ങൾ
സർവ്വ പ്രതാപിയായെത്തുന്ന നമ്മുടെ
മാവേലിമന്നനെ സ്വീകരിക്കാൻ! ■

---

(28-ാം പേജിന്റെ തുടർച്ച...)

ശമാക്കിയെന്നും പറയപ്പെടുന്നു. ഇതിന് മെയ്ഡൻ ടവർ എന്ന് പേര് വരുവാൻ രണ്ട് മുന്ന് കാരണങ്ങൾ ഉണ്ട് സൊറാസ്ട്രിയൻസ് 'തീ'-യെ ആരാധിക്കുന്നവർ ആണല്ലോ, പണ്ട് ശത്രുക്കൾ ബാക്കുവിന്റെ കോട്ട ആക്രമിച്ചു കീഴടക്കാൻ ശ്രമിച്ചപ്പോൾ അവിടെയുള്ളവർ വെള്ളം പോലും കിട്ടാതെ മരിച്ചുപോകുമെന്നുള്ള അവസ്ഥ വന്നപ്പോൾ അവർ "അഹൂറ മസ്ദ" (സൊറാസ്ട്രിയൻ ദൈവം) യെ പ്രാർത്ഥിക്കുകയും അപ്പോൾ ഒരു തീഗോളം പോലുള്ള പെൺകുട്ടി (വെർജിൻ ലേഡി / മെയ്ഡൻ ലേഡി) വന്നുവെന്നും അവൾ ശത്രൂക്കളെ യുദ്ധത്തിൽ തോൽപ്പിക്കുകയും ചെയ്തുവെന്നാണ് പറയപ്പെടുന്നത്. അതുകൊണ്ടാണ് ഇതിന് മെയ്ഡൻ ടവർ എന്ന് പേര് കിട്ടിയത്. ഇതും യുനെസ്കോയുടെ സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സിറ്റി ടൂർ അവസാനിച്ചത് ഒരു ഫൗണ്ടൈൻ സ്ക്വയറിൽ ആണ് അവിടെ നിന്നും നിസാമി സ്ട്രീറ്റിലേക്കു കയറാം, അവിടെ എത്തിയപ്പോൾ ഞങ്ങൾ ഒരു ബ്രേക്ക് എടുത്ത് അസർബൈജാനി ഫുഡിന്റെ രുചിയറിഞ്ഞു. അവരുടെ തനതു ഭക്ഷണങ്ങളായ കബാബ്, ഡോണകബാബ്, പുലാവ് എന്നിവ ഞങ്ങൾ കഴിച്ചു. കൂടാതെ അവിടുത്തെ ചെറിയ കടകളിൽ നിന്നും ചെറിയ ബർഗർ, ഷവർമ റോൾസ് എന്നിവയൊക്കെ വലിയ വിലകൊടുക്കാതെ തന്നെ വാങ്ങുവാൻ സാധിക്കും ഇവിടുത്തെ സ്പെഷ്യൽ ട്രിങ്ക് എന്നുവെച്ചാൽ ഐറാൺ ആണ്. നമ്മുടെ സംഭാരം പോലെയുള്ളതാണിത്. ഇതാണ് ഇവിടുത്തെ ഫേമസ് ട്രിങ്ക് ഇത് സാധാരണ കോമ്പിനേഷനിലാണ് കിട്ടുന്നത്. ഷവർമറോൾസിനും ഡോണകബാബിനും ഒപ്പം കിട്ടും ഇവിടം ഒരു "ഹാപ്പനിംഗ് പ്ലെസ്" ആണ് ഇവിടെ ഷോപ്പിങ്ങിന് പറ്റിയ വലിയ മൾട്ടിപ്ലസ് ഷോറൂമുകൾ ഒക്കെയുണ്ട്. ഇവിടെ വലിയ ട്രാഫിക് ഇല്ലാത്ത സ്ഥലമാണ് മോട്ടോർ വെഹിക്കിൾസ് ഒന്നുമില്ല, നടക്കാൻ മാത്രമുള്ള സ്ഥലം ഇടയ്ക്ക് ഇരിക്കാൻ ബഞ്ചുകളൊക്കെയുണ്ട്. നമ്മുടെ ആളുകൾ സോവനീർ അവിടെ നിന്നുമാണ് വാങ്ങിയത്, ഞങ്ങളുടെ ഇവിടുത്തെ ഷോപ്പിംഗ് ഒക്കെ കഴിഞ്ഞ് ഒരു 6 മണി ആയപ്പോഴേക്കും തിരിച്ച് ഞങ്ങൾ ബസ്സിൽ കയറി അന്നത്തെടൂർ അവസാനിപ്പിച്ചു ഹോട്ടലിൽ എത്തി .

(തുടരും .....)

# ഇമ്മ്യൂണിറ്റി സംബന്ധമായ രോഗങ്ങൾ നിയന്ത്രിക്കാൻ ജീവിതശൈലി മാറ്റങ്ങളുടെ പ്രാധാന്യം

ഡോ. ദേവീദാസ് വെള്ളോടി - 9747480903

ഇന്നത്തെ കാലത്ത് ഒരുപാട് ആളുകൾ ഇമ്മ്യൂണിറ്റി സംബന്ധമായ അസുഖങ്ങളുമായി പൊരുതുകയാണ്. ചെറിയ ചുമയും തുമ്മലുമെല്ലാം വലിയ ഇൻഫക്ഷനിലേക്ക് മാറുന്ന സാഹചര്യം നാം കാണുന്നു. ഇത്തരം പ്രശ്നങ്ങൾ കൂടുതലായി അനുഭവപ്പെടുന്നതിന്റെ പ്രധാന കാരണം നമ്മുടെ അസ്വാസ്ഥ്യകരമായ (STRESSFUL) ജീവിതശൈലിയാണ്.

**ഇമ്മ്യൂണിറ്റി – ആരോഗ്യമുള്ള ജീവിതത്തിന്റെ താക്കോൽ**

ഇമ്മ്യൂണിറ്റി എന്നത് നമ്മുടെ ശരീരത്തെ രോഗങ്ങളെയും വൈറസുകളെയും ബാക്ടീരിയകളെയും നേരിടാൻ സഹായിക്കുന്ന സ്വാഭാവിക പ്രതിരോധ സംവിധാനമാണ്. ശരീരത്തിൽ പ്രവേശിക്കുന്ന രോഗാണുക്കളെ തിരിച്ചറിയുകയും അതിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന കോശങ്ങളുടെയും രാസപദാർഥങ്ങളുടെയും സമന്വിതമായ പ്രവർത്തനമാണ് ഇമ്മ്യൂണിറ്റി. എന്നാൽ ഇന്നത്തെ ജീവിതശൈലിയും ഭക്ഷണക്രമങ്ങളും പരിണാമം സാദ്ധ്യമാക്കിയ ആധുനിക സാഹചര്യങ്ങളും ഇമ്മ്യൂണിറ്റി പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നുണ്ട്. നമ്മുടെ ശരീരത്തെ രോഗങ്ങളോട് പോരാടാൻ ശേഷിയില്ലാത്തതായി കണ്ടുവരുന്ന അവസ്ഥകൾ വളരെ സാധാരണമാണ്. ഇത് മൂലം സാധാരണ സീസണൽ ഫ്ളൂ മുതൽ ഗുരുതരമായ അസുഖങ്ങളിലേക്കും ആളുകൾ എത്തുന്നു. അതുകൊണ്ട് ഇമ്മ്യൂണിറ്റി പ്രശ്നങ്ങളെ കുറിച്ചുള്ള വിശദമായ ധാരണ ഓരോരുത്തർക്കും ആവശ്യമാണ്.

**പ്രധാന ഇമ്മ്യൂണിറ്റി പ്രശ്നങ്ങളും കാരണങ്ങളും:**

**ആട്ടോ ഇമ്മ്യൂൺ രോഗങ്ങൾ:**

ഇവയിൽ ശരീരം തന്നെ തനിക്കെതിരായി പ്രവർത്തിക്കുന്നു. ഉദാഹരണങ്ങൾ: ലുപസ്, റ്യൂമറ്റോയിഡ് അർത്രൈറ്റിസ്, ടൈപ്പ് 1 ഡയബെറ്റിസ്.

ജീവിതശൈലിയുമായുള്ള ബന്ധം: ഭക്ഷണത്തിൽ ചെറു ധാന്യങ്ങൾ (മില്ലറ്റ്സ്), ഉമി കളയാത്ത ധാന്യങ്ങൾ (WHOLE GRAIN), അതാതു സീസിനിൽ ലഭിക്കുന്ന പച്ചക്കറികൾ , പഴങ്ങൾ എന്നിവയുടെ അഭാവം, സ്ട്രെസ്സ്, ഉറക്കക്കുറവ് എന്നിവ പ്രധാന ഘടകങ്ങളാണ്. അന്തരീക്ഷ മലിനീകരണം, കൃത്രിമവും കലർപ്പുള്ളതുമായ ഭക്ഷണങ്ങൾ, ശാരീരിക പ്രവർത്തനങ്ങളുടെ(EXERCISES, MOVEMENTS) അഭാവം

**അലർജികൾ: –**

ഇളം തൂവൽ മുതൽ ഭക്ഷണപദാർത്ഥങ്ങൾ വരെയുള്ളവയോട് ശരീരത്തിൻറെ അമിത പ്രതികരണം.(ALLERGY)

**ഇടക്കിടക്കുള്ള ഇൻഫക്ഷനുകൾ** (Recurring Infections): ഫ്ളൂ, നാവിൽ പുണ്ണ്, ചുമ, കോൾഡ് തുടങ്ങിയവ വീണ്ടും വീണ്ടും വരുന്നത്.

**ജീവിതശൈലി ഘടകം:** മോശമായ ദൈനംദിന ക്രമം, പോഷകാഹാരക്കുറവ്, അധിക മദ്യപാനം, പുകവലി

**ആരോഗ്യകരമായ ഭക്ഷണക്രമം: –**

രോഗനിർമ്മാർജനം ആരംഭം ഇവിടെ നിന്നാണ് പോഷക സമൃദ്ധമായ ഭക്ഷണം, ശരിയായ ഇമ്മ്യൂണിറ്റി നിലനിർത്താൻ പലയിനം വിറ്റാമിനുകളും മിനറലുകളും ആവശ്യമുണ്ട്:

**വിറ്റാമിൻ C:** ഓറഞ്ച്, നെല്ലിക്ക, കപ്പ എന്നിവയിൽ ലഭ്യമാണ്

**വിറ്റാമിൻ D:** സൂര്യപ്രകാശം, ചോറുമായി പാകം ചെയ്ത തൈര് എന്നിവയിൽ ലഭ്യമാണ്

**സിങ്ക്, അയൺ:** പഴങ്ങൾ, വണ്ടൽ, കരള് എന്നിവയിൽ ലഭ്യമാണ്.

**പ്രൊബയോട്ടിക് ആഹാരങ്ങൾ:** തൈര്, കിഫിർ, കിമ്ചി

**പ്രോസസ്സഡ് ഫുഡുകൾ ഒഴിവാക്കുക:** പാക്ക് ചെയ്ത ഭക്ഷണങ്ങൾ, സോഡ, സ്നാക്ക്സ് എന്നിവയിൽ രാസപദാർത്ഥങ്ങൾ കൂടുതലായിരിക്കും – ഇത് ഇമ്മ്യൂണിറ്റി തകർക്കുന്നു.

**മാറേണ്ട ശീലം:** ഭക്ഷണം വേഗത്തിൽ കഴിക്കാൻ പറ്റിയ രീതിയിൽ അല്ല, ശ്രദ്ധയോടെ കഴിക്കുക. ആഹാരശീലങ്ങൾ മന:പൂർവം മാറ്റണം.

ശാരീരികവും മാനസികവുമായ ശൈലികൾ – മാനസിക വ്യായാമങ്ങൾ, മനശാന്തി – ധ്യാനം, പ്രാണായാമം.

**ദൈനംദിന വ്യായാമം:** വ്യായാമം രക്തചംക്രമണം മെച്ചപ്പെടുത്തുകയും പ്രതിരോധ പ്രവർത്തനങ്ങൾ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. കുറഞ്ഞത് 30 മിനിറ്റ് നടപ്പ്, യോഗ, സൈക്ലിങ്, സ്വിമ്മിംഗ് എന്നിവ വളരെ ഫലപ്രദമാണ്.

ദൈനംദിന മന:സമ്മർദ്ദം ഇമ്മ്യൂൺ സിസ്റ്റത്തിന്റെ പ്രവർത്തനം നേരിട്ട് ബാധിക്കുന്നു. ധ്യാനം, ശ്വാസപരിശുദ്ധിയുള്ള പ്രാണായാമം എന്നിവ കൊണ്ട് ശാന്തതയും ആരോഗ്യവും ഒരുമിച്ച് നേടാം.

**ശരിയായ ഉറക്കം:** 6–8 മണിക്കൂർ കൃത്യമായ ഉറക്കം വളരെ പ്രധാനമാണ്. ഉറക്കത്തിന്റെ അഭാവം സൈറ്റോകൈൻസിന്റെ ഉത്പാദനം കുറച്ചു ഇമ്മ്യൂണിറ്റി തളർത്തുന്നു.

**മതിയായ വിശ്രമം:** ഉറക്കം വലിയൊരു മരുന്നാണ്. ശരിയായ ഉറക്കം ശരീരത്തിൽ സൈറ്റോകൈൻസ് എന്ന പ്രോട്ടീനുകളുടെ ഉത്പാദനം വർദ്ധിപ്പിച്ച് രോഗപ്രതിരോധശേഷി ഉയർത്തുന്നു

**ജീവിതശൈലി മാറ്റങ്ങൾ – ഒരു പുതിയ ആരംഭം**

**പ്രത്യേകമായി ശ്രദ്ധിക്കേണ്ടത്:** ധാരാളം വെള്ളം കുടിക്കുക, ഭാരം നിയന്ത്രിക്കുക, ഫലങ്ങൾക്കും പച്ചക്കറികൾക്കും പ്രാധാന്യം നൽകുക. ആത്മവിശ്വാസം ഉയർത്തുന്നത് പോലും ഇമ്മ്യൂണിറ്റിയോട് ബന്ധപ്പെട്ടിരിക്കുന്നു.

**മാറ്റങ്ങൾ എങ്ങിനെയാണ് നടപ്പാക്കേണ്ടത്?**

ചെറിയ കാര്യങ്ങളിൽ നിന്ന് തുടങ്ങുക, രാത്രി 11മണിക്ക് ഉറക്കം, ദിവസവും 15മിനിറ്റ് നടപ്പ് തുടങ്ങി വലിയ മാറ്റങ്ങളിലേക്കുള്ള വഴി ചുരുങ്ങും. കുടുംബത്തോടൊപ്പം ആരോഗ്യകരമായ ജീവിതം തുടക്കം കുറിക്കുക – കൂട്ടായ്മ നല്ല ആരോഗ്യമുണ്ട്.

**ഒറ്റപ്പെട്ട ജീവിതം ഒഴിവാക്കുക:** സോഷ്യൽ ഇന്ററാക്ഷൻ ഉയർന്ന മാനസിക ആരോഗ്യത്തിനും അതിലൂടെ ഇമ്മ്യൂണിറ്റിക്കും സഹായകരമാണ്.

**പരിസ്ഥിതിയുമായി ബന്ധം:** നമ്മുടെ പരമ്പരാഗത ജീവിതരീതികളിൽ പ്രകൃതിയുമായി ഉള്ള ബന്ധം നമ്മുടെ പ്രതിരോധശേഷിയെയും ഉത്തേജിപ്പിക്കുമെന്നാണ് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ഇമ്മ്യൂണിറ്റി ആരോഗ്യത്തിന്റെ അടിത്തറയാണ്. അത് കേടാവുന്നത് ഒരുപക്ഷേ പല രോഗങ്ങളുടെയും തുടക്കമായിരിക്കും. ഒരു ശക്തമായ പ്രതിരോധ സംവിധാനം മാത്രമാണ് നാം ഇന്ന് നേരിടുന്ന കോവിഡ് പോലുള്ള മഹാമാരികളെയും, ആധുനിക ജീവിതശൈലിയെ അനുഭവിച്ചുകൊണ്ട് വരുന്ന ഹൃദ്രോഗം മുതൽ കാൻസർ വരെയുള്ളവയെയും ചെറുക്കാനുള്ള പ്രത്യാശ. അതിനാൽ തന്നെ, ജീവിതശൈലി മാറ്റങ്ങളും ആരോഗ്യപരമായ ആഹാരശീലങ്ങളും പ്രകൃതിയുമായി സൗഹൃദവും വളരെ പ്രധാനമാണ്.

നല്ല ഇമ്മ്യൂണിറ്റി നേടാൻ ഇന്ന് തന്നെ തുടക്കം കുറിക്കാം ■

### എറണാകുളം കരയോഗം കലാസാഹിത്യവിഭാഗം

# വിദ്യാരംഭ ദിവസം ക്ലാസ്സുകൾ ആരംഭിക്കുന്നു.

**നൃത്തം:** ആർ. എൽ. വി ശ്രീമതി. ഷിൽന ജിപ്സന്റെ നേതൃത്വത്തിൽ ഭരതനാട്യം, മോഹിനിയാട്ടം, എന്നീ ഇനങ്ങൾ പഠിക്കുന്നതിന് പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 02ന് രാവിലെ 10 മണിക്ക് ആരംഭിക്കുന്നു. **ഫോൺ: 8921350530**

**സിനിമാറ്റിക്ക് ഡാൻസ്:** ശ്രീമതി. മഞ്ജുഷ ജെ. മേനോന്റെ നേതൃത്വത്തിൽ സിനിമാറ്റിക്ക്, സെമി. ക്ലാസ്സിക്ക് എന്നീ ഇനങ്ങൾ പഠിക്കുന്നതിന് പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 02ന് രാവിലെ 11.30 മണിക്ക് ആരംഭിക്കുന്നു. **ഫോൺ: 9895015202**

**വയലിൻ:** ശ്രീ. സദാനന്ദന്റെ ശിക്ഷണത്തിൽ നടക്കുന്ന വയലിൻ ക്ലാസ്സിലേയ്ക്ക് അഡ്മിഷൻ വിദ്യാരംഭ ദിവസം ഒക്ടോബർ 02ന് രാവിലെ 11.00 മണിക്ക് ആരംഭിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.00 മണി മുതൽ **ഫോൺ: 9447573320**

**കരാട്ടെ:** ശ്രീ. സുനിലിന്റെ ശിക്ഷണത്തിൽ നടക്കുന്ന കരാട്ടെ ക്ലാസ്സിലേക്ക് പുതിയ ബാച്ചുകൾ ആരംഭിക്കുന്നു. തിങ്കളാഴ്ചയും, ശനിയാഴചയും വൈകുന്നേരം 5.00 മണി മുതൽ 6.00 മണി വരെ. **ഫോൺ: 9946202889, 9072922995**

**യോഗ:** ശ്രീമതി പി. കെ. ശാലിനിയുടെ ശിക്ഷണത്തിൽ യോഗ ക്ലാസ്സ് ഒക്ടോബർ 02ന് ആരംഭിക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 7 മണി മുതൽ 8 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് **ഫോൺ: 8281251519, 7736539570**

**ചെസ്സ്:** ശ്രീ. ഹരിഹരനന്ദനന്റെ ശിക്ഷണത്തിൽ ചെസ്സ് ക്ലാസ്സ് ഒക്ടോബർ 02ന് ആരംഭിക്കുന്നു. ശനിയാഴചയും, ഞായറാഴ്ചയും ഉച്ചയ്ക്ക് 3.00 മുതൽ 4.00 മണി വരെ. **ഫോൺ: 9962583139**

**വിദ്യാരംഭ ദിവസമായ ഒക്ടോബർ 02 ന് ഏതെങ്കിലും ക്ലാസ്സിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ: 0484- 2361160**

---

### 2025 ആഗസ്റ്റ് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**എസ്. ശരത് കുമാർ (L/1838),** സംഗമം, മാണിക്കത്ത് റോഡ്, കൊച്ചി-682016



**പി. ജയപ്രകാശ് (L/2100),** റോയൽ എൻക്ലേവ് വെസ്റ്റ്, അമ്പിളി നഗർ, തൃപ്പൂണിത്തുറ



**അംബിക ദേവി. കെ (L/2843),** കൗസ്തുഭം, ശാന്തി ലൈൻ, രവിപുരം റോഡ്, കൊച്ചി-682016



**ടി. നന്ദകുമാർ (L/1783),** "ധരിത്രി", വളഞ്ഞമ്പലം, രവിപുരം, കൊച്ചി-682016



**ശാന്ത ജി. മേനോൻ (L/3384),** എഴുത്തുള്ളിൽ ഹൗസ്, രവിപുരം, കൊച്ചി-682016

# നവരാത്രി 2025

**"സരസ്വതി നമസ്തുഭ്യം വരദേ കാമരൂപിണി**
**വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ"**

## എറണാകുളം കരയോഗം നവരാത്രി ആഘോഷം 22-09-2025 മുതൽ 02-10-2025 വരെ

2025 (1201) - ലെ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷം മുൻവർഷങ്ങളിലെപ്പോലെ വിപുലമായ കലാപരിപാടികളോടു കൂടി സെപ്റ്റംബർ 22-ാം തീയതി മുതൽ ഒക്ടോബർ 02-ാം തീയതി വരെ ടി.ഡി. എം ഹാളിൽ വെച്ചു നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം സസന്തോഷം അറിയിച്ചു കൊള്ളുന്നു.

**ദിവസവും രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ദേവീ ഭാഗവത പാരായണം ഉണ്ടായിരിക്കുന്നതാണ്.**

ഭാരതത്തിൽ അതീവ പ്രാധാന്യത്തോടുകൂടി ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന പുണ്യദിവസങ്ങളാണല്ലോ നവരാത്രി ദിനങ്ങൾ. നവരാത്രിയിലെ ഒമ്പത് ദിവസങ്ങളിലും നമ്മൾ ദേവിയെ ഭിന്ന ഭാവങ്ങളിലാണ് ആരാധിക്കുന്നത്. മഹാകാളി, മഹാലക്ഷ്മി, മഹാസരസ്വതി എന്നീ മൂന്നു ഭാവങ്ങളും ദേവിയിൽ കുടികൊള്ളുന്നുണ്ട്. കർമ്മം ചെയ്യാനുള്ള ഉച്ഛാശക്തി ക്രിയാശക്തി ജ്ഞാനശക്തി എന്നീ മൂന്ന് ശക്തികൾ നല്കി ദേവി നമ്മെ അനുഗ്രഹിക്കുന്നു. നവരാത്രികാലങ്ങളിൽ നാം ദേവിയെ ഓരോ ദിവസങ്ങളിലും ഓരോരോ രൂപങ്ങളിലാണ് ആരാധിക്കുന്നത്. ശൈലപുത്രി, ബ്രഹ്മചാരിണി, ചന്ദ്രഘണ്ഡ, കൂഷ്മാണ്ഡ സ്കന്ദമാതാ, കാർത്യായനി, മഹാകാളരാത്രി മഹാഗൗരി, സിദ്ധിദാത്രി എന്നീ ഭാവങ്ങളിലാണ് ദേവിയെ നാം പൂജിക്കുന്നത് അടുത്ത ദിവസം വിജയദശമി ആഘോഷവും. നവരാത്രികാലയളവിൽ ഓരോ ദിവസങ്ങളിലും നിറങ്ങളും വ്യത്യസ്ഥങ്ങളാണ്. മഞ്ഞ, പച്ച, ചാരനിറം, ഓറഞ്ച്, വെള്ള, ചുവപ്പ്, റോയൽ ബ്ലൂ, പിങ്ക്, പർപ്പിൾ, മയിൽ പച്ച എന്നീ നിറങ്ങളാണ് ക്രമമായി ഒന്നു മുതൽ പത്തു ദിവസങ്ങളിലും ധരിക്കേണ്ടത്.

കന്നിമാസത്തിലെ ശുക്ലപക്ഷം തുടങ്ങി വരുന്ന ദശമി തിഥി ഉദയാൽ പരം 6 നാഴികയോ അതിൽ കൂടുതലോ ഉള്ള ദിവസമാണ് വിജയദശമി. ഈ ദിവസമാണ് വിദ്യാരംഭത്തിന് ഏറ്റവും ഉചിതമായിട്ടുള്ളത്.

പൂജ വെയ്ക്കുന്നത് അസ്തമയ സമയത്ത് അഷ്ടമി തിഥി വരുന്ന ദിവസവും വിദ്യാരംഭം ദശമി തിഥി ഉദയാൽ പരം 6 നാഴികയെങ്കിലും ഉള്ള ദിവസവുമാണ്. അതനുസരിച്ച് ഈ വർഷത്തെ പൂജവെപ്പും പൂജയെടുപ്പും താഴെ പറയും പ്രകാരമാണ് നടത്തേണ്ടത്.

2025 സെപ്റ്റംബർ 30 (1201 കന്നിമാസം 14-ാം തീയതി) ചൊവ്വാഴ്ച പൂജവെയ്പ്പ് / ദുർഗ്ഗാഷ്ടമി

2025 ഒക്ടോബർ 01 (1201 കന്നിമാസം 15-ാം തീയതി) ബുധനാഴ്ച മഹാനവമി / ആയുധ പൂജ

2025 ഒക്ടോബർ 02 (1201 കന്നിമാസം 16-ാം തീയതി) വ്യാഴാഴ്ച വിജയദശമി / പൂജയെടുപ്പ് / വിദ്യാരംഭം.

കുട്ടികൾക്ക് രണ്ടര വയസ്സ് മുതൽ വിദ്യാരംഭം കുറിക്കാവുന്നതാണ്. വിദ്യാലാഭം ഉണ്ടാവണമെന്ന് ആഗ്രഹമുള്ളവർ സരസ്വതിദേവിയെ നിത്യവും പൂജിച്ചാരാധിക്കുന്നത് ലക്ഷ്യപ്രാപ്തിക്ക് അത്യുത്തമമാണ്. വിശിഷ്യാ, സർവ്വവിദ്യകളുടെയും സർവ്വകലകളുടെയും ദേവതയായ സരസ്വതി ദേവിയെ നവരാത്രി ദിവസങ്ങളിൽ പൂജിച്ചാരാധിക്കുന്നത് ഏറെ പ്രയോജനപ്രദമാണ്.

സരസ്വതീദേവിയുടെ പ്രാർത്ഥനാമന്ത്രമോ, ഗായത്രിമന്ത്രമോ, രണ്ടും കൂടിയോ വേണം ദേവിയെ പൂജിക്കുമ്പോൾ ചൊല്ലേണ്ടത്. ഇത് രണ്ടും നിത്യവും ചൊല്ലുന്നത് ഐശ്വര്യദായകമാണ്.

**"ഓം ഭൂർ ഭുവ സ്വ:**
**തത്സവിതുർ വരേണ്യം**
**ഭർഗ്ഗോദേവസ്യ ധീമഹി**
**ധിയോ യോന: പ്രചോദയാത"**

സസ്നേഹം
പി. രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി

നവരാത്രി ആരംഭം

നവരാത്രി ആഘോഷപരിപാടികളോട് അനുബന്ധിച്ച്
22-09-2025 മുതൽ 02-10-2025 വരെ എല്ലാ ദിവസവും
രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ
ശ്രീമദ് ദേവീ ഭാഗവതപാരായണം ഉണ്ടായിരിക്കുന്നതാണ്

1-ാം ദിവസം

22-09-2025 തിങ്കൾ

# നൃത്തോത്സവം

വൈകുന്നേരം 6.00 മുതൽ 9.00 വരെ

## രുഗ്മിണി കല്യാണം

കുച്ചിപ്പുടി ആർട്ട് അക്കാദമി, ചെന്നൈ





2-ാം ദിവസം

23-09-2025
ചൊവ്വ

# നൃത്തോത്സവം

**വൈകുന്നേരം 6.00 മുതൽ 9.00 വരെ**

## രസപ്രപഞ്ചം പഞ്ചഭൂതം

**അനുപമ മോഹൻ**

***പഞ്ചഭൂതങ്ങൾ:***

**ആകാശം**: അതിസൂഷ്മ സ്വരൂപിണിയായ ആകാശത്തെ ഭരതനാട്യത്തിൽ വർണ്ണിക്കുകയും,

**അഗ്നി** : സർവ്വത്തെയും ഭസ്മം ആക്കാൻ കഴിവുള്ള അഗ്നിയെ കേരള നടന രൂപത്തിലും,

**വായു** : സകല ജീവജാലങ്ങൾക്കും ജീവശ്വാസം നൽകുന്ന വായു സ്വരൂപത്തെ കുച്ചിപ്പുടി രൂപത്തിലും.

**ജലം** : ആർദ്ര തരംഗിണിയായി ഒഴുകുന്ന ജലത്തെ മോഹിനിയാട്ട രൂപത്തിലും.

**ഭൂമി** : സ്ഥൂല സ്വരൂപിയായ ഭൂമിയെ അർദ്ധ ശാസ്ത്രീയ നൃത്തത്തിലും നൃത്ത സമന്വയം കലാഗൃഹം അണിയിച്ചൊരുക്കുന്ന രസപ്രപഞ്ചം.



*With Best Compliments from:-*

# RADHAKRISHNA CATERERS

**Nandanam, Eroor, Tripunithura**

***Please Contact:***

**T. Radhakrishnan**

**Mob: 9388605714, 9388812584, 9744651709**



3–ാം ദിവസം

24-09-2025 ബുധൻ

# നൃത്തോത്സവം

**വൈകുന്നേരം 6.00 മുതൽ 9.00 വരെ**

**Sponsored by FEDERAL BANK**

## ഭരതനാട്യം

**ഡോ. ശ്രീലത വിനോദ്**

***ദേവീ ദർശനം***

പരാശക്തിയുടെ വിവിധ ഭാവങ്ങളിലൂടെയുള്ള ഒരു പ്രയാണം. സൃഷ്ടി, സ്ഥിതി, സംഹാര, തിരോഭാവ, അനുഗ്രഹ എന്നീ പഞ്ചകൃത്യങ്ങളിലൂടെയാണ് വിശ്വത്തിന്റെ സമത്വം ആ പരാശക്തി നിലനിർത്തുന്നത്. ഈ ഭാരതനാട്യം അവതരണം ദൈവീകമായ ആ സ്ത്രീശക്തിക്കായാണ് - സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും ലയിപ്പിക്കുന്നതും പുതുക്കുന്നതും അനുഗ്രഹിക്കുന്നതുമായ പരാശക്തിക്കായി ഒരു നൃത്താർപ്പണം




*With Best Compliments from:-*

**BRIDAL STAGE DECORATION CONTRACTORS**

Stage Decorations, Car Decorations, Reception,
Bouquet making etc... also undertaking Sweets preparation

*Please Contact:*

N.S. Suresh

Ph: 0484- 2700849 Mob: 9447171849



4-ാം ദിവസം

25-09-2025 വ്യാഴം

# സംഗീതോത്സവം

**വൈകുന്നേരം 6.00 മുതൽ 9.00 വരെ**

**Sponsored by FEDERAL BANK**

## സംഗീത കച്ചേരി

## ശ്രീ. പ്രണവം ശങ്കരൻ നമ്പൂതിരി



*മൃദംഗം : ബാലകൃഷ്ണ കമ്മത്ത്*
*വയലിൻ: ഇടപ്പള്ളി അജിത്കുമാർ*
*ഘടം : വാഴപ്പള്ളി കൃഷ്ണകുമാർ*

*With Best Compliments from:-*

# BEAUTY ART

**Our Services**

- Bridal Stage Decorations
- Inauguration Stage Decorations
- Conference
- Art work in Thermocol
- Car Decorations
- Reception Bouquet making

**Please Contact:**

**SHAJI**

**Mob: 9846837512**



5-ാം ദിവസം

26-09-2025
വെള്ളി

# സംഗീതോത്സവം

**വൈകുന്നേരം 6.00 മുതൽ 9.00 വരെ**

**Sponsored by FEDERAL BANK**

## സംഗീത കച്ചേരി

**വൈക്കം വിജയലക്ഷ്മി**

മൃദംഗം : സായി കൃപ
വയലിൻ : തിരുവിഴ വിജു,
എസ്. ആനന്ദ്
ഗഞ്ചിറ : വിഷ്ണു വി. കമ്മത്ത്



*With Best Compliments from:-*

## Hyteck Sanitary Wares

Achutha Warrier Lane, MG Road, Opp. Formost, Kochi- 682035
Ph: 0484- 2355565, 2366015, Mob: 9349125825

***Dealers in Sanitary Wares, PVC, Pipes & Fittings,***
***C. P Bathroom fittings , Glazed Tiles, Flooring Tiles.***

**Bell** **Finolex**



6–൧൦ ദിവസം

27-09-2025 ശനി

# സംഗീതോത്സവം

**വൈകുന്നേരം 6.00 മുതൽ 9.00 വരെ**

## വീണ വേണു വയലിൻ

വീണ : പ്രൊഫ. സൗന്ദരരാജൻ
വേണു : ഡോ. പി. പത്മേഷ് പരശുറാം
വയലിൻ : ശ്രീ. ആറ്റുകാൽ ബാലസുബ്രഹ്മണ്യൻ

മൃദംഗം : ശ്രീ. ബോംബെ കെ. ബി. ഗണേഷ്
ഘടം : മങ്ങാട് കെ. വി. പ്രമോദ്




*With Best Compliments from:-*

**Rajesh . K. R**
**9847108989**



## PERFECT INTERIOR

60/403A, Panekattu House, George Eden Road, Panampilly Nagar, Ernakulam - 682036

perfectinterior2017@gmail.com

9497796347, 9447396615

False Ceiling architectural cornices & Mouldings
and all types of interior works.

7-ാം ദിവസം

28-09-2025 ഞായർ

**വൈകുന്നേരം 6.00 മുതൽ**
**എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ**

# കഥകളി - കൃഷ്ണലീല

*രചന : ഡോ. പി. വേണുഗോപാൽ*



**അരങ്ങത്ത്**

| | |
|---|---|
| ദേവകി | - കലാ. വിജയകുമാർ (ചമ്പക്കര) |
| ശ്രീകൃഷ്ണൻ | - കലാ. ആദിത്യൻ |
| യശോദ | - കലാ. ഷണ്മുഖദാസ് |
| പാട്ട് | - കലാ. ബാബു നമ്പൂതിരി, കലാ. ഹരീഷ് |
| ചെണ്ട | - കലാനിലയം രതീഷ് |
| മദ്ദളം | - ബിജു ആറ്റുപുറം |
| ചുട്ടി | - മിഥുൻ മുരളി |
| അണിയറ | - ചേർത്തല രാമചന്ദ്രൻ |
| കളിയോഗം | - എറണാകുളം കരയോഗം കഥകളി ക്ലബ്ബ് |

**കഥ**

കംസവധത്തിന് ശേഷം ശ്രീകൃഷ്ണൻ തന്റെ പെറ്റമ്മയായ ദേവകിയെ കാരാഗൃഹത്തിൽ ചെന്ന് കാണുന്നു. ദേവകി, തനിക്ക് കൃഷ്ണന്റെ ബാലലീലകൾ കാണാൻ കഴിയാഞ്ഞതിൽ പരിതപിക്കുന്നു. ശ്രീകൃഷ്ണൻ തന്റെ പോറ്റമ്മയായ യശോദയെ ദേവകിയുടെ അടുത്തെത്തിക്കുന്നു. യശോദ, കൃഷ്ണന്റെ ലീലകൾ ദേവകിയോട് വിസ്തരിച്ചു പറയുന്നു.അതിനു ശേഷം കൃഷ്ണനെ, ദേവകിയെ ഏല്പിച്ച് നന്ദഗൃഹത്തിലേക്ക് മടങ്ങുന്നു.



8-൧൦ ദിവസം

29-09-2025 തിങ്കൾ

വൈകുന്നേരം 6.00 മുതൽ

കുച്ചിപ്പുടി നൃത്തനാടകം

# "കൃഷ്ണപക്ഷ"



**ആവിഷ്കാരം, നൃത്തസംവിധാനം,**
**അവതരണം: അഡ്വ. പാർവ്വതി മേനോൻ**

"ഒരുത്തി മകനായ് പിറന്ന് ഓരിരവിൽ
ഒരുത്തി മകനായ് ഒളിത്ത് വളര ..."

പുരുഷന്മാരിലെ സ്ത്രൈണ ഭാവത്തിന്റെ തൽസ്വരൂപനായ കൃഷ്ണൻ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെ സ്ത്രീകളാൽ ചുറ്റപ്പെട്ട കൃഷ്ണൻ അവരുടെ വാത്സല്യവും പ്രണയവും പിണക്കവും ഭക്തിയും ശാപവും ഏറ്റുവാങ്ങിയ കൃഷ്ണൻ. ഇതവരുടെ കഥയാണ് കൃഷ്ണനെ കൃഷ്ണനാക്കിയവരുടെ കഥ. അവനെ പിന്തുണച്ച, വഴികാട്ടിയ സഹചാരികളുടെ കഥ.

*With Best Compliments from:-*

# N. B. Ramachandran

## Engineering Contractor

Nalukettungal House, Kundanoor, Maradu P.O, Ernakulam - 682304
Mob: 8289953090, E-Mail: rcmenon1964@gmail.com

***We under take all kinds of Civil , Electrical, Mechanical & Interior Works***



9-ാം ദിവസം

30-09-2025
ചൊവ്വ

**വൈകുന്നേരം 6.00 മുതൽ**

**നാം ചിൽഡ്രൻസ് തീയേറ്റർ കൊച്ചി അവതരിപ്പിക്കുന്ന കുട്ടികളുടെ നാടകം**

# കാവലാൾ

**രചന, സംവിധാനം : ഷേർളി സോമസുന്ദരം**

**Sponsored by BEAME**



യശഃശ്ശരീരയായ സുഗതകുമാരിയുടെ പശ്ചിമഘട്ടം എന്ന കവിതയുടെ സ്വതന്ത്ര നാടകാവിഷ്കാരം. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി നാശവും ഏറ്റവും രൂക്ഷമായി ബാധിക്കുന്നത് കുട്ടികളെയാണ്. നമ്മുടെ കുട്ടികൾ പരിസ്ഥിതിയുടെ കാവലാളുകൾ ആയി മാറട്ടെ എന്ന് ആഹ്വാനം ചെയ്യുന്ന ഹൃദയസ്പർശിയായ നാടകം

*With Best Compliments from:-*

## HARISREE CATERERS

Puthen Kulathoor House, Kannan Kulangara, Tripunithura - 682301

***Contact:***

**M. Damodaran**

Mob: 9847058310, Ph: 0484 - 2778310

***Caterers for Marriages & Parties etc...***




**മിനിക്കഥ**

**ഉണ്ണി വാരിയത്ത് - 9867179480**

# ആശങ്ക

അവന് എല്ലാ കാര്യത്തിലും ആശങ്കയാണ്. അതുകൊണ്ട്, അവന് ജീവിതത്തിൽ ഒരു മനഃസമാധാനവുമില്ല.

നടക്കാനുള്ളത് എന്തായാലും നടന്നിരിക്കുമെന്നും, ആശങ്കകൊണ്ട് അതു തടയാനാകില്ലെന്നും, അവനോട് പറഞ്ഞുനോക്കി. പക്ഷേ, കേൾക്കണ്ടേ?

ഇപ്പോൾ, ആരെങ്കിലും ഉപദേശിക്കുമോ എന്ന ആശങ്കകൊണ്ടാകാം അവൻ ഒറ്റയ്ക്കാണ് നടത്തം!



11-ാം ദിവസം

02-10-2025 വ്യാഴം

രാവിലെ 7.00 മുതൽ 8.30 വരെ

**ലളിതാസഹസ്രനാമം, ദേവീ മാഹാത്മ്യപാരായണം**

രാവിലെ 9.00 മണിക്ക്: **പൂജയെടുപ്പ്**

വൈകുന്നേരം 5.00 മണിക്ക്: **സമാപന സമ്മേളനം**

വൈകുന്നേരം 6.45 മുതൽ

# നൂപുരശ്രുതികൾ

**എറണാകുളം കരയോഗം കലാസാംസ്കാരിക വിഭാഗം**
**അവതരിപ്പിക്കുന്ന**
**നൃത്ത - സംഗീത കലാപരിപാടികൾ**



NB: നവരാത്രിയോടനുബന്ധിച്ചു നടത്തിയ കലാമത്സരങ്ങളിൽ സമ്മാനാർഹരായവർ 02-10-2025 ന് വൈകുന്നേരം 4.45 ന് ടി. ഡി. എം. ഹാളിൽ എത്തിച്ചേരേണ്ടതാണ്.

# *ദൃഗ് ദൃശ്യ വിവേകം* (*28*)

സി. നാരായണൻ – 9819456012

ചിദാഭാസസ്ഥിതാ നിദ്രാ
വിക്ഷേപാവൃതിരൂപിണീ
ആവൃത്യ ജീവജഗതീ പൂർവേ
നൂത്നേ തു കല്പതേ. - ( 38 )

ചിദാത്മനി സ്ഥിതാ = ചിദാഭാസനിൽ സ്ഥിതി ചെയ്യുന്ന

വിക്ഷേപാവൃതിരൂപിണീ = മറയ്ക്കൽ , സങ്കല്പിക്കുക 28 എന്നീ ധർമ്മങ്ങളോടു കൂടിയ

| | | |
|---|---|---|
| നിദ്രാ | = | ഉറക്കം |
| ജീവജഗതീ | = | ജീവാത്മാവും ലോകവും |
| ആവൃത്യ | = | മാറ്റി നിർത്തി |
| നൂത്നേ | = | പുതിയ ( നൂതനേ ) |
| കല്പയേത് | = | സൃഷ്ടിക്കുന്നു. |

(ചിദാഭാസനെ ആശ്രയിച്ചു നില കൊള്ളുന്ന നിദ്ര, ജാഗ്രത്തിലെ ജീവനേയും മാച്ചുകളഞ്ഞ്, പുതിയ ഒരു ജീവനേയും ജഗത്തിനേയും സൃഷ്ടിക്കുന്നു )

ഈ ഗ്രന്ഥത്തിന്റെ 35-ാം ശ്ലോകത്തിൽ , മായ എന്ന ഈശ്വരശക്തിയാണ് ബ്രഹ്മത്തിൽ ജീവജഗത്തുകളെ ചിത്രീകരിക്കുന്നതെന്നു പറഞ്ഞു. മായക്ക് ആവരണം, വിക്ഷേപം എന്നീ രണ്ടു ശക്തികളുണ്ട്. മായക്ക് സത്യത്തെ ഇല്ലാതാക്കാനൊന്നും സാധിക്കില്ല. എന്നാൽ സത്യത്തെ വികലമായി കാണിക്കാനാവും. അതിൽ രണ്ടു ഘട്ടങ്ങൾ വ്യക്തമാണല്ലോ. ആദ്യം സത്യത്വം മറയ്ക്കണം, പിന്നീട് സത്യമല്ലാത്ത ഒന്നിനെ പ്രകടമാക്കണം. ഇക്കാരണത്താൽ സത്യം തിരിച്ചറിയുന്നതിലും രണ്ടു ഘട്ടങ്ങളുണ്ട്. ആദ്യം മായ പ്രകടമാക്കിയ മിത്ഥ്യയെ നിരാകരിക്കണം. എന്നിട്ട് ബാക്കിയായ സത്യത്തെ ബോധിക്കണം. ഭഗവത്പാദരുടെ അഭിപ്രായത്തിൽ, മിത്ഥ്യാത്വത്തെ നിരാകരിച്ചാൽ പിന്നീട് സ്വയംജ്യോതിയായ തത്വത്തെ ബോധിക്കാൻ പ്രത്യേകിച്ച് പ്രയത്നം വേണ്ട എന്നാണ്. ഒരു ദൃഷ്ടാന്തം പറയുകയാണെങ്കിൽ, കയറിനെ കണ്ട് സർപ്പമാണെന്നു ഭ്രമിച്ചയാൾക്ക്, സർപ്പപ്രതീതി നീങ്ങിയാൽ മാത്രം മതി. പിന്നീടു കയറിനെ ബോധിക്കാൻ പ്രത്യേകം കണ്ണടയൊന്നു ധരിക്കേണ്ടതില്ല. ഏതു കണ്ണുകൊണ്ടാണോ സർപ്പത്തിനെ കണ്ടത് അതേ കണ്ണുതന്നെയാണ് കയറിനേയും കാണുക. സർപ്പഭ്രാന്തി നീങ്ങിയത് വെളിച്ചം കൊണ്ടു വന്നപ്പോളാണ്. വെളിച്ചത്തിന്റെ പോരായ്മ സർപ്പഭ്രാന്തിക്കു കാരണമാകുന്നതു പോലെ,

വിവേകത്തിന്റെ പോരായ്മയാണ് ജഗത് ഭ്രാന്തിക്കു കാരണം. അതിനാൽ വിവേകം വളർത്തുകയും അതിനെ വേണ്ട വിധം ഉപയോഗിക്കാൻ പഠിക്കയും വേണം. വിവേകം മാത്രം മതിയെങ്കിൽ ധ്യാനവും സമാധിയുമെല്ലാം അനാവശ്യമാണോ എന്നു ചോദിച്ചാൽ അവയെല്ലാം ജ്ഞാനത്തിലുള്ള നിഷ്ഠക്കാണ് ആവശ്യം .

മിത്ഥ്യയിലുള്ള സത്യഭാവന നമുക്ക് ജന്മജന്മാന്തരങ്ങളായി ഉള്ളതാണ്. സത്യം അറിഞ്ഞതു കൊണ്ടു മാത്രം അതിന്റെ പ്രഭാവം തീരെ ഇല്ലാതാവില്ല. ചിന്തനത്തിലൂടെ കണ്ടെത്തിയ സത്യത്തിൽ നിഷ്ഠ കിട്ടാൻ, നിരന്തരമായി നിദിധ്യാസനാദി സാധനകൾ കൂടിയേ തീരൂ. നാമിപ്പോൾ നിരൂപിക്കുന്ന ശ്ലോകത്തിന്റെയും ഉദ്ദേശം സത്യനിശ്ചയത്തിന്റെ ആദ്യപടിയായ മിത്ഥ്യാജഗത്തിന്റെ നിരാകരണമാണ്. അതിനായി ജാഗ്രത്തിലെ ജീവനേയും ജഗത്തിനേയും, സ്വപ്നത്തിലെ ജീവജഗത്തുമായി താരതമ്യപ്പെടുത്തി രണ്ടിന്റെയും തുല്യ മിത്ഥ്യാത്വം സ്ഥാപിക്കുന്നു. ജാഗ്രത്തിലെ വ്യാവഹാരിക ജീവനും

ജഗത്തും മായാകാര്യങ്ങളാണെന്നു പറഞ്ഞു. സ്വപ്നത്തിലേത് നിദ്രാകാര്യങ്ങളാണെന്ന വ്യത്യാസമേയുള്ളൂ. ജാഗ്രത്തിലേത് വ്യാവഹാരിക സത്യം, സ്വപ്നത്തിലേത് പ്രാതിഭാസിക സത്യം.

മാണ്ഡൂക്യകാരികയിൽ ജീവജഗത്തുക്കളുടെ വൈതത്ഥ്യം (വൈതത്ഥ്യമെന്നാൽ ശരിക്കും കാണപ്പെടുന്നതു പോലെയല്ലാത്തത്) വിസ്തരിക്കുന്നുണ്ട്. കാരിക, സ്വപ്നം മിത്ഥ്യയാണെന്നത് യുക്തി, അനുഭവം, ശ്രുതി എന്നീ മൂന്നു സംഗതികൾ മുൻനിർത്തി സ്ഥാപിക്കുന്നുണ്ട്. വലിയൊരു മൈതാനത്ത് ഫുട്ബാൾ കളി കാണുന്നതൊക്കെ നാം സ്വപ്നം കാണാറുണ്ട്. ആ കാഴ്ച്ച നമ്മുടെ ഉള്ളിലാണ്, പുറത്തല്ല. ഇത്രവലിയ ഫുട്ബാൾ ഗ്രൗണ്ട് നമ്മുടെ ഉള്ളിൽ പ്രവേശിച്ചു എന്നത് യുക്തിരഹിതമാണ്. മാത്രമല്ല , വെറും മിനിട്ടുകൾ മാത്രം ദൈർഘ്യമുള്ള സ്വപ്നത്തിൽ നാം വൻകരകൾക്കപ്പുറം പോയി അവിടെ വിഹരിക്കുന്നതായി കാണാറുണ്ട്. അതും യുക്തിരഹിതമാണ്. അങ്ങനെ സ്വപ്നാനുഭവങ്ങൾ യുക്തിക്കു യോജിക്കാത്തതിനാൽ മിത്ഥ്യയാവേനേ വഴിയുള്ളൂ. പിന്നെ അനുഭവവും സ്വപ്നം മിത്ഥ്യായാണെന്നു തെളിയിക്കുന്നുണ്ട്. വെള്ളത്തിൽ നീന്തുമ്പോളായിരിക്കും ചിലപ്പോൾ നാം സ്വപ്നത്തിൽ നിന്നുണരുക. പക്ഷേ വസ്ത്രങ്ങൾ നനഞ്ഞതായി കാണാറില്ല. അതിനാൽ സ്വപ്നാനുഭവം മിത്ഥ്യയായിരുന്നുന്നെന്നുറപ്പിക്കാം.

യുക്തിയും അനുഭവവും മാത്രമല്ല, ശ്രുതിയും സ്വപ്നം മിത്ഥ്യയാണെന്നു പറയുന്നു. 'ന തത്ര രഥാ ന രഥയോഗാ ന പന്ഥാനോ ഭവതി' എന്ന ബൃഹദാരണ്യകോപനിഷദ് വാക്യം സ്വപ്നത്തിന്റെ മിത്ഥ്യാത്വം പ്രസ്താവിക്കുന്നുണ്ട്. പിന്നെ ശ്രുതിയുടെ വീക്ഷണത്തിൽ അസ്ഥിരമായതും ദൃശ്യമായതും സത്യമല്ല. സ്വപ്നത്തിലെ വസ്തുക്കൾ സ്ഥിരങ്ങളല്ല. അവ ദൃശ്യങ്ങളുമാണ്. അസ്ഥിരത്വം, ദൃശ്യത്വം എന്നീ രണ്ടു ധർമ്മങ്ങൾ ജാഗ്രത് വസ്തുക്കളിലും തുല്യമായി ഉണ്ട്. അതിനാൽ ജാഗ്രത്തിന് സ്വപ്നത്തേക്കാൾ കടുകിട കൂടുതൽ യാഥാർത്ഥ്യമില്ല. ഈ സന്ദർഭത്തിൽ ഗ്രന്ഥം, ജാഗ്രത്ത് അവസ്ഥ എന്നല്ല, വ്യാവഹാരിക അവസ്ഥ എന്നാണ് പറയുന്നത്. പക്ഷേ വ്യാവഹാരിക അവസ്ഥയും ജാഗ്രദാവസ്ഥയും ഒന്നു തന്നെ. വ്യാവഹാരിക ജഗത്തിന് സ്വപ്നജഗത്തിനെ പോലെ ദൃശ്യത്വം ഉള്ളതിനാൽ അതും മിത്ഥ്യയായെടുക്കണമെന്നാണ് വേദാന്തം പറയുന്നത്. എങ്ങനെയാണ് ഒരു വസ്തുവിന്റെ ദൃശ്യത്വം അതിന്റെ മിത്ഥ്യാത്വത്തിനു തെളിവാവുന്നത്? അതിങ്ങനെയാണ്. എനിക്ക് ഒരു സംശയവും കൂടാതെ ഉണ്ട് എന്നു പറയുവാൻ സാധിക്കുന്ന സത്ത ഞാൻ തന്നെയാണ്. ഞാൻ സത്യമാണെങ്കിൽ, എന്റെ വിപരീത ധർമ്മങ്ങളുള്ള വസ്തു സത്യമല്ലെന്നുറപ്പിക്കാമല്ലോ. എന്റെ മർമ്മപ്രധാനമായ ഒരു ധർമ്മം, ഞാനൊരിക്കലും എനിക്കു തന്നെ ഗ്രഹണവിഷയമാവില്ല എന്നതാണ്. അതായത് ഞാൻ എന്നും എപ്പോളും ദ്രഷ്ടാവാണ്. ഞാൻ ദ്രഷ്ടാവും സത്യവുമാണെങ്കിൽ, ദ്രഷ്ടാവിനു വിപരീതമായ ദൃശ്യം സത്യമാവാൻ വഴിയില്ലല്ലോ. അതാണ് ദൃശ്യം സത്യമല്ലെന്നു പറയുന്നതിലെ യുക്തി. ഇങ്ങനെ സ്വപ്നജീവജഗത്തും വ്യാവഹാരികജീവജഗത്തും ഒരു പോലെ മിത്ഥ്യകളാണന്നു പറയുമ്പോൾ ഒരു കാര്യം നാം പ്രത്യേകമോർക്കണം. എല്ലാ മിത്ഥ്യക്കും അധിഷ്ഠാനമായി സത്യമുണ്ടായേ തീരൂ. സ്വർണ്ണമില്ലാതെ വളയും വെള്ളമില്ലാതെ തിരയും സങ്കല്പിക്കാനാവില്ലല്ലോ. പക്ഷേ ജീവന്റെയേയും ജഗത്തിന്റെയും കാര്യം വരുമ്പോൾ നാമതു മറന്നു പോകുന്നു. ബ്രഹ്മത്തെ സ്വീകരിക്കാതെ നാം ജഗത്തിനേയും ജീവനേയും സ്വീകരിക്കുന്നു. ഈശ്വരൻ മനുഷ്യനെയല്ല, മനുഷ്യൻ ഈശ്വരനെയാണ് സൃഷ്ടിച്ചതെന്ന പോലെയുള്ള പരമവിഡ്ഢിത്തം ലജ്ജ കൂടാതെ വലിയ കവിതയായി ചൊല്ലി നടക്കുന്നവരെ പോലും കാണാം. മായയുടെ ആവരണസാമർത്ഥ്യം എന്നല്ലാതെ എന്തു പറയാൻ !!

വ്യാവഹാരിക ജഗത്ക്കാരണമായ മായക്ക് ബ്രഹ്മമാണ് അധിഷ്ഠാനം. അതു പോലെ പ്രാതിഭാസിക ജഗത്ക്കാരണമായ നിദ്രക്ക് ചിദാഭാസനാണ് അധിഷ്ഠാനം. അതാണ് നാം നിരൂപിക്കുന്ന ശ്ലോകത്തിന്റെ ആദ്യത്തെ വരിയിലെ പ്രതിപാദ്യം. മായയെ പോലെ നിദ്രയും ആവരണവിക്ഷേപങ്ങൾക്ക് കാരണമായി ഭവിക്കുന്നു. ശ്ലോകത്തിന്റെ ഉത്താരാർദ്ധത്തിൽ, 'പൂർവേ ജീവജഗതീ' എന്നു പറയുന്നു. അതായത്, നിദ്രക്കു മുൻപുണ്ടായിരുന്ന ജാഗ്രദനുഭവങ്ങളെ കീഴ്പ്പെടുത്തിയാണ് സ്വപനം ഉണ്ടാക്കുന്നത്. സ്വപ്നസൃഷ്ടിയെ 'നൂത്നേ തു കല്പതേ' എന്നാണ് പറയുന്നത്. നൂത്നം എന്നാൽ നൂതനം. അതായത് ജാഗ്രദവസ്ഥയിലെ വിഷയങ്ങളിൽ നിന്നു വ്യത്യസ്ഥം. കല്പതേ എന്ന വാക്കും ശ്രദ്ധിക്കുക. സങ്കല്പം എന്നാണുദ്ദേശിക്കുന്നത്. സ്വപ്നലോകം സങ്കല്പമാണെങ്കിൽ അതിനു തുല്യമെന്നു സ്ഥാപിക്കപ്പെട്ട വ്യാവഹാരിക ലോകവും സങ്കല്പം തന്നെ. അതാണ് ഈ ശ്ലോകത്തിന്റെ വിവക്ഷ. ഇതുവരെ പറഞ്ഞ വ്യാവഹാരിക ജീവജഗത്തുകളുടേയും സ്വപ്ന ജീവജഗത്തുകളുടേയും തുല്യ മിഥ്യാത്വം ഒന്നു സംഗ്രഹിക്കാം.

വ്യാവഹാരിക ജീവജഗത്ത് മായാകാര്യങ്ങളാണ്, സ്വപ്നജീവജഗത്ത് നിദ്രാകാര്യങ്ങളാണ്. മായയും നിദ്രയും സമാനങ്ങളാണ്. നിദ്ര ചിദാഭാസാശ്രിതവുംമായ ബ്രഹ്മാശ്രിതവുമാണ്. നിദ്രക്കും മായക്കും ആവരണവിക്ഷേപശക്തികളുണ്ട്. ഇക്കാരണങ്ങളാൽ വ്യാവഹാരിക സത്തകളായ ജാഗ്രദ്ജീവജഗത്തു, പ്രാതിഭാസിക സത്തകളായ സ്വപ്നജീവജഗത്തിനെ പോലെ മിഥ്യ തന്നെ

'പ്രതീതി കാലേ ഏവൈതേ
സ്ഥിതത്വാത്പ്രാതി ഭാസികേ
ന ഹി സ്വപ്നപ്രബുദ്ധസ്യ
പുനഃ സ്വപ്നേ
സ്ഥിതിസ്തയോ' ( 39 )

ഏതേ = ഇവ രണ്ടും (സ്വപ്ന ജീവനും സ്വപ്നജഗത്തും)
പ്രതീതി കാലേ = കാണപ്പെടുന്ന സമയത്ത്
ഏവ = മാത്രം
സ്ഥിതത്വാത് = ഉണ്ടായിരിക്കുന്നതു കൊണ്ട്
പ്രാതിഭാസികേ = പ്രാതിഭാസികങ്ങളാണ്.
ഹി = എന്തു കൊണ്ടെന്നാൽ
സ്വപ്നപ്രബുദ്ധസ്യ = സ്വപ്നത്തിൽ നിന്നുണർന്നവന്റെ
സ്വപ്നേ = (മറ്റൊരു) സ്വപ്നത്തിൽ
തയോഃ = അവ രണ്ടും (സ്വപ്ന ജീവനും സ്വപ്നജഗത്തും)
പുനഃ സ്ഥിതി ന = വീണ്ടുമുണ്ടാവുന്നില്ല.

(പ്രതീതി കാലത്തു മാത്രം നില നിൽക്കുന്നവയായതു കൊണ്ട്, സ്വപ്നജീവനേയും സ്വപ്നജഗത്തിനേയും പ്രാതിഭാസികങ്ങളായി കണക്കാക്കുന്നു. ഒരു സ്വപ്നത്തിൽ നിന്നുണർന്നാൽ പിന്നീടൊരിക്കലും അതേ സ്വപ്നലോകത്തിലേക്കു പ്രവേശിക്കുന്നില്ല. )

സ്വപ്നത്തിന്റെ പ്രാതിഭാസിക സ്വഭാവത്തെയാണ് ഈ ശ്ലോകം വിവരിക്കുന്നത്. നാം സ്വപ്നത്തിൽ നിന്ന് ജാഗ്രദാവസ്ഥയിലേക്കുണരുമ്പോൾ, മുൻപു സ്ഥിതി ചെയ്യുന്ന ഒരു ലോകത്തിലേക്കാണല്ലോ പ്രവേശിക്കുന്നത്. എന്നാൽ സുഷുപ്തിയിൽ നിന്ന് സ്വപ്നത്തിലേക്കു കടക്കുമ്പോൾ അങ്ങനെയല്ല. നാം ഒരു മലയുടെ മുകളിൽ നിൽക്കുന്നതായി സ്വപ്നം കാണുമ്പോൾ, ആ മല നാം സ്വപ്നത്തിൽ ദർശിക്കുന്ന മാത്രയിൽ സ്വപ്നമായി ജനിച്ചതാണ്. അല്ലാതെ മുൻപു തന്നെയുണ്ടായിരുന്ന ഒരു മലയിലേക്ക് നാം ഉപകരണങ്ങളുടെ സഹായത്തോടെ കയറിപ്പറ്റിയതൊന്നുമല്ല. അതുപോലെ, സ്വപ്നത്തിൽ ഫ്രിഡ്ജ് തുറന്ന് ഒരു കപ്പ് ഐസക്രീം എടുക്കുമ്പോൾ, ആ ഐസ്ക്രീം മുൻപെപ്പോഴോ നാം വെച്ചിരുന്നതുമല്ല.

ഇനി ആ ഐസ്ക്രീം പകുതി കഴിച്ചപ്പോൾ ഒരാൾ ഉണർന്നെന്നിരിക്കട്ടെ. അയാൾക്കാ ഐസ്ക്രീമിന്റെ ബാക്കി പകുതി പിറ്റേ ദിവസം സ്വപ്നത്തിൽ പ്രവേശിച്ച് വീണ്ടും കഴിക്കാനും സാദ്ധ്യമാകില്ല. അതാണ് ഈ ശ്ലോകത്തിൽ 'സ്വപ്നപ്രബദ്ധസ്യ ന പുനഃ സ്വപ്നസ്ഥിതി' എന്നു പറഞ്ഞതിന്റെ സാരം. ഇതിൽ നിന്ന് സ്വപ്നത്തിന്റെ പ്രാതിഭാസികത മാത്രമല്ല, അവ്യവഹാരയോഗ്യതയും സ്പഷ്ടമാവുന്നു. കാണുമ്പോൾ മാത്രം ഉള്ള ഒരു വസ്തുവിനെ എങ്ങനെ വ്യവഹരിക്കും? പക്ഷേ ഇതിനോടൊപ്പം വ്യവഹാരയോഗ്യത എന്നത് സത്യത്വത്തിന്റെ തെളിവല്ല എന്നും നാമോർക്കണം. ഒരു തരത്തിൽ പറയുകയാണെങ്കിൽ വ്യവഹാരയോഗ്യത മിത്ഥ്യാത്വത്തിന്റെ തെളിവാണ്. ഒരിന്ദ്രിയത്തിനും വിഷയമാവാത്തതാണ് സത്യവസ്തു എന്നാണ് ശ്രുതി പറയുന്നത്. അതിനെയെങ്ങനെ വ്യവഹരിക്കും? വ്യാവഹാരിക സത്തയും പ്രാതിഭാസിക സത്തയും ഒരു പോലെ മിത്ഥ്യകളാണെന്നു മനസ്സിലാക്കലാണ്, ആത്മജ്ഞാനത്തിന്റെ ആദ്യപടി. അതാണ് ആചാര്യർ ഈ ശ്ലോകങ്ങളിൽ വിവരിക്കുന്നത്.

(തുടരും .....)




# MANGALYAM MATRIMONIAL

for the better half of your life....

## വരനെ ആവശ്യമുണ്ട്

Nair girl, 25/154cm, Makayiram 1/2 (Mithunam), B-Tech Computer Engineer, Mob:9497187684

Email:knpradeep500@gmail.com
Date of Birth: 3 June 2000 -5.07:00 pm
Sishta Dasa: 01- 10- 18

| | | | | | |
|---|---|---|---|---|---|
| | | മ | ര ശു കു ഗു മാ | ച ബു | ര ല ശു |
| | | ഗ്രഹനില & അംശകം | | സ | സ |
| ബു ശി ഗു | ശി | | | | |
| മ | | | ല | | |
| | | | ച | കുമാ | |

Contact Address:
MR. PRADEEP K N
Kappakkatu Puthern Pura
Memmury Pampakkuda
Ernakulam

Nair girl, 23/149cm, Uthradam 1/4 (Dhanu), MSc Applied Psychology, Just completed studies.Mob:9037316905

Email:manojkp18@hotmail.com
Date of Birth: 23 October 2001 -6.25 pm
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | ഗു | ശു ശി | | |
| | | ല മാ | മ | ഗു സ | |
| | | ഗ്രഹനില & അംശകം | | | ബു ല മ |
| കു | കു | | | | |
| ച | ച ശി | | ര | ബു ശു | മാ |
| | | സ ര | | | |

Contact Address:
MR. MANOJ KUMAR
Flat C2 Lotus Ambady Apartments,
Near Gandhisquare, Pettah,
Tripunithura

# THOTTEKKATT DIWAN'S MEMORIAL A/C HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact:

Ph: 0484 - 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com



ഓം

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**(2025 – സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 17 വരെ)**

**1201 – കന്നിമാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 📱 8848036518, 9645683491**



**(മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യപാദം) വാഹനം വാങ്ങാനും സാമ്പത്തിക പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം ലഭിക്കും'. ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് തടസ്സം നീങ്ങി കിട്ടും സെപ്റ്റംബർ 27, 28, തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ശൈവ പ്രീതികരമായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹു ഗ്രഹദോഷ നിവാരണ അർച്ചനയും നടത്തുക.



**(ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന്പാദം, രോഹിണി, മകയിരം ആദ്യപകുതി) സാഹിത്യകലാരംഗത്ത് ശോഭിക്കാനും, ആദരവ് നേടാനും കഴിയും. പുതിയ സൃഷ്ടികൾക്ക് ആരംഭം കുറിക്കും. ഭാഗ്യാനുഭവങ്ങൾ കരമ്മരംഗത്ത് പ്രതിഫലിക്കും. സെപ്റ്റംബർ 29, 30 തിയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതാണ്. ദേവി ക്ഷേത്രദർശ്ശനം നടത്തി ഗുരുതി പുഷ്പാഞ്ജലിയും നാമജപവും നടത്തുന്നത് നല്ലതാണ്.



**(മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന്പാദം) വാഹനത്തിന് വേണ്ടി പണം ചിലവഴിക്കേണ്ടിവരും. ബുദ്ധിപരമായ മികവ് പുലർത്താൻ സാധിക്കും. വിദേശവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് നേട്ടം പ്രതീക്ഷിക്കാം. ഒക്ടോബർ 2, 3 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതിഹോമവും ഗണപതി ക്ഷേത്രദർശ്ശനവും മന്ത്രജപവും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.



**(കർക്കിടകക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) വിദ്യാർത്ഥികൾക്ക് അവരുടെ കഴിവ് പ്രകടിപ്പിക്കുവാനുള്ള അവസരം സംജാതമാകും. വിദേശ പഠനത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലത പ്രതീക്ഷിക്കാം. കർമ്മരംഗത്തെ പ്രശ്നങ്ങൾ ബുദ്ധിപൂർവ്വം പരിഹരിക്കും. ഒക്ടോബർ 4, 5 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശൈവ ശാക്തേയ ക്ഷേത്രദർശ്ശനം നടത്തി പ്രാർത്ഥിക്കുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും മനസ്സമാധാനം കിട്ടാൻ ഗുണകരമാകും.



**(ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽഭാഗം) ബാദ്ധിസാമർത്ഥ്യം കൊണ്ട് ധനപരമായ വിഷയങ്ങളിലും, കുടുബത്തിലെ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയും. വിദേശയാത്രയ്ക്ക് ശ്രമിക്കുന്നവർക്ക് സാഹചര്യം അനുകൂലമാകും. ഒക്ടോബർ 6, 7 തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ശിവപാർവ്വതി ക്ഷേത്രദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും നെയ്യ് വിളക്ക് കത്തിക്കുകയും ചെയ്യുന്നത് നല്ലതാണ്.



**(കന്നിക്കൂർ:** ഉത്രം അവസാന മൂന്ന്പാദം, അത്തം, ചിത്തിര ആദ്യപകുതി) മുൻകോപം നിയന്ത്രിച്ച്, വാക്കും ധനവും ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. വിദ്യാ തടസ്സത്തിന് സാധ്യത ഉള്ളതിനാൽ വിദ്യാർത്ഥികൾ കൂടുതൽ ശ്രദ്ധയോടെ പരിശ്രമിച്ച് തടസ്സങ്ങളുടെ കാരണം പരിഹരിക്കാൻ ശ്രമിക്കണം. ഒക്ടോബർ 8, 9 ദിവസങ്ങൾ അനുകൂലമല്ല. ക്ഷേത്രത്തിൽ ഗണപതിഹോമവും. മേധാ സൂക്ത മന്ത്രാർച്ചനയും നടത്തി, ദേവീ പ്രീതികരങ്ങളായ ജപങ്ങളും നടത്തുക.



**തുലാക്കൂർ:** (ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന്പാദം.) കലാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചില പ്രതിസന്ധികൾ ഉണ്ടാവുമെങ്കിലും ഈശ്വരാനുഗ്രഹം കൊണ്ട് മികച്ചരീതിയിൽ പ്രവർത്തിക്കാൻ കഴിയും. വാഹനം വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ആഗ്രഹസാഫല്യം ഉണ്ടാകും ഒക്ടോബർ 10, 11 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഒരു ക്ഷേത്രത്തിൽ ഗണപതി ഹോമവും ഭഗവതിസേവയും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.



**(വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം, അനിഴം, തൃക്കേട്ട) വിദേശവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് കമ്മരംഗത്ത് നിന്നും ധനലാഭം പ്രതീക്ഷിക്കാം. വസ്തു വില്പനയിലൂടെയും നേട്ടം ലഭിക്കും. ഭക്ഷണത്തിൽ നിന്നും അലർജി ഉണ്ടാവാൻ സാധ്യത ഉണ്ട്. ഒക്ടോബർ 12, 13 തിയതികൾ ശുഭകരമല്ല. വൈഷ്ണവ ക്ഷേത്രദർശനവും സുദർശ്ശന മന്ത്രജപവും, യഥാശക്തി വഴിപാടുകൾ നടത്തുന്നതും ദൃഷ്ടിദോഷം, ശത്രുദോഷം എന്നിവക്ക് പരിഹാരമാകും.



**(ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം.) ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നവർക്കും വിദ്യാർത്ഥികൾക്കും കാലം അനുകൂലമായിരിക്കും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് കാര്യസാദ്ധ്യം സിദ്ധിക്കും. കർമ്മരംഗത്തെ പ്രതിസന്ധി ഭാഗ്യം കൊണ്ട് മറികടക്കും ഒക്ടോബർ 14, 15, 16 തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ഗണപതി ഹോമവും ലക്ഷ്മി പൂജയും ക്ഷേത്രത്തിൽ നടത്തുന്നതും മഹാലക്ഷ്മി സ്തുതി ജപിക്കുന്നതും സാമ്പത്തിക പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരമാകും.



**(മകരക്കൂർ:** ഉത്രാടം അവസാന മൂന്ന്പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) വീട് നവീകരിക്കുവാൻ ശ്രമിക്കുന്നവർക്ക് ആഗ്രഹം സാധിക്കും. വിവാഹ വിഷയത്തിൽ പുരോഗതി ഉണ്ടാകും. ശയനോപകരണങ്ങൾ വാങ്ങുവാനും കിടപ്പുമുറി അലങ്കരിക്കാനും പണം ചിലവഴിക്കും. സെപ്റ്റംബർ 19, 20 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശനിയാഴ്ച ദിവസങ്ങളിൽ ശാസ്താ ക്ഷേത്രദർശ്ശനവും നെയ്യ് വിളക്ക് കത്തിക്കുകയും നാമജപം നടത്തുകയും ചെയ്യുന്നത് എല്ലാ കാര്യങ്ങളിലെയും തടസ്സങ്ങൾ മാറാൻ നല്ലതാണ്.



**(കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുട്ടാതി ആദ്യ മൂന്ന്പാദം) പാണ്ഡിത്യത്തിന് അനുയോജ്യമായ അംഗീകാരം ലഭിക്കും പങ്കാളികൾ തമ്മിൽ അകന്ന് നിൽക്കാൻ ഇടവരും. സന്താനങ്ങളുടെ ക്രമം വിട്ട പ്രവൃത്തികൾ അസ്വസ്ഥത സൃഷ്ടിക്കും. സെപ്റ്റംബർ 22, 23 തീയതികൾ പ്രായേണ ഗുണം കുറയും. ശൈവ ശാക്തേയ ക്ഷേത്രദർശ്ശനം നടത്തി ദേവ പ്രീതികരങ്ങളായ വഴിപാടുകളും പ്രാർത്ഥനയും നടത്തുന്നത് കാലദോഷം കൊണ്ട് ഉണ്ടാകുന്ന രോഗങ്ങൾക്ക് ശമനം ലഭിക്കാൻ ഉപകരിക്കും..



**(മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) വിദേശവുമായി ബന്ധപ്പെട്ട ചില വിവാഹാലോചന അനുകൂലമായി തീരുവാൻ സാധ്യത ഉണ്ട്. കലാപരമായ പഠനത്തിന് താൽപര്യം വർദ്ധിക്കും. സെപ്റ്റംബർ 24, 25 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു പ്രീതിയും, സർപ്പപ്രീതിയും വരുത്തുക. ക്ഷേത്ര ദർശ്ശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും സർപ്പത്തിന് പാട്ട് നടത്തുകയും ചെയ്യുന്നത്. ദൃഷ്ടിദോഷം മാറുന്നതിനും കാര്യവിഘ്നം മാറുന്നതിനും നല്ലതാണ്.

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/172cm, Thrikketta, Chartered Accountant, Manager Audit & Income Tax in Private Sector Mob:7285883376

Email:vgv.family@outlook.com
Date of Birth: 30 Sept. 1995- 3.00 pm
Sishta Dasa: Budha 03- 8- 12

| | | | | | |
|---|---|---|---|---|---|
| | | മാ ബു ര കു | മ ശി | | |
| | | ശി | | | ല |
| | മ | ഗ്രഹനില & അംശകം | | | |
| ച | ല | | | | ശു |
| | | ച ഗു | കു സ | ര ബു മാ ശു | |
| | | സ ഗു | | | |

Contact Address:
Mr. Vikraman K. Nair
Ahmedabad, Gujarat

Nair Boy, 30/177cm, Anizham, B-Tech Civil Engineer, Engineer in Oil & Gas Mob:9995347303,7736037705

Email:harihk0510@gmail.com
Date of Birth: 5 August. 1995-3.38:00 pm
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | ബു മാ | | ല കുശി | | |
| | മ | ശി | | | |
| | | ഗ്രഹനില & അംശകം | | ര ബു മാ ശു | മ |
| | | | | | ച |
| ര | ല | ച ഗു | സ | കു | |
| | | സശു | ഗു | | |

Contact Address:
Mr. Harikrishnan. C.
Konottu House Koduvazhanga,
Neericode PO,Alangad
Aluva

Nair Boy, 29/193cm, Thrikketta, BTech, Business, Education and hospital sector in Job. Mob:9747284283

Email:amail2anju@gmail.com
Date of Birth:12 March 1996- 3:21:00 pm
Sishta Dasa:

| | | | |
|---|---|---|---|
| മ ശി | ശു | | മാ |
| ര കു ബു | ഗ്രഹനില & അംശകം | | ല |
| | | | |
| ഗു | ച | | സ |

Contact Address:
Mr. Vinod Mehta
Omkaram, Swamipady,
Elamakkara
Ernakulam

Nair Boy, 43/175cm, Pooyam BSc, CCNA, CCNP, MCITP, Kuwait Oil Company (KOC). Mob:9895374885

Email:aravindmenons@gmail.com
Date of Birth:30 April 1982 - 12:52:00 AM
Sishta Dasa: saturn 14- 5- 13

| | | | | | |
|---|---|---|---|---|---|
| | കു | സ മാ | ല | | |
| | ശു | ര | ബു | സ | |
| ബു | മാ | ഗ്രഹനില & അംശകം | | ച | ശു |
| ഗു | ല | | | | ച മ ര |
| | ശി | | ഗു | കു മ | |
| | | | ശി | | |

Contact Address:
Mr. Sadasivamenon
Puzhavoor Aiswariya,
Nanthiyattukunnam P. O,
N.Paravoor,Ernakulam 683513

Nair Boy, 28/174cm, Karthika 3/4 (Edavam) BTech, Pursuing MBA. TE Connectivity (US Based Global MNC). Mob:9946275093

Email:kmjprakash12@gmail.com
Date of Birth:3 Sept. 1996 - 10:18:00 pm
Sishta Dasa: Ravi: 2- 3- 7

| | | | | | |
|---|---|---|---|---|---|
| | | | സ | | |
| ബു | മ മാ ശി | ല | ച | | |
| ച | | ഗ്രഹനില & അംശകം | | ശു കു | ശു കു മാ |
| | | | | ര | ഗു |
| | ഗു | | | ബു സ | |
| | | ശി | മ ല | ര | |

Contact Address:
Mr. KM Jaya Prakash
Madhavam
Kottayam,686604

Nair Boy, 27/170cm, Makayiram 1/2 (Mithunam) BTech, Asst. Manager. Mob:7025642065

Email:jayarmgk1967@gmail.com
Date of Birth:30 April 1998 - 5.05:00:am
Chowadasa: 1 - 7- 10

| | | | | | |
|---|---|---|---|---|---|
| | | മ | ഗു | | |
| | ബു ശു മാ ല | ര മ കു | | ച | |
| ശി ല | ഗു ശി | ഗ്രഹനില & അംശകം | | | ശു |
| മാ | | | | സ | ര സ |
| ബു | | | | | |
| | | ച | | കു | |

Contact Address:
Mr.Jayaran. G
Muringanattuveli
sanathanapuram. P. O,
Alappuzha

## ചൈത്രം

TO LIVE & LET LIVE

മാനസിക സംഘർഷം, ഏകാന്തത, ആത്മഹത്യാപ്രേരണ തുടങ്ങിയ നിങ്ങളുടെ വിഷമങ്ങൾ പങ്കുവയ്ക്കുവാൻ ഒരു കൗൺസിലിങ്ങ് കേന്ദ്രം സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്.

കൂടുതൽ വിവരങ്ങൾക്ക് – 0484 2361161

പ്രവർത്തന സമയം ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

## ജ്യോതിഷം



എറണാകുളം കരയോഗത്തിൽ തിങ്കൾ, ബുധൻ, ശനി ദിവസങ്ങളിൽ ജ്യോതിഷാചാര്യൻ ജി.കെ. മേനോന്റെ സേവനം ലഭ്യമാണ്.

കൂടുതൽ വിവരങ്ങൾക്ക് :

8848036518, 9645683491

പ്രവർത്തന സമയം: രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ

എറണാകുളം കരയോഗത്തിന്റെ

## ആയുഷ്യം പോളിക്ലിനിക്ക്




ക്ലിനിക്കിൽ അലോപ്പതി, ഹോമിയോ, ഡോക്ടർമാരുടെ സേവനം മിതമായ നിരക്കിൽ ലഭ്യമാണ്

പ്രവർത്തനസമയം

രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ

കൂടുതൽ വിവരങ്ങൾക്ക്

7994771110 0484 – 2366160

## എറണാകുളം കരയോഗത്തിന്റെ വിവിധ ക്ലാസ്സുകൾ

വയലിൻ, കരാട്ടേ, യോഗ, ഭരതനാട്യം, സിനിമാറ്റിക് എന്നിവ നടത്തുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 0484 2361160

## എറണാകുളം കരയോഗം മാംഗല്യം

മാംഗല്യത്തിൽ രജിസ്ട്രർ ചെയ്യൂ, ഉത്തമ ജീവിത പങ്കാളിയെ കണ്ടെത്തൂ...

Web: www.karayogammangalyam.com

കൂടുതൽ വിവരങ്ങൾക്ക് – 0484 - 2361160

## പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് ആന്റ് വനിതാ ഹോസ്റ്റൽ

എറണാകുളം കരയോഗത്തിന്റെ കീഴിൽ ഒരു ഓൾഡേജ് ഹോമും വനിതാ ഹോസ്റ്റലും നടത്തി വരുന്നു.



കൂടുതൽ വിവരങ്ങൾക്ക്

9188081355 0484 – 2345061

## നല്ല കൂട്ടാൻ കട

എറണാകുളം കരയോഗത്തിന്റെ നല്ല കൂട്ടാൻ കടയിൽ നിന്നും വിവിധതരം പ്രഥമനുകൾ, ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കൂട്ടാനുകൾ, പലഹാരങ്ങൾ, അച്ചാറുകൾ എന്നിവ ലഭിക്കും.



കൂടുതൽ വിവരങ്ങൾക്ക്: 9778410765

എറണാകുളം കരയോഗത്തിന്റെ

## ആയുഷ്യം മെഡിക്കൽസ്




നിങ്ങൾക്ക് ആവശ്യമുള്ള മരുന്നുകൾ ഓർഡർ ചെയ്യൂ... മരുന്നുകൾ വീട്ടിൽ എത്തിക്കുന്നതാണ്.

Ph: 9446488833, 0484-2361160 (Extn.127)

ഹോം സർവ്വീസിന് വിളിക്കൂ.....

ഇംഗ്ലീഷ് മരുന്നുകൾക്ക് 5 മുതൽ 15 ശതമാനം വരെ ഡിസ്കൗണ്ട്

DATE OF PUBLICATION: 10-09-2025

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 | SEPTEMBER - 2025 | Issue No. 09










*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.